പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 61 ലക്കം 4 ജൂലൈ 2021

## കേരള മോഡലിലെ പുതിയൊരേട്

# അതിദാരിദ്ര്യ നിർമ്മാർജ്ജനം

എം.വി. ഗോവിന്ദൻ മാസ്റ്റർ

സ്ത്രീപക്ഷകേരളം
പ്രാദേശിക ഇടപെടൽ
സാദ്ധ്യതകൾ

വറ്റാത്ത ഉറവയായി
ജലസമൃദ്ധി–സഫലമീയാത്ര

ജില്ലാ ആസൂത്രണ
സമിതികളും
വികസന കാഴ്ചപ്പാടുകളും




'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ജൂലായ് 2021

# അകത്ത്







അതിദാരിദ്ര്യ നിർമ്മാർജ്ജനം
കേരള മോഡലിലെ പുതിയൊരേട്
എം.വി. ഗോവിന്ദൻ മാസ്റ്റർ 5

സ്ത്രീപക്ഷകേരളം
പ്രാദേശിക ഇടപെടൽ സാധ്യതകൾ
ഡോ. ടി. ഗീനാകുമാരി 8

വറ്റാത്ത ഉറവയായി
ജലസമൃദ്ധി – സഫലമീയാത്ര
ജനകീയ ജലസംരക്ഷണ രംഗത്തെ മാതൃക
എ. നിസാമുദ്ദീൻ 12

ജില്ലാ ആസൂത്രണസമിതികളും
വികസന കാഴ്ചപ്പാടുകളും
ഹുസൈൻ എം. മിന്നത്ത് 18

നമുക്കുവേണം ക്ഷേമകേരളം
ആനന്ദഗ്രാമങ്ങളും
ഡോ. വി. സുഭാഷ് ചന്ദ്രബോസ് 22

സാമൂഹ്യവികസനവും
ശാക്തീകരണവും
പ്രതിസന്ധികളും വെല്ലുവിളികളും
അവസരങ്ങളാക്കി കുടുംബശ്രീ– 2
ആശ എസ്. പണിക്കർ 25

തദ്ദേശസ്വയംഭരണ ലൈബ്രറികൾ
തീർത്ത വായന പക്ഷാചരണ മാതൃക
ബിനോയ് മാത്യു 31

തീരദേശ സംരക്ഷണത്തിൽ
പ്രാദേശിക സർക്കാരുകളുടെ പങ്ക്
ഡോ. ജോമോൻ മാത്യു 35

## പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34
എന്റെ മലയാളം 38
ഊരും പേരും –13 40
അരങ്ങൊഴിഞ്ഞ വീട്ടുനന്മകൾ 41
എന്ന് വായനക്കാർ 42

ജൂലായ് 2021
പുസ്തകം 61 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത്കുമാർ
പഞ്ചായത്ത് ഡയറക്ടർ (അധിക ചുമതല)

എഡിറ്റർ
എം.പി. അജിത്കുമാർ
Email: directorofpanchayat@gmail.com
**ഫോൺ:** 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
**ഫോൺ:** 0471 2786303
**മൊബൈൽ:** 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാകണം

ഗ്രാമപഞ്ചായത്ത് ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാകണം. പൗരന് യഥാസമയം സേവനം നൽകുക എന്നതിനൊപ്പം തന്നെ പ്രാധാന്യമുള്ളതാണ് അവരോടുള്ള പെരുമാറ്റവും. ഒരു സേവനത്തിനായി ഓഫീസിൽ എത്തുന്നവരോടുള്ള മാന്യമായ പെരുമാറ്റം അവർക്ക് സർക്കാർ ഓഫീസുകളോടും ഉദ്യോഗസ്ഥരോടുമുള്ള മതിപ്പ് വർദ്ധിപ്പിക്കും. മാത്രവുമല്ല പഞ്ചായത്തുകളിൽ എത്തുന്ന പൗരന്മാരിൽ ഭൂരിഭാഗവും സമൂഹത്തിൽ ഏറ്റവും താഴെത്തട്ടിലുള്ളവരും നിരാലംബരും അഗതികളുമാണെന്ന് പ്രത്യേകം ഓർമ്മിക്കണം. നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും വ്യാഖ്യാനിക്കപ്പെടുന്നത് ഒരു സേവനം ഏറ്റവും വേഗത്തിൽ എങ്ങനെ നൽകാൻ കഴിയുമെന്ന തരത്തിലാവണം. അപ്രകാരമല്ലാതെ വ്യാഖ്യാനിക്കപ്പെടുന്നത് ആവശ്യങ്ങൾക്കായി എത്തുന്ന സാധാരണക്കാരന് കൂടുതൽ തവണ ഓഫീസിൽ കയറിയിറങ്ങേണ്ട സാഹചര്യം സൃഷ്ടിക്കും.

സമ്പൂർണ്ണ വ്യവസായസൗഹൃദ സംസ്ഥാനമായി മാറുകയാണ് കേരളം. സർക്കാർ ഇതിനായി നിയമങ്ങളിലും ചട്ടങ്ങളിലും വലിയ ഇളവുകൾ നൽകി വരുന്നു. ഈ നയത്തിനനുസരിച്ച് ഗ്രാമപഞ്ചായത്തുകളും മാറണം. വാണിജ്യ-വ്യവസായ സ്ഥാപനങ്ങളുടെയും മറ്റും ലൈസൻസിനായി സമീപിക്കുന്ന സംരംഭകന് അത് വളരെ വേഗം നൽകുന്നതിന് കഴിയണം. അനാവശ്യ നൂലാമാലകളുടെ കുരുക്കിൽ സംരംഭകരുടെ മനസ്സ് മടുപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ അപ്പോൾ തന്നെ പരിശോധിച്ച് കുറവുകൾ ശ്രദ്ധയിൽപ്പെട്ടാൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശം നൽകുന്നതിന് കഴിയുന്നതരത്തിൽ ജീവനക്കാർ മാറണം. ഏതെങ്കിലും രേഖകളുടെയോ മറ്റോ അഭാവം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ രേഖാമൂലം അപേക്ഷകന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഫ്രണ്ട് ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം. പൗരന് ഏറ്റവും വേഗത്തിൽ സേവനം ലഭിക്കുന്നതിന് നിയമങ്ങളിലും ചട്ടങ്ങളിലും സർക്കാർ നൽകിയിട്ടുള്ള ഇളവുകൾ ജനങ്ങൾക്ക് അനുഭവവേദ്യമാകുന്നത് ഏറ്റവും താഴെത്തട്ടിലുള്ള ഓഫീസുകളുടെ പ്രവർത്തനത്തിലൂടെയാണെന്ന ബോധം എല്ലാവരുടെയും മനസ്സിൽ ഉണ്ടാവണം. ടെലഫോൺ മുഖേനയുള്ള അന്വേഷണങ്ങൾക്ക് വിനയാന്വിതനായി വ്യക്തമായ മറുപടി നൽകുന്നതിന് ഉദ്യോഗസ്ഥർ ശ്രദ്ധിക്കണം. ടെലഫോൺ കോളുകൾ എടുക്കാതിരിക്കുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകാതിരിക്കാനും ശ്രദ്ധിക്കണം.

അന്താരാഷ്ട്ര നിലവാരത്തിൽ സേവനം നൽകുന്നതിന് പര്യാപ്തമായ തരത്തിൽ മുഴുവൻ ഓഫീസുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയ വകുപ്പാണ് നമ്മുടേത്. ഈ നിലവാരം നാം കാത്തുസൂക്ഷിക്കണം. ഓഫീസിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൗരന്മാരോടുള്ള പെരുമാറ്റത്തിൽ ഈ നിലവാരം പ്രതിഫലിക്കുകയും വേണം. അത്തരത്തിലുള്ള ഒരു തൊഴിൽസംസ്കാരത്തിലേക്ക് പൂർണ്ണമായി മാറുന്നതിന് നമുക്ക് കൂട്ടായി യത്നിക്കാം.

**എം.പി. അജിത്കുമാർ**
പഞ്ചായത്ത് ഡയറക്ടർ i/c

**"കഷ്ടപ്പാടുകളും ദുരന്തങ്ങളുമുണ്ടാകുമ്പോൾ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നയാളാണ് യഥാർത്ഥ നേതാവ്"**
**എ.പി.ജെ. അബ്ദുൾ കലാം**



നിലവിലുള്ള ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും ജനകീയപങ്കാളിത്തത്തോടെ കണ്ടെത്തുന്ന, പല കാരണങ്ങളാൽ കാണാമറയത്ത് നിൽക്കുന്ന പരമദരിദ്രരായ കുടുംബങ്ങളെയും ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വെയിലൂടെ കണ്ടെത്തും. ആ മുൻഗണനാ ലിസ്റ്റിൽ അർഹതയുള്ളവർ മാത്രമേയുള്ളൂ എന്ന് സർക്കാർ ഉറപ്പുവരുത്തും.

# അതിദാരിദ്ര്യ നിർമ്മാർജ്ജനം കേരള മോഡലിലെ പുതിയൊരേട്

**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി

ലോകമാകെ അംഗീകരിക്കുന്ന കേരള മാതൃകയിലേക്ക് ഒരു അധ്യായം കൂടി രചിക്കപ്പെടുകയാണ്. സംസ്ഥാനത്ത് അതിദാരിദ്ര്യത്തിന്റെ കെടുതിയിൽപ്പെട്ടുഴറുന്നവരെ കണ്ടെത്തി മുഖ്യധാരയിലേക്ക് ഉയർത്തുന്ന യജ്ഞം രാജ്യത്തിന് പുതുമയുള്ള മുന്നേറ്റമാവും. നിയമസഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന വേളയിൽ ഇടതുപക്ഷം ജനങ്ങളോട് പറഞ്ഞ വാഗ്ദാനങ്ങളിൽ പ്രധാനപ്പെട്ട ഇനമാണ് ദാരിദ്ര്യ നിർമ്മാർജ്ജനം. കേരളത്തിലെ പരമദരിദ്രരായ കുടുംബങ്ങളുടെ എണ്ണം നാല്, അഞ്ച് ലക്ഷത്തിലധികം വരില്ല. അവരെ കണ്ടെത്താൻ വിപുലമായ സർവ്വെ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി എല്ലാ കാലത്തും പ്രാദേശിക സർക്കാരുകൾ പ്രവർത്തിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ ഉണ്ടാക്കിയ മുന്നേറ്റം ദാരിദ്ര്യത്തിന്റെ രൂക്ഷത കുറയ്ക്കാൻ സഹായകമായി.






തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് വേണ്ടി നടത്തിയ ശ്രമങ്ങൾ ഏകോപിപ്പിച്ച് ആരംഭിച്ച ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ തുടർച്ചയായാണ് 1998-ൽ പാവങ്ങളുടെ സ്വയം സഹായത്തിന് ഊന്നൽ നൽകി കുടുംബശ്രീ ആരംഭിച്ചത്. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആശ്രയ എന്ന പദ്ധതി കുടുംബശ്രീ ആവിഷ്കരിച്ചു. ഇത്തരത്തിലുള്ള പദ്ധതികളിലെല്ലാം പരമദരിദ്രരെ കണ്ടെത്തുവാൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചു. ഒമ്പത് മാനദണ്ഡങ്ങളിൽ ഏഴെണ്ണമെങ്കിലും ഉള്ളവർക്ക് മാത്രമേ ഈ പദ്ധതി മുഖേന ആശ്വാസം ലഭിക്കുമായിരുന്നുള്ളു. ഇത്തരം മാനദണ്ഡങ്ങൾ നിമിത്തം അതിദാരിദ്ര്യമനുഭവിക്കുന്ന പലരും പുറന്തള്ളപ്പെട്ടു. പല പരിമിതികളും ഇത്തരം പദ്ധതികൾക്കുണ്ടായിരുന്നു. അതിനെയൊക്കെ അതിജീവിച്ച് മുൻപ് നടത്തിയ പദ്ധതികളിൽ ഉൾപ്പെടാതെ പോയ അതിദരിദ്രരെ കണ്ടെത്താനാണ് സർക്കാർ ഇപ്പോൾ ശ്രമിക്കുന്നത്.

നിലവിലുള്ള ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരേയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കുടുംബശ്രീയും ജനകീയ പങ്കാളിത്തത്തോടെ കണ്ടെത്തുന്ന പല കാരണങ്ങളാൽ കാണാമറയത്ത് നിൽക്കുന്ന പരമദരിദ്രരായ കുടുംബങ്ങളെയും ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വെയിലൂടെ കണ്ടെത്തും. ആ മുൻഗണനാ ലിസ്റ്റിൽ അർഹതയുള്ളവർ മാത്രമേയുള്ളൂ എന്ന് സർക്കാർ ഉറപ്പുവരുത്തും. തീർത്തും യാന്ത്രികമായ ഒരു തിരഞ്ഞെടുപ്പാവില്ല അത്. ബഹുജനങ്ങളും സർക്കാർ സംവിധാനങ്ങളും കൈകോർക്കുമ്പോൾ ഹൃദയപൂർവ്വമായ ഒരു വിലയിരുത്തലും ജനപക്ഷത്തുനിന്നു കൊണ്ടുള്ള പരിഹാരക്രിയകളും ആണ് ഉണ്ടാവുക. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, അതിജീവനത്തിനുള്ള വരുമാനം തുടങ്ങിയ ഘടകങ്ങളിലൂന്നിയുള്ള മാനദണ്ഡങ്ങളിലൂടെയാവും അതിദരിദ്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ തിട്ടപ്പെടുത്തുക. അറുപത് വയസ്സുകഴിഞ്ഞ വയോധികരുള്ള കുടുംബങ്ങൾ, ഒരു വരുമാനവും ഇല്ലാത്തവർ, ഗുരുതരമായ രോഗങ്ങൾ പിടിപെട്ട കിടപ്പുരോഗികളുള്ള കുടുംബങ്ങൾ, അനാഥരായ കുട്ടികളുള്ള കുടുംബങ്ങൾ, ഭിന്നശേഷി വ്യക്തിത്വങ്ങളുള്ള പ്രത്യേക വരുമാനമില്ലാത്ത കുടുംബങ്ങൾ, കേരളത്തിൽ സ്ഥിരതാമസമാക്കിയ പ്രത്യേക വരുമാനമില്ലാത്ത അതിഥി തൊഴിലാളി കുടുംബങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള ദാരിദ്ര്യത്താൽ വിഷമിക്കുന്ന

**പരമ ദാരിദ്ര്യാവസ്ഥയിലുള്ള കുടുംബങ്ങളെ ഓരോന്നായെടുത്ത് അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസിലാക്കി അവ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലാണ് സർക്കാർ നടത്തുക. അതിനായി വരുന്ന ചെലവും എന്തൊക്കെയാണ് ആവശ്യങ്ങളെന്നുള്ളതും സംബന്ധിച്ച് വിശദമായ സൂക്ഷ്മതലത്തിലുള്ള ആസൂത്രണരേഖ തയ്യാറാക്കും.**

# അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലൂടെ ദരിദ്രരെ മുഖ്യധാരയിലേക്കുയർത്തും : എം.വി. ഗോവിന്ദൻ മാസ്റ്റർ

സംസ്ഥാനത്തെ അതിദാരിദ്ര്യത്തിൽ ഉഴറുന്ന കുടുംബങ്ങളെ കണ്ടെത്താൻ സംഘടിപ്പിക്കുന്ന വിപുലമായ സർവേ നാലരമാസം കൊണ്ട് പൂർത്തിയാക്കി പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുമെന്ന് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കേരളത്തിൽ നിലവിലുള്ള അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താനും അവരെ മുഖ്യധാരയിലേക്ക് ഉയർത്താനുമുള്ള അതിദാരിദ്ര്യ നിവാരണ യജ്ഞത്തിന് വേണ്ടിയുള്ള മാർഗരേഖ മന്ത്രിസഭ അംഗീകരിച്ച സാഹചര്യത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും നോഡൽ ഓഫീസറെ നിയോഗിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

അതിദാരിദ്ര്യത്തിലുഴറുന്നവരെ കണ്ടെത്താനുള്ള മൈക്രോപ്ലാൻ സർക്കാർ തയാറാക്കി കഴിഞ്ഞു. പൈലറ്റ് സർവേ നടത്തി പിഴവുകൾ പരിഹരിച്ചാണ് വിപുലമായ സർവേയിലേക്ക് സർക്കാർ പോവുക. പങ്കാളിത്തരീതിയിൽ ഉപഭോക്താക്കളെ കണ്ടെത്തും. സംസ്ഥാനതലത്തിൽ സർവേ എകോപിപ്പിക്കാനും പദ്ധതി ക്ഷമത മോണിറ്റർ ചെയ്യുന്നതിനും നോഡൽ ഓഫീസർ നേതൃത്വം നൽകുന്ന സമിതി ഉണ്ടാവും. തദ്ദേശ സ്ഥാപനങ്ങളിലും ഓരോ വാർഡുതലത്തിലും ഏകോപനസമിതികൾ ഉണ്ടാവും. സർവേയുടെ നടത്തിപ്പിന് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റവും മൊബൈൽ ആപ്പും ഉപയോഗിക്കും. ഓരോ പ്രദേശത്തെയും അതിദാരിദ്ര്യ വിഭാഗത്തിലുള്ളവരെ അതാത് ഗ്രാമ, വാർഡ് സഭകൾ അംഗീകരിച്ച ശേഷമാണ് അടുത്ത ഘട്ടത്തിലേക്ക് കടക്കുകയെന്ന് മന്ത്രി വിശദീകരിച്ചു.

ജനപങ്കാളിത്തത്തോടെ തയ്യാറാക്കുന്ന മുൻഗണനാലിസ്റ്റിൽ അർഹതയുള്ളവർ മാത്രമേയുള്ളൂവെന്ന് സർക്കാർ ഉറപ്പുവരുത്തും. വിശാലമായ തലത്തിൽ കുടുംബങ്ങളെയും ജീവിതങ്ങളെയും പരിഗണിച്ചാവും ഉപഭോക്തൃലിസ്റ്റും പരിഹാര പ്രക്രിയകളും ഉണ്ടാവുക. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, ആരോഗ്യം, അതിജീവനത്തിനുള്ള വരുമാനം തുടങ്ങിയ ഘടകങ്ങളിലൂന്നിയുള്ള മാനദണ്ഡങ്ങളിലൂടെയാവും കുടുംബങ്ങളെ തിട്ടപ്പെടുത്തുക. അറുപത് വയസുകഴിഞ്ഞ വയോധികരുള്ള കുടുംബങ്ങൾ, ഒരു വരുമാനവും ഇല്ലാത്തവർ, ഗുരുതരമായ രോഗങ്ങൾ പിടിപെട്ട കിടപ്പുരോഗികളുള്ള കുടുംബങ്ങൾ, അനാഥരായ കുട്ടികളുള്ള കുടുംബങ്ങൾ, ഭിന്നശേഷി വ്യക്തിത്വങ്ങളുള്ള പ്രത്യേക വരുമാനമില്ലാത്ത കുടുംബങ്ങൾ, കേരളത്തിൽ സ്ഥിരതാമസമാക്കിയ വരുമാനമില്ലാത്ത അതിഥി തൊഴിലാളി കുടുംബങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള, ദാരിദ്ര്യത്താൽ വിഷമിക്കുന്നവരെ കണ്ടെത്തി അവരുടെ ജീവിതത്തെ കരുത്തുറ്റതാക്കി മാറ്റാൻ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലൂടെ സാധിക്കും. പട്ടികജാതി-പട്ടികവർഗ, മത്സ്യ തൊഴിലാളി, നഗര പ്രദേശങ്ങളിലെ ദരിദ്രർ എന്നിവർക്ക് പ്രത്യേക പരിഗണന സർവേയിലുണ്ടാവുമെന്നും മന്ത്രി വ്യക്തമാക്കി.

പരമദാരിദ്ര്യാവസ്ഥയിലുള്ള കുടുംബങ്ങളുടെ പ്രശ്നങ്ങളും ആവശ്യകതകളും മനസ്സിലാക്കുന്നതോടൊപ്പം അവ പരിഹരിക്കുന്നതിനുവേണ്ട ഇടപെടലുകളും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാവും. ആവശ്യങ്ങൾ എന്തൊക്കെയെന്നുള്ളതും അതിനുള്ള ചെലവും സംബന്ധിച്ച് വിശദമായ സൂക്ഷ്മതല ആസൂത്രണരേഖ തയ്യാറാക്കും. യാഥാർത്ഥ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിനായി ദാരിദ്ര്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിലവിലുള്ള സ്കീമുകളും പുതുതായി ആവശ്യമുള്ള സ്കീമുകളും സംയോജിപ്പിക്കുമെന്നും മന്ത്രി കൂട്ടിചേർത്തു.

ജോലി ചെയ്യാനും വരുമാനം ആർജ്ജിക്കാനും കഴിയാത്ത അവസ്ഥയിലുള്ള കുടുംബങ്ങൾക്ക് മാസംതോറും സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും രൂപീകരിക്കേണ്ടി വരും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കും. അഞ്ചുവർഷം കൊണ്ട് ഈ വിഭാഗത്തെ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും പൂർണ്ണമായി മോചിപ്പിക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളും. ഇത് ജനപക്ഷബദൽ വികസനത്തിന്റെ മറ്റൊരു മുന്നേറ്റമാണെന്ന് ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

വരെ കണ്ടെത്തി അവരുടെ ജീവിതത്തെ കരുത്തുറ്റതാക്കി മാറ്റാൻ സംസ്ഥാന സർക്കാർ നടപടികൾ കൈക്കൊള്ളും.

പരമദാരിദ്ര്യാവസ്ഥയിലുള്ള കുടുംബങ്ങളെ ഓരോന്നായെടുത്ത് അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസിലാക്കി അവ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലാണ് സർക്കാർ നടത്തുക. അതിനായി വരുന്ന ചെലവും എന്തൊക്കെയാണ് ആവശ്യങ്ങളെന്നുള്ളതും സംബന്ധിച്ച് വിശദമായ സൂക്ഷ്മതലത്തിലുള്ള ആസൂത്രണരേഖ തയ്യാറാക്കും. ദാരിദ്ര്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിലവിലുള്ള സ്കീമുകളും പുതുതായി ആവശ്യമുള്ള സ്കീമുകളുമൊക്കെ സംയോജിപ്പിച്ചുകൊണ്ട് യഥാർത്ഥ ലക്ഷ്യത്തിലേക്ക് കുതിക്കും.

നമ്മുടെ ചുറ്റുപാടിലുള്ള ചില കുടുംബങ്ങൾക്ക് ജോലി ചെയ്യാനും വരുമാനം ആർജ്ജിക്കാനും സാധിക്കാത്ത അവസ്ഥയുണ്ടാവും. അത്തരത്തിലുള്ളവർക്ക് മാസം തോറും സഹായം ലഭ്യമാക്കേണ്ടി വരും. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെല്ലാം സർക്കാർ ഉറപ്പുവരുത്തും. അഞ്ചുവർഷം കൊണ്ട് ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും ഇവരെ പൂർണ്ണമായി മോചിപ്പിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ഇത് ജനപക്ഷ വികസനത്തിന്റെ മറ്റൊരു കേരളപർവ്വമാണ്. മുതലാളിത്ത വികസനമല്ല, ഇടതുപക്ഷ ബദൽ വികസനത്തിലാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. ജനങ്ങൾക്ക് വേണ്ടിയുള്ള, പാവപ്പെട്ട ജനവിഭാഗത്തിന് കരുതലേകുന്ന ഇടപെടലുകളിലൂടെ സമഗ്രവും സുസ്ഥിരവുമായ വികസന പന്ഥാവുകൾ കേരളം സൃഷ്ടിക്കും. □



# സ്ത്രീപക്ഷകേരളം

## പ്രാദേശിക ഇടപെടൽ സാധ്യതകൾ

■ ഡോ. ടി. ഗീനാകുമാരി

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായാണ് പഠനങ്ങളും റിപ്പോർട്ടുകളുമെല്ലാം വ്യക്തമാക്കുന്നത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ 2019-ലെ കണക്കുപ്രകാരം ഇന്ത്യയിൽ ഓരോ മണിക്കൂറിലും ഒരു സ്ത്രീ വീതം സ്ത്രീധനപീഡനത്തെ തുടർന്ന് മരിക്കുന്നു. ഓരോ നാലുമിനിറ്റിലും ഒരു സ്ത്രീ എന്നകണക്കിൽ ഭർത്താവിൽ നിന്നോ ബന്ധുക്കളിൽ നിന്നോ ശാരീരികവും മാനസികവുമായ പീഡനത്തിനിരയാകുന്നു. ഗാർഹിക ഇടങ്ങളിൽ മാത്രമല്ല ഇത് സംഭവിക്കുന്നത് തൊഴിലിടങ്ങളും പൊതുസംവിധാനങ്ങളും സുരക്ഷിത ഇടങ്ങളായി മാറിയിട്ടില്ല. ഇവയെ ഒറ്റപ്പെട്ട സംഭവങ്ങളായി വിലയിരുത്തുന്നത് സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഗുണം ചെയ്യില്ല. സ്ത്രീപുരുഷ തുല്യതയിൽ അടിസ്ഥാനപ്പെടുത്തിയ സാമൂഹ്യ മാറ്റത്തിലൂടെ മാത്രമേ പ്രശ്നത്തെ അതിജീവിക്കാനാവൂ. മുതലാളിത്ത സമൂഹത്തിൽ എന്തും കച്ചവടമാകുമ്പോൾ വിവാഹവും മറിച്ചാവുന്നില്ല. കേവലം പണ്ടങ്ങളുടെയും സ്വത്തിന്റെയും വിനിമയം മാത്രമല്ല സ്ത്രീജീവിതം തന്നെ വില്പനചരക്കാവുകയാണ്. അതിന് അനുകൂലമായ മാട്രിമോണിയൽ പരസ്യങ്ങളും ഇതര പരസ്യങ്ങളും എതിർക്കപ്പെടുന്നില്ല. കമ്പോളത്തിന്റെ മൂല്യബോധമായ ലാഭവും നഷ്ടവും ജീവിതത്തിലേക്ക് കൂടി പകരുന്ന തരത്തിലേക്ക് കമ്പോളാധിഷ്ഠിത സാംസ്കാരിക അധിനിവേശം സംഭവിച്ചിരിക്കുന്നു.

നിലവിലുള്ള സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി മുതലാളിത്തത്തിന്റേ തെന്ന പോലെ പുരുഷാധിപത്യത്തിന്റേ തുകൂടിയാണ്. എല്ലാത്തരം വിനിമയങ്ങളും ജീവിതചര്യയും പുരുഷാധിപത്യ താൽപര്യങ്ങളെ സംരക്ഷിക്കുന്നവയായി മാറുമ്പോൾ അതിനെ അരക്കിട്ടുറപ്പിക്കുന്ന സദാചാരസങ്കല്പങ്ങൾ പൊതുബോധ്യമായി മാറി. അതിന് സഹായകരമായ നിലപാടുക

ളാണ് ന്യൂനപക്ഷ-ഭൂരിപക്ഷ വർഗ്ഗീയതയും കൈക്കൊള്ളുന്നത്. ഈ പുരുഷാധിപത്യ സദാചാരസങ്കല്പങ്ങളെ ചോദ്യം ചെയ്യുന്നതും ലംഘിക്കുന്നതും അക്ഷന്തവ്യമായ അപരാധമായി പുരോഗമനകാംക്ഷികൾ പോലും സ്വാംശീകരിക്കുന്ന സാഹചര്യത്തിൽ വ്യവസ്ഥിതിതന്നെ രോഗാതുരമായിരിക്കുന്നു. ഹിംസാത്മകമായ പ്രവൃത്തികളെ സഹിച്ചുകൊണ്ടുപോലും ദാമ്പത്യബന്ധം നിലനിർത്തേണ്ടത് സ്ത്രീകളുടെ ബാദ്ധ്യതയായി മാറിയിരിക്കുന്നു. ദാമ്പത്യത്തെ മഹാകാര്യമായി കെട്ടിപ്പൊക്കുന്ന തരത്തിലേക്ക് നമ്മുടെ സദാചാരസങ്കല്പം മാറിയിരിക്കുന്നു. ഇത് മറികടക്കുന്നതിനായി ഉപജീവനത്തിനും അതിജീവനത്തിനും പ്രാമുഖ്യം നൽകുന്ന ജീവിതക്രമം ഉണ്ടാവുകയും സ്വയം നിർണയാവകാശമുള്ളവരാക്കി പെൺകുട്ടികളെ മാറ്റുകയും വേണം.

സ്ത്രീധനത്തെയും സ്ത്രീധനത്തിനുവേണ്ടി പീഡിപ്പിക്കുന്നതിനെയും തടയുന്നതിനുള്ള നിയമം ഇന്ന് നിലവിലുണ്ട്. 1961-ൽ പാസ്സാക്കപ്പെട്ട സ്ത്രീധനനിരോധനനിയമത്തെപ്പറ്റി സമൂഹത്തിൽ അവബോധം സൃഷ്ടിക്കാനോ കർശനമായി നിയമം നടപ്പിലാക്കുന്നതിനോ കഴിയുന്നില്ല. പോക്കറ്റ് മണി, ഗിഫ്റ്റ് തുടങ്ങിയ ഓമനപ്പേരുകളിലും സ്ത്രീധനം എന്ന പേരിലും വൻതുകയും സ്വർണ്ണവും സ്ഥാവര ജംഗമ സ്വത്തുകളും ഇന്നും കൈമാറ്റം ചെയ്യപ്പെടുന്നു. വ്യത്യസ്ത മതവിഭാഗങ്ങളുടെ ഇടയിൽ നിലനിന്നുപോരുന്ന നാട്ടുനടപ്പുകളായി ഇവ പലതും മാറിയെന്ന് മാത്രമല്ല പുതിയ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായും വിവാഹ കമ്പോളം തടിച്ചു കൊഴുക്കുന്നു. സ്ത്രീവിമോചനത്തെക്കുറിച്ച് ആശങ്കപ്പെടുന്നവർപോലും ഈ ആചാരാനുഷ്ഠാനങ്ങളിൽ തെറ്റൊന്നും കാണുന്നില്ലേയെന്ന് പോലും സംശയമുളവാക്കുന്നതാണ് നിലവിലെ സാഹചര്യം.

സ്ത്രീധനം എന്നാണ് പേരെങ്കിലും നൽകി കഴിഞ്ഞാൽ അതിന്റെ കാര്യകർത്താവ് പുരുഷനാവുകയും 'പുരുഷന്റെ ധനമായി' മാറുകയും ചെയ്യുന്നതാണ് സമൂഹത്തിൽ പ്രബലമായ രീതി. വിവാഹത്തോടനുബന്ധിച്ച് കൈമാറ്റം ചെയ്യപ്പെടുന്ന സ്വത്തുവകകൾ സ്ത്രീയുടെ സംരക്ഷണത്തിന് (benefit) ആയിരിക്കണമെന്നും മൂന്നുമാസത്തിനകം അവൾക്ക് കൈമാറേണ്ടതാണെന്നും അല്ലാത്തപക്ഷം കുറ്റകരമാണെന്നും നിയമം അനുശാസിക്കുന്നു. ഒരു സ്ത്രീ വിവാഹിതയായി ഏഴ് വർഷത്തിനുള്ളിൽ അസ്വാഭാവിക മരണം സംഭവിച്ചാൽ അവളുടെ



സ്വത്ത് കുട്ടികൾക്കും കുട്ടികളില്ലെങ്കിൽ അവളുടെ മാതാപിതാക്കൾക്കും അവകാശപ്പെട്ടതാണ്. ഇന്ത്യൻശിക്ഷാനിയമം 498 A വകുപ്പ് പ്രകാരം ഒരു സ്ത്രീയെ ഭർത്താവോ ബന്ധുക്കളോ മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നത് മൂന്ന് വർഷം വരെ തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്. അത്തരം പീഡനങ്ങളുണ്ടായാൽ പരാതി നൽകുന്നതിലൂടെ തുടർന്ന് ജീവൻതന്നെ നഷ്ടപ്പെടുന്ന നിലയിലേക്ക് പെൺകുട്ടികൾക്ക് എത്തിച്ചേരേണ്ട സാഹചര്യം വരില്ല. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമവും, നിർഭയവും അതിക്രമരഹിതവുമായ ജീവിതം ഉറപ്പാക്കാൻ കഴിയുന്ന വകുപ്പുകൾ ഉൾച്ചേർത്തതാണ്. പരിമിതമായ ഇത്തരം നിയമങ്ങൾപോലും ഫലപ്രദമായി സ്ത്രീസുരക്ഷക്ക് വേണ്ടി ഉപയോഗിക്കാനാവില്ലെന്ന സ്ഥിതിയും വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്ക് കാരണമാണ്.

ഇന്ത്യൻ വ്യക്തിനിയമങ്ങൾ മതാധിഷ്ഠിതമായി തുടരുന്നിടത്തോളം കാലം അതിൽ ഉൾച്ചേർത്തിരിക്കുന്ന ആൺകോയ്മയും അധികാരവ്യവസ്ഥയും സ്ത്രീയുടെ ദുർബലാവസ്ഥയും പരിഹരിക്കപ്പെടുകയില്ല. ക്രമസമാധാനം നടപ്പാക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ അന്തരീക്ഷവും പാടെ മാറേണ്ടതുണ്ട്. സ്ത്രീക്ക് നിർഭയമായി കടന്നു ചെല്ലാവുന്ന ഇടങ്ങളായി പോലീസ് സ്റ്റേഷനുകൾ മാറണം.

ബോധപൂർവ്വമായ രാഷ്ട്രീയ ഇടപെടലിന്റെയും പോരാട്ടങ്ങളുടെയും ഫലമായുണ്ടായ നിയമങ്ങളും ആനുകൂല്യങ്ങളും പോലും നടപ്പാക്കപ്പെടുന്നത് പുരുഷാധിപത്യ മൂല്യങ്ങൾക്ക് കോട്ടം തട്ടരുത് എന്ന ഉറപ്പോടെയാണ്. അതിന്റെ ഫലമായി ലിംഗഭേദമില്ലാത്ത സമത്വം വിഭാവനം ചെയ്യുന്ന ഭരണഘടനയും തുടർന്നുണ്ടായ സംരക്ഷണ നിയമങ്ങളും സദാചാര സംരക്ഷണങ്ങൾക്കകത്തു നിന്നു മാത്രം പ്രയോഗിക്കപ്പെടുന്നു. സ്ത്രീയുടെ സ്വ

**സ്ത്രീയോടുള്ള മനോഭാവം മാറണം. സദാചാര സങ്കൽപ്പങ്ങൾ മാറണം. സ്ത്രീപുരുഷ തുല്യത കുടുംബങ്ങളിൽ പിറവിയെടുക്കണം. സ്ത്രീവിരുദ്ധത തിരിച്ചറിയാനും പ്രതിരോധിക്കാനും നമ്മുടെ സമൂഹത്തെ പ്രാപ്തമാക്കണം. അതിനുള്ള അവബോധ പ്രവർത്തനങ്ങളും ഇടപെടലുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവണം നടക്കേണ്ടത്. ജാഗ്രതാസമിതികൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകും.**

സ്ഥമായ ജീവിതത്തിനോ വിദ്യാഭ്യാസ-ആരോഗ്യ സ്വയംനിർണയാവകാശത്തിനോ അല്ല സദാചാരസംരക്ഷണത്തിനാണ് പ്രാമുഖ്യം. പുരുഷാധിപത്യത്തിന്റെ വാഹകരും പ്രയോക്താക്കളുമായി സ്ത്രീകളെത്തന്നെ മാറ്റുന്നതിന് ഫ്യൂഡലിസ്റ്റ് വർഗീയ ശക്തികൾ ശ്രമിക്കുന്ന സാഹചര്യങ്ങൾ പോലും നിലനിൽക്കുന്നു. തീർത്തും സങ്കീർണ്ണമായ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സംവിധാനങ്ങളും നിയമവും മാത്രം പോരാ. പ്രാദേശിക സർക്കാരുകളുടെ ഫലപ്രദമായ ഇടപെടൽ കൂടി ഇക്കാര്യത്തിൽ അനിവാര്യമാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക്

വികസന ആസൂത്രണ പ്രക്രിയയിൽ സ്ത്രീകൾക്ക് അർത്ഥവത്തായ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ കേരളത്തിലെ സ്ത്രീവികസന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ എന്നതായിരുന്നു ജനകീയാസൂത്രണ പ്രസ്ഥാനം സ്വീകരിച്ച സ്ത്രീപക്ഷ വികസന സമീപനത്തിന്റെ അടിസ്ഥാനം. പ്രാദേശിക ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും അതായത് കർമ്മസമിതി, ഗ്രാമസഭ, വികസനസെമിനാർ, പദ്ധതിരേഖ തുടങ്ങി എല്ലായിടത്തും സ്ത്രീപരിഗണന ഉറപ്പുവരുത്തി. പദ്ധതിവിഹിതത്തിൽ നിന്ന് 10 ശതമാനം വനിതാ ഘടകപദ്ധതിക്കായി മാറ്റിവയ്ക്കുന്നതിന് പുറമേ പൊതുപദ്ധതിയിൽ സ്ത്രീപക്ഷ സമീപനം ഉണ്ടായിരിക്കണമെന്ന നിർദ്ദേശവുമുണ്ടായി. എന്നാൽ ഇവയിലൂടെയൊന്നും പ്രതീക്ഷിത നേട്ടം കൈവരിക്കാനായിട്ടില്ലെന്നതാണ് കാൽനൂറ്റാണ്ട് പിന്നിട്ടപ്പോൾ വിലയിരുത്തപ്പെടുന്നത്. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ സ്ത്രീകളുടെ ജീവിതാവസ്ഥയെ മെച്ചപ്പെടുത്തുന്നതിനുള്ളയാവണം. പൊതുവിഭവങ്ങളിൽ തുല്യ നിയന്ത്രണവും സ്വാതന്ത്ര്യവും പങ്കാളിത്തവും ഉണ്ടാവണം. സ്ത്രീജീവിതത്തിന്റെ സമഗ്ര വികസനതിനുതകുന്ന സാമൂഹ്യസാഹചര്യങ്ങൾ സൃഷ്ടിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ കഴിയണം.

സ്ത്രീയോടുള്ള മനോഭാവം മാറണം. സദാചാര സങ്കൽപ്പങ്ങൾ മാറണം. സ്ത്രീപുരുഷ തുല്യത കുടുംബങ്ങളിൽ പിറവിയെടുക്കണം. സ്ത്രീവിരുദ്ധത തിരിച്ചറിയാനും പ്രതിരോധിക്കാനും നമ്മുടെ സമൂഹത്തെ പ്രാപ്തമാക്കണം. അതിനുള്ള അവബോധ പ്രവർത്തനങ്ങളും ഇടപെടലുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവണം നടക്കേണ്ടത്. ജാഗ്രതാസമിതികൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകും.



## ജാഗ്രതാസമിതികൾ

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ വിവിധ നിയമ-നീതിന്യായ സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയോജിപ്പിച്ച് അതിക്രമരഹിത സമൂഹത്തെ സൃഷ്ടിക്കാൻ ജാഗ്രതാസമിതികൾ കഴിയും. ചെറിയനാട്, പാണഞ്ചേരി, മീനങ്ങാടി അടക്കമുള്ള കേരളത്തിലെ വിവിധ പഞ്ചായത്തുകൾ വിജയകരമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ തുടർപ്രക്രിയയാക്കി മാറ്റണം. പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ വിവിധതരം അവബോധ പ്രവർത്തനങ്ങൾ, വിജിലൻസ് സ്ക്വാഡുകൾ, കൗൺസലിംഗ്, അതിക്രമത്തിനെതിരായ പിന്തുണാസംവിധാനം എന്നിവ ഉറപ്പാക്കാനാവണം. ജാഗ്രതാസമിതികളെ സഹായിക്കുന്നതിന് സന്നദ്ധ-യുവജന സംഘടനകളുടെ കൂട്ടായ്മ സൃഷ്ടിക്കണം. പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ ജാഗ്രതാസമിതിയുടെ വിശ്വാസ്യതയും നിഷ്പക്ഷതയും കാത്തുസൂക്ഷിക്കാനാവണം. സാമുദായിക-രാഷ്ട്രീയ ഇടപെടലുകളിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ജാഗ്രതാസമിതികൾക്ക് മാത്രമേ ലക്ഷ്യത്തിലെത്താനാവൂ.

> സ്ത്രീവിരുദ്ധത തിരിച്ചറിയാനും പ്രതിരോധിക്കാനും നമ്മുടെ സമൂഹത്തെ പ്രാപ്തമാക്കണം. അതിനുള്ള അവബോധ പ്രവർത്തനങ്ങളും ഇടപെടലുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാവണം നടക്കേണ്ടത്. ജാഗ്രതാസമിതികൾക്ക് ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാനാകും.

## അവബോധ പ്രവർത്തനം

സമൂഹത്തിലെ സ്ത്രീജീവിതാവസ്ഥയെ വിമർശനാത്മകമായി മനസ്സിലാക്കുന്നതിനും ലിംഗതുല്യത നേടുന്നതിനും ലക്ഷ്യംവയ്ക്കുന്ന അവബോധ പ്രവർത്തനങ്ങൾ വിവിധ തലത്തിൽ നടപ്പിലാക്കാം. പ്രത്യേക ഗ്രാമസഭകൾ ചർച്ചചെയ്ത് ഒരു വാർഡിൽ തന്നെ ഒന്നിലേറെ കുടുംബസംഗമങ്ങൾ സംഘടിപ്പിക്കാം. അംഗൻവാടി, സ്കൂൾ, വായനശാല, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയ പൊതുസംവിധാനങ്ങളിലും ലിംഗാവബോധ ക്ലാസും ചർച്ചയും സെമിനാറുകളും സംഘടിപ്പിക്കണം. യുവജനസംഘടനകൾ, ഇതര രാഷ്ട്രീയ സാമൂഹ്യപ്രസ്ഥാനങ്ങൾ, കർഷക കൂട്ടായ്മകൾ, എന്നിവരുടെ യോഗം വിളിക്കുകയും വിഷയാവതരണം നടത്തുകയും താല്പര്യമുള്ളവരുമായി യോജിച്ച പരിപാടികൾ നടത്തുകയും ചെയ്യാം. അതിലൂടെ സ്ത്രീകളുടെ ഇടപെടൽശേഷി വികസിപ്പിക്കാവുന്നതാണ്. സ്വതന്ത്ര ചിന്തയും സ്വാശ്രയത്വവും സ്വതന്ത്രമായ നിലനിൽപ്പും പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രമേ ആർജ്ജിക്കാനാവൂ. സ്വതന്ത്രചിന്തയും സാമൂഹ്യകാഴ്ചപ്പാടും വളർത്തുന്നതിനും ശക്തിദൗർബല്യങ്ങൾ സ്വയം തിരിച്ചറിയാനും കൂട്ടായ്മകൾ സൃഷ്ടിക്കാം.

## പ്രതിരോധം

പോലീസുമായി ചേർന്ന് ക്രൈംമാപ്പിംഗ് നടത്താൻ ജാഗ്രതാസമിതികൾക്കാവണം.

വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കുകയും പൊതുവിൽ ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾ ഉടനടി പരിഹരിക്കുന്നതിനും കഴിയണം. അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഒരു ടോൾഫ്രീ നമ്പർ പഞ്ചായത്തിലെ എല്ലാ വീടുകളിലും എത്തിക്കണം. ആ നമ്പരിൽ വരുന്ന പരാതികൾ റെക്കോർഡ് ചെയ്യുന്നതിനും ഒരേസമയം പോലീസ്, ജാഗ്രതാ സമിതിയുടെ കൺവീനർ (ഐ.സി.ഡി.എസ്.സൂപ്പർവൈസർ) എന്നിവരുടെയും പ്രസിഡന്റിന്റെയും ശ്രദ്ധയിലേക്ക് കൊണ്ടുവരാനുമാകണം. ഇത്തരം പരാതികളുടെയും ജാഗ്രതസമിതിയിൽ വരുന്ന മറ്റ് പരാതികളുടെയും സ്വകാര്യത കാത്തുസൂക്ഷിക്കണം. അടിയന്തിര സാഹചര്യങ്ങളിൽ പോലീസിനെ സഹായിക്കുന്നതിന് വിജിലൻസ് സ്ക്വാഡിനാവണം. എസ്.പി.സി.കളെയും ഇതിനായി വിനിയോഗിക്കാം. എല്ലാ പൊതുസ്ഥാപനങ്ങളിലും (ആശുപത്രി, കൃഷിഭവൻ, വില്ലേജ് ഓഫീസ്, സ്കൂൾ, അംഗൻവാടി തുടങ്ങിയവ) ജാഗ്രതാസമിതിയുടെ പരാതിപ്പെട്ടി സ്ഥാപിക്കുകയും ആഴ്ചയിലൊരു ദിവസം തുറക്കുകയും പരാതി സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയും വേണം. സമൂഹത്തിൽ പരാധീനത അനുഭവിക്കുന്ന (വൃദ്ധ-വികലാംഗ, അവിവാഹിത സ്ത്രീകൾ) വരുടെ സാമൂഹ്യസംരക്ഷണം ഉറപ്പുവരുത്താൻ കഴിയണം.

അതിക്രമങ്ങൾക്ക് ഇരയായ, ഇരയാവുമെന്ന് ഭയക്കുന്നവർക്ക് സാമൂഹ്യ പിന്തുണാ സംവിധാനം ഏർപ്പെടുത്തണം. ഷോർട്ട്സ്റ്റേകളിലേക്കും ആശുപത്രികളിലേക്കും മാറ്റേണ്ടവരുണ്ടെങ്കിൽ അത് ചെയ്യണം. അനാഥ ബാല്യങ്ങളുടെ പുനരധിവാസം, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നിവയും ജാഗ്രതാസമിതികളുടെ നേതൃത്വത്തിൽ നടത്താനാവണം. അക്രമസംഭവത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും വിവിധ ഘട്ടങ്ങളിൽ, വിചാരണവേളയിലടക്കം ഇരയെ സഹായിക്കുന്ന നടപടികൾ സ്വീകരിക്കണം. അന്വേഷണവിചാരണ ഘട്ടങ്ങളെ സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തണം. ലൈംഗികപീഡനം, സ്ത്രീധനപീഡനം, സ്ത്രീധനമരണം തുടങ്ങിയവയിൽ ക്രൈം രജിസ്റ്റർ ചെയ്യുന്നതു മുതൽ ഓരോഘട്ടത്തെയും സംബന്ധിച്ച് ലഭ്യമാകുന്ന വിവരങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും പിന്തുണ നൽകുകയും വേണം.

സംസ്ഥാന വനിതാനയത്തിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക നയ രൂപീകരണത്തിനും ലിംഗപദവി ആസൂത്രണ-നിർവ്വഹണത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ചും എന്നാൽ സ്ത്രീ-പുരുഷ തുല്യതയെന്ന പൊതു കാഴ്ചപ്പാടിനെ ശക്തിപ്പെടുത്തുന്ന പദ്ധതികൾ രൂപപ്പെടുത്തിയെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാവണം. അങ്ങനെയുണ്ടാവുന്ന പദ്ധതികളുടെ പാളിച്ചയില്ലാത്ത നിർവ്വഹണവും കൃത്യവും സജീവവുമായ മോണിറ്ററിംഗും, പ്രാദേശിക സവിശേഷ പ്രശ്നങ്ങളോട് താദാത്മ്യം പ്രാപിച്ചുകൊണ്ടുള്ള നടപ്പാക്കലും സാധ്യമാക്കാൻ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറായാൽ സ്ത്രീ സൗഹൃദ ഗ്രാമങ്ങളും നഗരങ്ങളും സൃഷ്ടിക്കാനും സ്ത്രീപക്ഷ കേരളത്തിലേക്ക് മുന്നേറുവാനും കഴിയും. വർത്തമാനകാലത്ത് ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിക്കുന്നതിനോടൊപ്പം ആധുനിക കേരളത്തിൽ സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെ എങ്ങനെ ഫലപ്രദമായി നേരിടാം എന്നതിനുള്ള നിമിത്തമാക്കി ഇത്തരം അവസരങ്ങളെ നമുക്ക് വിനിയോഗിക്കാം.

□

*ലേഖിക തിരുവനന്തപുരം ജില്ലാ ഗവ.പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമാണ്.*

●●●

**അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഒരു ടോൾഫ്രീ നമ്പർ എല്ലാ വീടുകളിലും എത്തിക്കണം. ആ നമ്പരിൽ വരുന്ന പരാതികൾ റെക്കോർഡ് ചെയ്യുന്നതിനും ഒരേസമയം പോലീസ്, ജാഗ്രതാസമിതിയുടെ കൺവീനർ, പ്രസിഡന്റ് എന്നിവരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനുമാകണം. ഇത്തരത്തിലുള്ള പരാതികളുടെ സ്വകാര്യത കാത്തുസൂക്ഷിക്കണം.**

●●●

## സാമൂഹ്യതിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തും: എം.വി. ഗോവിന്ദൻ മാസ്റ്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഗാർഹികപീഡനങ്ങൾക്കെതിരായി ശക്തമായ ഇടപെടലുകൾ നടത്തുമെന്നും സ്ത്രീധനം, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ വിപുലമായ ബോധവൽക്കരണം നടത്തുമെന്നും സ്ത്രീധനപീഡനത്തെ തുടർന്ന് ആത്മഹത്യ ചെയ്ത വിസ്മയയുടെ നിലമേലിലുള്ള വീട് സന്ദർശിച്ച വേളയിൽ തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻമാസ്റ്റർ അറിയിച്ചു. പുരോഗമന കേരളത്തിന്റെ മനഃസാക്ഷിയെ നടുക്കിയ ദൗർഭാഗ്യകരമായ സംഭവമാണ് വിസ്മയയുടെ ജീവഹാനിയെന്ന് മന്ത്രി പറഞ്ഞു. എല്ലാപഴുതുകളുമടച്ച് അന്വേഷണം നടത്തി സംഭവത്തിന് പിറകിലുള്ള കുറ്റവാളികളെ നിയമത്തിന് മുന്നിൽ എത്തിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീധനം എന്ന സാമൂഹ്യവിപത്തിന്റെ പേരിൽ ഇനിയൊരു ജീവൻ നാട്ടിൽ പൊലിയുന്നില്ലെന്ന് ഉറപ്പാക്കാനുള്ള ബാധ്യത നാം ഓരോരുത്തർക്കുമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലുമുള്ള ജാഗ്രതാസമിതികളിലൂടെ സ്ത്രീകളും കുട്ടികളും നേരിടുന്ന അതിക്രമങ്ങൾ തടയുന്നതിന് ശക്തമായ ഇടപെടൽ നടത്തും. താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായത്തോടുകൂടി അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന സൗജന്യ നിയമസഹായ ക്ലിനിക്കുകളിൽ ഏതൊരാൾക്കും സഹായത്തിനായി ബന്ധപ്പെടാമെന്നും ജില്ലാതലത്തിൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസറുടെ സഹായം ഗാർഹിക പീഡന നിയമപ്രകാരം ലഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കുടുംബശ്രീയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ജെന്റർ റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും എല്ലാ ജില്ലാകേന്ദ്രങ്ങളിലുമുള്ള സ്നേഹിത ജെന്റർ ഹെൽപ്പ് ഡസ്കിലൂടെ സാമൂഹ്യതിന്മകൾക്കെതിരായ ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തുമെന്നും മന്ത്രി അറിയിച്ചു.




# വറ്റാത്ത ഉറവയായി ജലസമൃദ്ധി - സഫലമീയാത്ര

## ജനകീയ ജലസംരക്ഷണ രംഗത്തെ മാതൃക

■ എ. നിസാമുദ്ദീൻ

**കാട്ടാക്കട ജലസമൃദ്ധി പദ്ധതി പലതുകൊണ്ടും വ്യത്യസ്തമാണ്. കൃത്യമായി പറഞ്ഞാൽ മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിച്ച ഒരു പദ്ധതിയായിരുന്നില്ല ഇത്. പദ്ധതിക്ക് വിത്ത് പാകിയത് എം.എൽ.എ യുടെ മനസ്സിൽ ഉദിച്ച ആശയത്തിൽ നിന്നാണ്. അഞ്ചുവർഷം കൊണ്ട് കാട്ടാക്കട മണ്ഡലം ജലസമൃദ്ധമാകണമെന്ന ആശയം**

കാട്ടാക്കട അസംബ്ലി നിയോജകമണ്ഡലം 2010 മുതൽ രൂക്ഷമായ ജലക്ഷാമം നേരിടുകയായിരുന്നു. ഭൂഗർഭ ജലവിതാനം കാലക്രമേണ താഴ്ന്നു. മണ്ഡലത്തിലുൾപ്പെടുന്ന നേമം ബ്ലോക്ക് ഭൂഗർഭ ജലലഭ്യതയുടെ കാര്യത്തിൽ സെമി ക്രിട്ടിക്കൽ വിഭാഗത്തിലേക്ക് മാറിയതായി ഭൂജല വകുപ്പിന്റെ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുകയുണ്ടായി. എം.എൽ.എ ഐ.ബി. സതീഷ് 2016 ൽ നിയമസഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ ജനങ്ങളിൽ നിന്ന് ലഭിച്ച പരാതികളിൽ ഏറിയ പങ്കും കുടിവെള്ള ദൗർലഭ്യത്തെ കുറിച്ചായിരുന്നു. കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ആദ്യത്തെ (2016) ലോക പരിസ്ഥിതി ദിനത്തിൽ അദ്ദേഹം നൽകിയ സന്ദേശത്തിൽ വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കാട്ടാക്കട നിയോജകമണ്ഡലം ജലസമൃദ്ധമായ മണ്ഡലമാക്കി മാറ്റാൻ ത്രിതല ജനപ്രതിനിധികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും മുന്നിൽ നിർദ്ദേശം വയ്ക്കുകയുണ്ടായി. സംയോജിത ജലസംരക്ഷണ പരിപാലന പദ്ധതി രൂപീകരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആശയം ജില്ലാ ഭരണകൂടം പൂർണ്ണമനസ്സോടെ ഏറ്റെടുക്കുകയും ജലസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്ന സർക്കാർ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു.

കാട്ടാക്കട ജലസമൃദ്ധി പദ്ധതി പലതുകൊണ്ടും വ്യത്യസ്തമാണ്. കൃത്യമായി

പറഞ്ഞാൽ മുൻകൂട്ടി തയ്യാറാക്കി അവതരിപ്പിച്ച ഒരു പദ്ധതിയായിരുന്നില്ല ഇത്. പദ്ധതിക്ക് വിത്ത് പാകിയത് എം.എൽ.എ യുടെ മനസ്സിൽ ഉദിച്ച ആശയത്തിൽ നിന്നാണ്. അഞ്ചു വർഷം കൊണ്ട് കാട്ടാക്കട മണ്ഡലം ജലസമൃദ്ധമാകണം. ആശയം പങ്കുവെക്കുമ്പോൾ തന്നെ കൂടെ മുന്നറിയിപ്പും നൽകി. ജലക്ഷാമത്തിനു പരിഹാരമായി സാധാരണ നിർദ്ദേശിക്കുന്ന കുടിവെള്ള പൈപ്പ്ലൈനുകൾ നീട്ടിയും ടാങ്കർ ലോറികളിൽ ജലമെത്തിച്ചുമുള്ള പരിഹാരമല്ല വേണ്ടതെന്ന്. ഇത് തികച്ചും വെല്ലുവിളി നിറഞ്ഞ ഒരു ഉത്തരവാദിത്തമായിരുന്നു. വർഷങ്ങളായി നാം പറയുന്ന നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണത്തിലൂടെ തൽസ്ഥല മണ്ണ് ജലസംരക്ഷണം ഉറപ്പാക്കിയാൽ ഇത് സാധ്യമാകുമെന്ന് അറിയാമെങ്കിലും മുൻകാല അനുഭവങ്ങൾ അത്ര ആശാവഹമായിരുന്നില്ല. എന്നാലും ഈ വെല്ലുവിളി ഏറ്റെടുക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തയ്യാറായത് വലിയ പ്രതീക്ഷയോടെ തന്നെയായിരുന്നു.

കാട്ടാക്കട ജലസമൃദ്ധി പദ്ധതി ഒരു വകുപ്പിന് അനുവദിച്ച പദ്ധതിയായിരുന്നില്ല. അതുകൊണ്ടു തന്നെ മുൻകൂട്ടി തയ്യാറാക്കിയ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളോ ഫണ്ടോ ഉണ്ടായിരുന്നില്ല. ആകെയുണ്ടായിരുന്നത് എം.എൽ.എ. യുടെ ഇച്ഛാശക്തിയും നേതൃത്വ പാടവവും പിന്തുണയും മാത്രം. മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെ 122 അംഗങ്ങളും 15 ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളും 14 ജില്ലാപഞ്ചായത്ത് അംഗങ്ങളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും എം. എൽ.എ.യും ചേർന്ന് നിരവധി കൂടിയാലോചനകൾ നടത്തി. തുടർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജലവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജില്ലയിലെ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രതിനിധികളുടെ യോഗം കളക്ടറേറ്റിൽ വിളിച്ചു ചേർത്തു. ഈ യോഗത്തിലും എം.എൽ.എ. മുന്നോട്ട് വെച്ചത് ഒന്ന് മാത്രം. കാട്ടാക്കട മണ്ഡലം അഞ്ചു വർഷം കൊണ്ട് ജലസമൃദ്ധമാക്കണം. ആശയം പൂർണ്ണമായും ഉൾക്കൊണ്ട ജില്ലാ കളക്ടർ ഓരോ വകുപ്പിനും ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങളെക്കുറിച്ചു ചോദിച്ചറിയുകയും ജില്ലാതല ഉദ്യോഗസ്ഥരുടെ ഒരു സാങ്കേതിക ടീമിന് രൂപം നൽകുകയും ചെയ്തു. താഴെത്തട്ടിൽ ശക്തമായ ബോധവൽക്കരണവും പ്രാദേശിക ജല സംരക്ഷണ പ്രവർത്തനങ്ങളും ജനപ്രതിനിധികളുടെ നേതൃത്വത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ചു. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംയോജിപ്പിച്ച് ആദ്യവർഷം പദ്ധതി



നടപ്പിലാക്കാനും തുടർന്നുള്ള വർഷങ്ങളിൽ പുതിയ പദ്ധതികൾ ഓരോ വകുപ്പും കണ്ടെത്തി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുവാനും തീരുമാനിച്ചു. കൃത്യമായ ഇടവേളകളിൽ ജില്ലാ കളക്ടർ നടത്തിയ അവലോകനയോഗങ്ങൾ പ്രവർത്തനങ്ങൾക്കു വേഗത വർധിപ്പിച്ചു.

## ജലവിഭവ പരിപാലനരേഖ

ആദ്യം ഉയർന്നുവന്ന ആവശ്യം മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ നിലവിലെ അവസ്ഥ മനസ്സിലാക്കുന്നതിനുള്ള വിശദമായ പഠനവും തുടർന്ന് ഒരു പദ്ധതിരേഖ തയ്യാറാക്കണമെന്നതുമാണ്. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിനെ പദ്ധതിരേഖ തയ്യാറാക്കുവാനായി ചുമതലപ്പെടുത്തി. സാങ്കേതികമായി വ്യക്തതയുള്ളതും പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതിനു സഹായകരമായ ഒരു മാനേജ്മെന്റ് പ്ലാൻ സ്ഥലപര കൃത്യതയോടെ തയ്യാറാക്കുവാൻ തീരുമാനിച്ചു.

ജലവിഭവങ്ങളെ (കിണർ, കുളം, തോട്, കനാൽ, നീരുറവകൾ)ക്കുറിച്ചുള്ള വിവരശേഖരണത്തിന് പ്രത്യേക ഫാറങ്ങളും സ്ഥലപരമായി അവ രേഖപ്പെടുത്തുന്നതിന് സർവ്വേ ഭൂപടങ്ങളും നൽകി. ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുത്ത സന്നദ്ധപ്രവർത്തകർക്ക് പ്രായോഗിക പരിശീലനം നൽകി. വിവരശേഖരണത്തിന് മേൽനോട്ടം നൽകിയത് ജനപ്രതിനിധികളാണ്. ഓരോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച പ്രവർത്തനം ആരംഭിച്ചു. ഫീൽഡ് സർവേ സന്നദ്ധസേവനമായി ചെയ്തു നൽകുവാൻ തയ്യാറായത് കുടുംബശ്രീ പ്രവർത്തകരാണ്. മണ്ഡലത്തിലെ 122 വാർഡ് മെമ്പർമാരും ഇവർക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കിയപ്പോൾ രണ്ടു മാസം കൊണ്ട് സർവ്വേ പൂർത്തിയാക്കാനായി. ഇതോടൊപ്പം ഉപഗ്രഹ ചിത്രങ്ങളുടെയും നൂതന സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ ശാസ്ത്രീയപഠനവും നടന്നു. കൂടാതെ ഓരോ വകുപ്പുകളും അവരുടെ നിർദ്ദേശങ്ങൾ കൃത്യമായി നൽകി. ലഭ്യമായ വിവരങ്ങൾ ക്രോഡീകരിച്ച് കരട് ജലവിഭവ പരിപാലന രേഖ തയ്യാറാക്കി. തുടർന്ന് ത്രിതലപഞ്ചായത്തുകളിലെ ജനപ്രതിനിധികളെയും ജില്ലാതല ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടു ഒരു ഏകദിന ശില്പശാല നടത്തിയാണ് ജലവിഭവ പരിപാലനരേഖക്ക് അന്തിമരൂപം നൽകിയത്. ജലവിഭവ വകുപ്പ് മന്ത്രിയും എം.എൽ.എ.യും, ജില്ലാ കളക്ടറും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ശില്പശാലയിൽ സജീവമായി പങ്കെടുത്തത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവേശം പകർന്നു. ഓരോ വാർഡിലെയും ജലസ്രോതസ്സുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു കൃത്യമായ നിർദ്ദേശങ്ങൾ ജലവിഭവ പരിപാലന രേഖയിലുള്ളത് തുടർപ്രവർത്തനങ്ങൾക്ക് സഹായകരമായി. ശില്പശാല ആദ്യവർഷത്തെ പതിനഞ്ചിന ഹ്രസ്വകാല പരിപാടിക്ക് രൂപം നൽകി യാണ് അവസാനിച്ചത്.

പ്രാഥമിക വിവരശേഖരണത്തിലൂടെയും ഉപഗഹചിത്രങ്ങളുടെ അപഗ്രഥനത്തിലൂടെയും നിലവിലുള്ള ജലസ്രോതസ്സുകളെക്കുറിച്ച് ഭൂവിനിയോഗബോർഡ് സമഗ്രമായ ഒരു ഡാറ്റാബേസ് തയ്യാറാക്കി ജി.ഐ.എസ്. പ്ലാറ്റ്ഫോമിൽ കൊണ്ടുവന്നു. ലഭ്യമായ ദ്വിതീയ വിവരങ്ങൾകൂടി ഉപയോഗിച്ച് ഡാറ്റാബേസ് മികവുറ്റതാക്കി. ഉപഭോക്തൃ

ഇടപെടൽ ശില്പശാലകളിലൂടെയും എല്ലാ വിഭാഗം ജനങ്ങളുമായുള്ള ചർച്ചകളിലൂടെയും ഫീൽഡ് പരിശോധനകളിലൂടെയും ഡാറ്റാബേസിനെ കൂടുതൽ സമ്പുഷ്ടമാക്കി. പദ്ധതി ആസൂത്രണത്തിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സെമിനാറുകളും പരിശീലനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി.

## സംഘാടനം

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജലസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്ന വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന സാങ്കേതിക സമിതി, ജില്ലാതല ഉദ്യോഗസ്ഥരും ത്രിതല തദ്ദേശ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാരും സെക്രട്ടറിമാരും അടങ്ങുന്ന സംഘാടക സമിതി, എം.എൽ.എ.യെ സഹായിക്കാനായി ഒരു കോർഗ്രൂപ്പ് എന്നിവയാണ് പദ്ധതി നടത്തിപ്പിലെ പ്രധാന സംഘടനാ സംവിധാനം.

ഭൂഗർഭ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സെമി ക്രിട്ടിക്കൽ ബ്ലോക്കായിരുന്ന നേമം ബ്ലോക്കിൽ ആയിരുന്ന കാട്ടാക്കട മണ്ഡലത്തിലെ ആറിൽ അഞ്ചു പഞ്ചായത്തുകളും എന്നത് പദ്ധതി നടത്തിപ്പിൽ ഏറെ സൂക്ഷ്മത പുലർത്തേണ്ട ഒന്നാണെന്ന തിരിച്ചറിവ് തുടക്കംമുതലേ ഉണ്ടായിരുന്നു. അതുകൊണ്ടു തന്നെ അധികാരശ്രേണി മറന്നുള്ള പ്രവർത്തനമാണ് ആദ്യം മുതൽ അവലംബിച്ചിരുന്നത്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒത്തൊരുമിച്ചു പ്രവർത്തിച്ചത് ജനങ്ങളിൽ ആത്മവിശ്വാസമുണ്ടാക്കി. മനസ്സിൽ വരുന്ന ആശയങ്ങൾ എം.എൽ.എ.യുമായി പങ്കുവയ്ക്കുന്നതിനും അതിന്റെ സാധ്യതകൾ തേടുന്നതിനും ഉദ്യോഗസ്ഥർക്ക് തടസ്സങ്ങളുണ്ടായിരുന്നില്ല. ഇതിനായി എം.എൽ.എ.യുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിലുള്ള 7 പേരടങ്ങുന്ന ഒരു കോർഗ്രൂപ്പ് തന്നെ പ്രവർത്തിക്കുന്നു. ആദ്യഘട്ടത്തിൽ രണ്ടാഴ്ചയിലൊരിക്കൽ കോർഗ്രൂപ്പ് ചേർന്ന് അവലോകനം നടത്തിയിരുന്നു. ഇപ്പോഴും കോർഗ്രൂപ്പ് അതേ സജീവതയോടെ പ്രവർത്തിക്കുന്നുവെന്നത് പദ്ധതിയുടെ വിജയത്തിന് ഒരു പ്രധാന ഘടകമാണ്. പുതിയ നിർദ്ദേശങ്ങൾ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ കൂടി കോർഗ്രൂപ്പ് യോഗത്തിലേക്ക് വിളിച്ചു ചർച്ച നടത്തി കൃത്യമായ പ്ലാൻ തയ്യാറാക്കിയാണ് ഓരോ പ്രവർത്തനവും നടത്തി വരുന്നത്.

ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി മണ്ഡലത്തിലെ 68 സ്കൂളുകളിലും ജലക്ലബ്ബുകൾ രൂപീകരിച്ചു. ഒരു അധ്യാപക പ്രതിനിധിയും രണ്ടു വിദ്യാർത്ഥി പ്രതിനിധികളുമാണ് ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഓരോ വാർഡിലെയും 5 അംഗങ്ങൾ അടങ്ങുന്ന ഒരു സന്നദ്ധസേനയെ (ജലമിത്രം) തിരഞ്ഞെടുത്ത് ശുചിത്വ മിഷനും യൂത്ത് വെൽഫെയർ ബോർഡും പരിശീലനം നൽകി. വിദ്യാർത്ഥികൾ, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, എൻഎസ്എസ് യൂണിറ്റുകൾ, യൂത്ത് ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ ബഹുജന അവബോധ പരിപാടികൾ സംഘടിപ്പിച്ചു.

## പ്രവർത്തന രീതി

മണ്ഡലത്തിൽ നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങളിൽ വകുപ്പുകളുടെ സംയോജനം പ്രാവർത്തികമാക്കാനായി എന്നത് വലിയ നേട്ടമാണ്. രാഷ്ട്രീയ വ്യത്യാസം മറന്നുള്ള ജനപ്രതിനിധികളുടെ അകമഴിഞ്ഞ പിന്തുണ പദ്ധതിയുടെ നടത്തിപ്പിന് കരുത്തായിരുന്നു. ഇതുവരെ നടത്തിയ മൂന്നു നീർത്തട സംരക്ഷണയാത്രകളിലും ജില്ലയിലെ എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥർ ജനപ്രതിനിധികൾക്കും നാട്ടുകാർക്കമൊപ്പം അണിചേർന്നു. നീർത്തട യാത്രയോടൊപ്പം തന്നെ നീർത്തടപ്രദേശത്ത് ഓരോ വകുപ്പിനും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി നൽകിയിരുന്നു. ആദ്യത്തെ നീർത്തടയാത്ര നടത്തിയ തോടിൽ തൊഴിലുറപ്പ്, ജലവിഭവവകുപ്പ്, മണ്ണ്സംരക്ഷണ വകുപ്പ് തുടർപ്രവർത്തങ്ങൾ നടത്തി. രണ്ടാമത്തെ നീർത്തടയാത്ര നടത്തിയ തോടിൽ തൊഴിലുറപ്പ്, മണ്ണ്സംരക്ഷണ വകുപ്പ് തുടർപ്രവർത്തങ്ങൾ നടത്തി വരുന്നു. മൂന്നാമത്തെ തോടിൽ തൊഴിലുറപ്പിനൊപ്പം ഭൂജലവകുപ്പ് ജലവിഭവവകുപ്പ് തുടർപ്രവർത്തനങ്ങൾക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നു. നവീകരിച്ച കുളങ്ങൾ ഉപയുക്തമാക്കുന്നതിൽ ഫിഷറീസ് വകുപ്പിന്റെ ഇടപെടൽ പ്രത്യേകം പരാമർശിക്കേണ്ടതാണ്. ആദ്യവർഷം 6 കുളങ്ങളിൽ തുടങ്ങിയ ഉൾനാടൻ മത്സ്യകൃഷി രണ്ടാംവർഷം 42 കുളങ്ങളിലേക്കു വ്യാപിപ്പിക്കാനായത് ഫിഷറീസ് വകുപ്പിന്റെ ഇടപെടൽ മൂലമാണ്.

മണ്ഡലത്തിൽ വിജയകരമായി നടത്തിയ ഒരു പ്രധാന പ്രവർത്തനമായിരുന്നു കൃതിമഭൂജലപോഷണം. പദ്ധതി മണ്ഡലത്തിലെ കിണറുള്ള എല്ലാ പൊതുസ്ഥാപനങ്ങളിലും (40 എണ്ണം) പൂർത്തിയാക്കാനായത് ഭൂജലലഭ്യത വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ജലസമൃദ്ധി കോർടീമിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുസ്ഥാപനങ്ങൾ സന്ദർശിച്ചു സാധ്യതാപഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. ഭൂജലവകുപ്പ് പദ്ധതികൾ പൂർത്തിയാക്കിയത് റെക്കോർഡ് വേഗത്തിലായിരുന്നു. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സംസ്ഥാന ആസൂത്രണബോർഡിന്റെ അകമഴിഞ്ഞ പിന്തുണയുണ്ടായിരുന്നു.

ഇവിടെ എടുത്തു പറയേണ്ടത് ജനപ്രതിനിധികളുടെ സഹകരണമാണ്. ശാസ്ത്രീയ നീർത്തട പരിപാലനത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾക്ക് മുൻഗണനാക്രമം നിശ്ചയിച്ചു നൽകിയപ്പോൾ അതിനോട് പൂർണ്ണമായി സഹകരിക്കാൻ അവർ തയ്യാറായി എന്നതാണ്.

ജലവിഭവവകുപ്പിന്റെ പിന്തുണ ഈ പദ്ധതിക്ക് വലിയ മുതൽക്കൂട്ടായിരുന്നു. മൂന്നുവർഷം കൊണ്ട് പതിനാലു കുളങ്ങളുടെ നവീകരണം, ആമച്ചൽ ഏലായിലെ 50 ഏക്കർ പ്രദേശത്ത് നെൽകൃഷി തിരികെ കൊണ്ടുവരുന്നതിന് സഹായകരമാകുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് എല്ലാ അനുമതികളും ലഭ്യമാക്കി നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്. അന്തിയൂർക്കോണം തോടിൽ അഞ്ച് തടയണകൾ നിർമ്മിച്ചു ജലലഭ്യത ഉറപ്പാക്കിയത് എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ്. ഇതിനുപുറമെ ബഡ്ജറ്റിൽ അനുവദിച്ച രണ്ടുകോടി രൂപയുടെ പദ്ധതിരേഖ തയ്യാറാക്കിയും നീർത്തട നടത്തങ്ങളെ തുടർന്ന് നിർദ്ദേശിച്ച പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റുകൾ വളരെ വേഗത്തിൽ തയ്യാറാക്കിയും വകുപ്പ് പദ്ധതിക്കൊപ്പമുണ്ട്.

പദ്ധതിയുടെ ജീവനാഡിയാണ് മണ്ണ് സംരക്ഷണ വകുപ്പ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾക്കു സാങ്കേതിക സഹായം നൽകുന്നതോടൊപ്പം പുതിയ മൂന്നു പദ്ധതിഘടകങ്ങളിലായി വിവിധ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കു രൂപം നൽകിയും പദ്ധതിക്ക് കരുത്തേകുന്നു. നീർത്തട പരിപാലന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വകുപ്പിന് ബഡ്ജറ്റിൽ പുതുതായി ചെറുനീർ

ത്തട വികസനപദ്ധതി എന്ന പേരിൽ ഒരു പുതിയ ഘടകം അനുവദിച്ചു കിട്ടി. എല്ലാ വർഷവും ഈ ഘടകത്തിൽ തുക വകയിരുത്തുന്നു.

വിവിധ വകുപ്പുകളിലെ സാങ്കേതിക ജീവനക്കാരുടെ ശാസ്ത്രീയ അറിവ് സംയോജിപ്പിക്കാനായതിലൂടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ഒരു പുതിയ ദിശാബോധം നൽകാനായത് ജലസമൃദ്ധി പദ്ധതിയുടെ നേട്ടമായി. കാർഷിക കുളങ്ങളുടെ നിർമ്മാണം, പാറക്വാറിയിൽ നിന്നുള്ള റീചാർജിങ്, തോടുകളിൽ താല്ക്കാലിക തടയണ നിർമ്മാണം എന്നിവ ഭൂജലം പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്കാണ് വഹിച്ചത്.

ഇതോടൊപ്പം കൃഷിവകുപ്പ്, ഫിഷറീസ് വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സി.സി.ഡി.യു., കുടുംബശ്രീ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, ബയോ ഡൈവേഴ്സിറ്റി ബോർഡ്, തുടങ്ങി പതിനാറു വകുപ്പുകൾ/സ്ഥാപനങ്ങൾ ഈ പദ്ധതിയുമായി കൈകോർക്കുന്നുണ്ട്. ആർട്സ് & സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജുകൾ, കാർഷിക കോളേജ്, ഐ.ടി. ഐ.കൾ തുടങ്ങി മണ്ഡലത്തിനകത്തും പുറത്തും നിന്നുള്ള യുവതയെ ഈ പദ്ധതിയുമായി കൂട്ടിയിണക്കാനായതിലൂടെ പുതുതലമുറയിൽ ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനായിട്ടുണ്ട്.

സ്കൂളുകളിൽ രൂപീകരിച്ച ജലക്ലബ്ബുകൾ മികച്ച പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ക്രിസ്തുമസ് അവധിക്കാല എൻ. എസ്. എസ്. ക്യാമ്പുകളെ ജലസമൃദ്ധി പദ്ധതിയുമായി ബന്ധിപ്പിച്ചപ്പോൾ കുട്ടികൾക്ക് അത് പുതിയൊരു അനുഭവമാണ് പകർന്നു നൽകിയത്. ഇതിന്റെ ചുവടുപിടിച്ച് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി വിദ്യാർത്ഥി ജലപാർലമെന്റ്, പഞ്ചായത്തുകളിൽ ജല അസംബ്ലികൾ എന്നിവ സംഘടിപ്പിച്ചു.

## പ്രധാന പ്രവർത്തനങ്ങൾ

കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുക, മഴക്കുഴികൾ നിർമ്മിക്കുക, കുളങ്ങളും അരുവികളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുക, തോടുകളിലെ താൽക്കാലിക തടയണകളിലൂടെ നീരൊഴുക്ക് നിയന്ത്രിക്കൽ, അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ, നീർച്ചാലുകളുടെ വൃഷ്ടി പ്രദേശങ്ങളിലെ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ, കുളങ്ങളുടെയും അരുവികളുടെയും പുനരുജ്ജീവിപ്പിക്കൽ, സ്കൂളുകളിലും പൊതുസ്ഥാപനങ്ങളിലും കൃത്രിമ ഭൂജലപോഷണം, വീടുകളിലെ കിണർ റീചാർജിങ്, 327 പുതിയ കാർഷിക കുളങ്ങൾ, നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ്, നവീകരിച്ച കുളങ്ങളിലെ ഉൾനാടൻ മത്സ്യകൃഷി, 122 വാർഡുകളിലും ജല ഗുണനിലവാര പരിശോധന, 6 സ്കൂളുകളിലെ ജല ഗുണനിലവാര പരിശോധന ലാബുകൾ, ഹരിത വിദ്യാലയം തുടങ്ങിയവ വിജയകരമായി പൂർത്തിയാക്കാനായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, റസിഡന്റ്സ് അസോസിയേഷനുകൾ, ലൈബ്രറികൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയുടെ പിന്തുണയോടെ വീട്ടിൽ ഒരു മഴക്കുഴി എന്ന പദ്ധതി നടപ്പാക്കാനായി. ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിൽ നിന്നുള്ള ജലം ഉപയോഗിച്ച് കിണറുകളും തോടും റീചാർജിങ്, റോഡരുകിൽ വെള്ളക്കെട്ടുണ്ടാക്കുന്ന ജലത്തെ ശേഖരിച്ച കുഴികളിൽ സംഭരിക്കുക തുടങ്ങിയ നൂതന ആശയങ്ങളും നടപ്പാക്കാനായി. കൈയേറ്റം ചെയ്യപ്പെട്ടിരുന്ന അരുവികളും കുളങ്ങളും തിരികെ കൊണ്ടുവരാൻ ആത്മാർത്ഥമായ ശ്രമവും നടന്നു.



സ്കൂളുകളും സർക്കാർ ഓഫീസുകളും ഉൾപ്പെടെ 40 സ്ഥാപനങ്ങളിൽ കൃത്രിമ ഭൂജലപോഷണം പൂർത്തിയാക്കി. ഇതോടൊപ്പം 6 അങ്കണവാടികളിലും ഇത് നടപ്പാക്കി. മാനേജ്മെന്റ് പ്ലാൻ അടിസ്ഥാനമാക്കിയാണ് സ്ഥാപനങ്ങളെ തിരഞ്ഞെടുത്തത്, ചെറുനീർത്തടങ്ങളിലെ റിഡ്ജ് ഏരിയ യിലെ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി. വലിയ കാർഷിക കുളങ്ങളുടെ നിർമ്മാണത്തിന് പ്രാരംഭഘട്ടത്തിൽ അൽപം വൈമുഖ്യം കാണിച്ചുവെങ്കിലും, ഇതിലൂടെ ഉണ്ടായ ഗുണഫലങ്ങൾ നേരിൽ മനസ്സിലാക്കിയ തദ്ദേശവാസികൾ കാർഷിക കുളങ്ങൾ എന്ന ആശയം സ്വീകരിക്കാൻ തുടങ്ങി. മൂന്നു വർഷത്തിനുള്ളിൽ 327 പുതിയ കാർഷിക കുളങ്ങൾ നിർമ്മിക്കാൻ ഇത് കാരണമായി. ഫിഷറീസ് വകുപ്പുമായി സഹകരിച്ച് ചെറുതും വലുതുമായ 60 കുളങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി ആരംഭിച്ചു. ഇത് കുളങ്ങൾ ശുദ്ധമായി നിലനിൽക്കുന്നതിനും ജലനിരപ്പ് മെച്ചപ്പെടുത്തുന്നതിനും ജനങ്ങൾക്ക് വരുമാനമാർഗ്ഗം ലഭിക്കുന്നതിനും സഹായികമായി.

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ കണ്ണൻകോട് വാർഡിൽ, ഉപേക്ഷിക്കപ്പെട്ട രണ്ടു ക്വാറികളിലെ ജലമുപയോഗിച്ച് കിണറുകളും തോടും റീചാർജിംഗ് നടത്തിയത് ഏറെ ശ്രദ്ധയാകർഷിച്ച പ്രവർത്തനമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നടപ്പിലാക്കിയ പദ്ധതികളാണ് ഇത് രണ്ടും. ഒരു ക്വാറിയിലെ ജലം അടുത്തുള്ള 12 കിണറുകൾ റീചാർജ് ചെയ്യുന്നതിന് ഉപയോഗിക്കുന്നു. സമീപത്തെ മറ്റൊരു ക്വാറിയിലെ ജലം ഉപയോഗിച്ച് ഒരു കൈത്തോട് റീചാർജ് ചെയ്തുവരുന്നു. ഈ കൈത്തോടിൽ നിശ്ചിത ഇടവേളകളിൽ ചെറുതടയണകൾ നിർമ്മിച്ച് ജലത്തിന്റെ

ഒഴുക്ക് നിയന്ത്രിച്ചിട്ടുണ്ട്. ഈ രണ്ടു ഇടപെടലുകളിലൂടെ ജലക്ഷാമം അതിരൂക്ഷമായിരുന്ന കണ്ണംകോട് പ്രദേശത്തെ ജനങ്ങൾക്ക് വലിയ ആശ്വാസമായി മാറി. മാറനല്ലൂർ പഞ്ചായത്തിലെ കരിങ്ങൽ പ്രദേശത്തെ ഒരു റോഡിൽ തുടർച്ചയായുണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് റോഡിന്റെ വശത്തു കുഴിയെടുത്തു ജലം ശേഖരിക്കുന്ന ഒരു പ്രവർത്തനത്തിലൂടെ പരിഹാരം കാണാനായത് വെള്ളക്കെട്ട് ഒഴിവായതോടൊപ്പം ആ പ്രദേശത്തെ കിണറുകളിലെ ജലനിരപ്പ് ഉയർന്നുവെന്നതും പദ്ധതിയുടെ വലിയൊരു നേട്ടമാണ്. മണ്ഡലത്തിലെ ജലക്ഷാമം അതിരൂക്ഷമായ ഉയർന്ന പ്രദേശങ്ങളിൽ നടപ്പാക്കിയ ചെറുകിട കുടിവെള്ള പദ്ധതികൾ പ്രദേശവാസികൾക്ക് ഏറെ ഗുണകരമായ ഒന്നായി മാറി. ഇത്തരം 12 പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. 5 പദ്ധതികൾ ഇതിനോടകം പ്രവർത്തനക്ഷമ മായിക്കഴിഞ്ഞു. മറ്റു പദ്ധതികൾ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണ്.

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് ആസ്ഥാനമായുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ നെയ്യാറ്റിൻകര ഉപകേന്ദ്രം കാട്ടാക്കട നിയോജകമണ്ഡല പരിധിയിൽ വരുന്ന 8 പൊതുസ്ഥാപനങ്ങളുടെ (6 ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, നേമം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ്, മലയിൻകീഴ് താലൂക്ക് ആശുപത്രി) ജലവിനിയോഗരീതി പഠന വിധേയമാക്കി ജല ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി. ഓരോ സ്ഥാപനത്തിലും ലഭിക്കുന്ന ജലത്തിന്റെയും ഉപയോഗിക്കുന്ന ജലത്തിന്റെയും അളവ് തിട്ടപ്പെടുത്തുന്നതോടൊപ്പം ആ സ്ഥാപനത്തിലെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ വിനിയോഗക്രമം കൂടി കണ്ടെത്തിയാണ് പഠനംനടത്തിയത്. പാഴായിപ്പോകുന്ന ജലത്തിന്റെ അളവ് കണ്ടെത്തി ജലവിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിലുണ്ട്. കൂടാതെ പഠനഫലങ്ങൾ ജനങ്ങളിൽ എത്തിച്ച് ജലസംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും സംബന്ധിച്ച് ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കുന്നതിനു പഠനത്തിലൂടെ സാധിച്ചു.

ഹരിതകേരളം മിഷന്റെ സഹായത്തോടെ തിരഞ്ഞെടുത്ത 100 കുളങ്ങളിൽ ജലത്തിന്റെ അളവ് മനസ്സിലാക്കുന്നതിനുള്ള സ്കെയിലുകളും സൂചനാബോർഡുകളും സ്ഥാപിച്ചു. ഓരോ കുളത്തിലും ലഭ്യമായ ജലം കണക്കാക്കാൻ ഇത് പ്രദേശവാസികളെയും ആസൂത്രകരെയും സഹായിക്കുന്നു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു സംവിധാനം നിലവിൽ വന്നത്. 2020 മാർച്ച് മുതൽ പ്രതിമാസവിവരങ്ങൾ ഹരിതകേരളം മിഷൻ വികസിപ്പിച്ചെടുത്ത ഹരിത ദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ മുഖേന ശേഖരിച്ചു വരുന്നു. ഇതിലൂടെ പ്രദേശത്തെ ജലലഭ്യതയുടെ അളവ് എല്ലാ മാസവും തിട്ടപ്പെടുത്താനാകുന്നുണ്ട്.

ജലസമൃദ്ധി പദ്ധതിയിൽ പ്രാദേശിക ജലവിഭവാസൂത്രണം മെച്ചപ്പെടുത്താൻ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സജ്ജമാക്കി. പൊതുജന സേവന രംഗത്തെ നവീന ആശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ അവാർഡിനൊപ്പം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന് ലഭിച്ച അവാർഡ് തുക ഉപയോഗപ്പെടുത്തിയാണ് വെതർ സ്റ്റേഷനുകൾ സ്ഥാപിച്ചത്. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറിന്റെ (ICFOSS) സാങ്കേതികസഹായം പ്രയോജനപ്പെടുത്തി ആറ് സ്കൂളുകളിൽ (ഒരു ഗ്രാമപഞ്ചായത്തിൽ ഒന്ന്) ദിവസേനയുള്ള മഴ, കാറ്റ്, ഈർപ്പം, മർദ്ദം എന്നിവയുടെ വിവരശേഖരണം സാധ്യമാക്കുന്നു. ആറ് വെതർസ്റ്റേഷനുകളുടെയും ഏകോപനത്തിനായി 4 ജി ബാക്ക്ഹോളിൽ പ്രവർത്തിക്കുന്നതും 20 കിലോമീറ്റർ വരെ ആകാശ ദൂരം കണക്ടിവിറ്റിയുള്ളതുമായ ഒരു ലോറവാൻ ഗേറ്റ്‌വേ ശാസ്താംപാറയിൽ സ്ഥാപിച്ചിട്ടുണ്ട്. ലോറവാൻ വഴി സെർവറിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഗ്രാഫിക് ഡിസ്പ്ലേ ലഭ്യമാക്കുന്ന ഒരു ഓൺലൈൻ ഡാറ്റ വിഷ്വലൈസേഷൻ ലിങ്കും ലഭ്യമാണ്. ഇതിലൂടെ ഡാറ്റ കാണാനും റെക്കോർഡു ചെയ്ത ഡാറ്റയുടെ വിശകലനം നടത്താനും ഉപഭോക്താക്കൾക്ക് സാധ്യമാകുന്നതാണ്. ജലസമൃദ്ധി, അറിയാം കാട്ടാക്കട വെബ് സൈറ്റുകളിലൂടെ പ്രാദേശിക കാലാവസ്ഥ വിവരങ്ങൾ ഗവേഷണ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭിക്കുന്നു.



ഒരു പ്രദേശത്തേക്കും പുറത്തേക്കുമുള്ള ജലപ്രവാഹം കണക്കാക്കി നടപ്പാക്കുന്ന ജലവിഭവ ആസൂത്രണമാണ് ജല ബജറ്റിംഗ്. ഭൂമിയുടെ പ്രതലം (നദികൾ, തടാകങ്ങൾ), ഉപരിതലം (അക്വിഫർ, ഭൂഗർഭജലം), അന്തരീക്ഷം (മഴ, ബാഷ്പീകരണം) എന്നിവയിൽ സംഭരിച്ച് കൈമാറ്റം ചെയ്യപ്പെടുന്ന ജലത്തിന്റെ കണക്കാണ് ഇത്. ഒരു പ്രദേശത്ത് സംഭരിച്ചിരിക്കുന്ന ജലത്തിന്റെ മാറ്റത്തിന്റെ തോത് ആ പ്രദേശത്തേക്കും പുറത്തേക്കും വെള്ളം ഒഴുകുന്ന അളവും നിരക്കും അനുസരിച്ച് സന്തുലിതമാകുമെന്നതാണ് ജല ബജറ്റിന്റെ പിന്നിലെ ആശയം. ഫലപ്രദമായ ജല-വിഭവ സുസ്ഥിരത, പരിസ്ഥിതി ആസൂത്രണം എന്നിവയ്ക്ക് ഈ വിവരങ്ങൾ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്.

## ജല സാക്ഷരത

മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾക്കൊപ്പം ഏറെ പ്രാമുഖ്യം നൽകിയത് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കാണ്. പ്രാദേശിക ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് ജനപ്രതിനിധികളാണ്. ജലസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും മാലിന്യമുക്തമായ ജലസ്രോതസ്സുകളെക്കുറിച്ചും അരുവികളെ ജലസമൃദ്ധമാക്കുന്നതിനെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വർഷത്തിൽ ഒന്ന് എന്ന നിലയിൽ മൂന്ന് നീർത്തടസംരക്ഷണ യാത്രകളാണ് നടത്തിയത്. ജില്ലാ കളക്ടർ അടക്കമുള്ളവരുടെ സാന്നിധ്യം നീർത്തട യാത്രകളിൽ എല്ലാവിഭാഗം ജനങ്ങളുടെയും പങ്കാളിത്തം വലിയ തോതിൽ ഉറപ്പാക്കാനായി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ 30 സ്ഥലങ്ങളിൽ ജലസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച്



ഒരാഴ്ച നീണ്ടുനിന്ന 'മന്ത്രങ്ങളില്ലാതെ മനസ്സുണർത്തുന്നവർ' എന്ന പേരിൽ ഒരു കലാജാഥ നടത്തി. ഹയർ സെക്കന്ററിയിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റുകളുടെ ഏഴുദിവസത്തെ വേനൽക്കാല ക്യാമ്പുകൾ ജലസംരക്ഷണത്തിനു പ്രാമുഖ്യം നൽകുന്ന തരത്തിൽ പുനഃക്രമീകരിച്ച മണ്ഡലത്തിൽ നടപ്പാക്കി. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി മണ്ഡല അടിസ്ഥാനത്തിൽ ജലപാർലമെന്റും പഞ്ചായത്ത് അടിസ്ഥാനത്തിൽ ജല അസംബ്ലികളും നടത്തി.

## ഭൂഗർഭജലനിരപ്പിൽ വർദ്ധന

വിവിധ പദ്ധതികൾ പ്രകാരം നിയോജകമണ്ഡലത്തിൽ സ്വീകരിച്ച സംയോജിത സമീപനത്തിലൂടെ, ഭൂഗർഭജലനിരപ്പ് വർദ്ധിച്ചതായി പഠനങ്ങൾ കണ്ടെത്തി, ഇത് പ്രദേശത്തെ നിരീക്ഷണ കിണറുകളിലെ പരിശോധനയിലൂടെ തെളിയിക്കപ്പെട്ടു. കൃത്രിമ ഭൂജലപോഷണം നടത്തിയ കിണറുകളിലെ ജലനിരപ്പ് വർദ്ധിക്കുകയും കിണറുകൾ വറ്റാത്തതായി മാറുകയും ചെയ്തു. പുതിയ കാർഷിക കുളങ്ങൾ നിർമ്മിച്ച സ്ഥലങ്ങളിൽ അടുത്തുള്ള കിണറുകളിലെ ജലനിരപ്പ് ഗണ്യമായി വർദ്ധിച്ചതായി നാട്ടുകാർതന്നെ സാക്ഷ്യപ്പെടുത്തുന്നു. നവംബർ മാസം മുതൽ വറ്റിയിരുന്ന തോടുകളിൽ തടയണ നിർമ്മിച്ച് നീരൊഴുക്ക് നിയന്ത്രിച്ചതോടെ മാർച്ച് മാസത്തിലും ജലസമൃദ്ധമായി മാറുകയുണ്ടായി. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മണ്ഡലത്തിലുൾപ്പെടുന്ന നേമം ബ്ലോക്ക് ഭൂഗർഭ ജലലഭ്യതയുടെ കാര്യത്തിൽ ഇപ്പോൾ സുരക്ഷിത വിഭാഗത്തിലേക്ക് മാറിയതായി സംസ്ഥാന ഭൂജലവകുപ്പും ദേശീയ ഭൂജല ബോർഡും സംയുക്തമായി തയ്യാറാക്കിയ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ സുരക്ഷിത ബ്ലോക്കുകളുടെ എണ്ണം 130 ൽ നിന്ന് 118 ആയി കുറയുമ്പോഴാണ് ഈ നേട്ടം കൈവരിക്കാനായത് എന്നത് ശ്രദ്ധേയമാണ്.

## നെതർലൻഡ്സ് സംഘത്തിന്റെ വിലയിരുത്തൽ

2018, 2019 വർഷങ്ങളിലായി രണ്ടു പ്രാവശ്യം പദ്ധതി പ്രദേശം സന്ദർശിച്ച നെതർലൻഡ്സ് ദുരന്തനിവാരണ ടീമിലെ അംഗം പാൾ വാൻ മീൽ ജനീവയിൽ നടന്ന നാലാമത് ലോക പുനഃനിർമ്മാണ കോൺഫറൻസിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ സംയോജിത നീർത്തട പരിപാലനത്തിൽ അദ്ദേഹം കണ്ടിട്ടുള്ള ലോകത്തിലെ മികച്ച മാതൃകയാണ് ജലസമൃദ്ധി എന്നാണ് പ്രതിപാദിച്ചത്. അതിൽ അദ്ദേഹം എടുത്തുപറഞ്ഞ മൂന്നു കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

1. പദ്ധതിയിൽ നടപ്പാക്കിയ പ്രാദേശികവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗങ്ങൾ.
2. സ്കൂൾ വിദ്യാർത്ഥികൾ മുതൽ മുതിർന്നവർ വരെയുള്ളവരുടെ പങ്കാളിത്തം
3. രാഷ്ട്രീയ ഇച്ഛാശക്തിയും ജീവനക്കാരുടെ സജീവതയും.

## അംഗീകാരങ്ങൾ

ലോക പുനഃനിർമ്മാണ കോൺഫറൻസിൽ സംയോജിത ജലസംരക്ഷണത്തിന്റെ മികച്ച മാതൃകയായി ജലസമൃദ്ധി അവതരിപ്പിക്കപ്പെട്ടത് പദ്ധതിക്കു ലഭിച്ച വലിയൊരു അംഗീകാരമാണ്. ഇതുകൂടാതെ മുഖ്യമന്ത്രിയുടെ പൊതുജനസേവനരംഗത്തെ നവീന ആശയാവിഷ്കാരത്തിനുള്ള അവാർഡ്, രണ്ടാമത് ദേശീയ ജല പുരസ്കാരം, ദേശീയ തലത്തിൽ SKOTCH അവാർഡ്, ELETS അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ പദ്ധതിക്ക് നേടാനായി.

## അനുകരണീയ മാതൃക

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ വ്യത്യസ്തതകൾ കൊണ്ടുതന്നെ കാട്ടാക്കടയിലെ പ്രവർത്തനങ്ങൾ അതേപടി മറ്റു സ്ഥലങ്ങളിലേക്ക് പറിച്ചു നടാനാകില്ല. പക്ഷേ ശക്തമായ നേതൃപാടവമുള്ള ജനനേതാവിനൊപ്പം ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നാട്ടുകാരും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ പദ്ധതികൾ വിജയിപ്പിക്കാനാകും എന്ന പാഠം കാട്ടാക്കട പകർന്നു നൽകുന്നു. കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ് ചുരുങ്ങിയ കാലയളവിൽ ഭൂഗർഭ ജലലഭ്യതയിൽ പ്രകടമായ മാറ്റം സാധ്യമാക്കാനായത്. തീർച്ചയായും ഈ പദ്ധതിയിൽ മാതൃയാക്കാനാകുന്ന നിരവധി പ്രവർത്തനങ്ങൾ ഉണ്ട്. കേരളത്തിലെ മറ്റു പ്രദേശങ്ങളിലും ഇത്തരം കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികച്ച മാതൃകകൾ സൃഷ്ടിച്ചു കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ജലദൗർലഭ്യത്തിന് വലിയൊരു അളവിൽ പരിഹാരമുണ്ടാക്കാൻ കഴിയും.

ഫലപ്രദമായ ആസൂത്രണം, സജീവമായ ജനപങ്കാളിത്തം, എല്ലാ വകുപ്പുകളുടെയും സംഘടനകളുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾ മുതൽ വൃദ്ധർ വരെയുള്ളവരുടെ ഇടപെടലുകൾ എന്നിവ വിജയകരമായി നടപ്പാക്കിയ കാട്ടാക്കട നിയോജകമണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതി കേരളത്തിലെ മറ്റു പ്രദേശങ്ങളിൽ നടപ്പാക്കാനാകുന്ന ഒരു മാതൃകയായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസമൃദ്ധമാകട്ടെ വരാനിരിക്കുന്ന ദിനങ്ങൾ.

□

*(ലേഖകൻ ഭൂവിനിയോഗ കമ്മീഷണറാണ്)*



# ജില്ലാ ആസൂത്രണസമിതികളും വികസന കാഴ്ചപ്പാടുകളും

■ ഹുസൈൻ എം. മിന്നത്ത്

73,74 –ാം ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന ജില്ലാ ആസൂത്രണസമിതികൾ, സംയോജിത സമീപനത്തിലധിഷ്ഠിതമായി സമഗ്രവികസനം സാധ്യമാക്കുന്ന തരത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD യിൽ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. ഭരണഘടനാപരമായ ഈ ചുമതലക്ക് പുറമേ ജില്ലയിലെ മുഴുവൻ വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുക, പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക, പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുക തുടങ്ങിയ അധികാരങ്ങളും ജില്ലാ ആസൂത്രണസമിതികളിൽ നിക്ഷിപ്തമാണ്.

2021 ജൂലൈ 6 മുതൽ 8 വരെ ജില്ലാ ആസൂത്രണ സമിതികളിലേക്കുമുള്ള തിരഞ്ഞെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നടത്തുകയുണ്ടായി. 1992 ലെ 73,74 -ാം ഭരണഘടനാ ഭേദഗതികളിലൂടെ നിലവിൽ വന്ന ജില്ലാ ആസൂത്രണസമിതികൾ, ഓരോ ജില്ലയിലും സംയോജിത സമീപനത്തിലധിഷ്ഠിതമായി സമഗ്രവികസനം സാധ്യമാക്കുന്ന തരത്തിൽ ജില്ലാ പദ്ധതികൾ ( District Plan) തയ്യാറാക്കണമെന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD യിൽ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്.

ഭരണഘടനാപരമായ ഈ ചുമതലക്ക് പുറമേ ജില്ലയിലെ മുഴുവൻ വികസനപ്രവർത്തനങ്ങളും ഏകോപിപ്പിക്കുക, പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുക, അവലോകനം ചെയ്യുക, പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുക തുടങ്ങിയ അധികാരങ്ങളും ജില്ലാ ആസൂത്രണസമിതികളിൽ നിക്ഷിപ്തമാണ്. പ്രാദേശികവികസനവും അതുവഴി ജില്ലകളുടെ സമഗ്രവികസനവും സാധ്യമാക്കുന്നതിന് ശക്തമായ പിന്തുണാ സംവിധാനം ആവശ്യമായതിനാൽ തന്നെ ജില്ലകളിലെ മൂന്ന് ഓഫീസുകളായ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ സാമ്പത്തിക വിവരശേഖരണ ഓഫീസ് , ജില്ലാ ടൗൺപ്ലാനിംഗ് ഓഫീസ് എന്നിവയെ ക്രോഡീകരിച്ച് കൊണ്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റുകൾ സർക്കാർ രൂപീകരിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ 11 ജില്ലകളിലും ആസൂത്രണ സമിതി സെക്രട്ടറിയേറ്റുകൾ പ്രത്യേകമായി നിലകൊള്ളുന്നു. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സമിതി സെക്രട്ടറിയേറ്റ് നിർമ്മാണം ദ്രുതഗതിയിൽ നടന്ന് വരികയാണ്. ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റിന്റെ ചുമതല ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയിലാണ് സർക്കാർ നിക്ഷിപ്തമാക്കിയിരിക്കുന്നത്.

## ജില്ലാ ആസൂത്രണ സമിതികളുടെ ഘടന

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ - 53 ൽ ജില്ലാ ആസൂത്രണസമിതികളുടെ രൂപീകരണത്തെക്കുറിച്ചും 1995 ലെ കേരളാ ജില്ലാ ആസൂത്രണസമിതി (അംഗങ്ങളുടെ തിരഞ്ഞെടുപ്പും യോഗ നടപടിക്രമവും) ചട്ടങ്ങളിലും ജില്ലാ ആസൂത്രണസമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചും പ്രതിപാദിക്കുന്നു. പതിനഞ്ചംഗ ജില്ലാ ആസൂത്രണസമിതിയിലേക്ക് 12 അംഗങ്ങളെ ജില്ലാ പഞ്ചായത്തിലെയും നഗര തദ്ദേശസ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും ജില്ലയിലെ ഗ്രാമ-നഗര ജനസംഖ്യാനുപാതം നോക്കി തിരഞ്ഞെടുക്കുന്നു. ജില്ലാ ആസൂത്രണസമിതികളിലേക്ക് തിരഞ്ഞെടുക്കുന്ന അംഗങ്ങളിൽ 50% പേർ വനിതകളും രണ്ട് പേർ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവരും അതിലൊരാൾ വനിത ആയിരക്കണമെന്നും പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനാണ് ആസൂത്രണ സമിതി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്. ജില്ലാ കളക്ടർ ആയിരിക്കും വരണാധികാരി. തിരഞ്ഞെടുക്കപ്പെടാത്ത മൂന്ന് അംഗങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആസൂത്രണ സമിതി ചെയർമാനും ജില്ലാ കളക്ടർ സമിതി സെക്രട്ടറിയും ആയിരിക്കും. ഒരംഗത്തെ ആസൂത്രണം, ഭരണം എന്നീ മേഖലകളിലെ വൈദഗ്ധ്യം പരിഗണിച്ച് ഒരോ ജില്ലകളിലും സംസ്ഥാനസർക്കാർ നാമനിർദ്ദേശം ചെയ്യുന്നു. എല്ലാ ജില്ലാതല വകുപ്പ് മേധാവികളും ആസൂത്രണസമിതിയിലെ ജോയിന്റ് സെക്രട്ടറിമാർ ആയിരിക്കും. എന്നാൽ ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥനായ ജില്ലാ പ്ലാനിംഗ് ഓഫീസർ സമിതിയുടെ ജോയിന്റ് സെക്രട്ടറി (കോർഡിനേഷൻ) പദവി വഹിക്കുന്നു. ജില്ലയിൽ നിന്നുള്ള ലോകസഭാംഗം, MLA മാർ എന്നിവർ ജില്ലാ ആസൂത്രണസമിതികളിലെ സ്ഥിരം ക്ഷണിതാക്കളാ യിരിക്കും. ജില്ലയിലെ ഏതെങ്കിലും ഗ്രാമ / നഗര തദ്ദേശസ്ഥാപനങ്ങളിലെ വോട്ടർ പട്ടികയിൽ പേരുള്ള രാജ്യസഭാംഗവും സമിതിയിലെ സ്ഥിരം ക്ഷണിതാവാണ്. എന്നാൽ മേൽപ്പറഞ്ഞ MP/MLA എന്നിവർ കേന്ദ്ര/ സംസ്ഥാന മന്ത്രിസഭയിൽ അംഗങ്ങ ളോ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ് എന്നീ പദവികളിൽ ഏതെങ്കിലും അലങ്കരിക്കുന്നവരോ ആണെങ്കിൽ അവർക്ക് ആസൂത്രണ സമിതിയിലേക്ക് തങ്ങളുടെ പ്രതിനിധികളെ നിയമിക്കാം. സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 331 അംഗങ്ങളിൽ നിന്നും മുനിസിപ്പാലിറ്റിയിൽ നിന്നുള്ള 3113 ഉം കോർപ്പറേഷനിൽ നിന്നുള്ള 414 ഉം അംഗങ്ങളിൽ നിന്നുള്ള 168 അംഗങ്ങളെയാണ് പതിനാല് ജില്ലാ ആസൂത്രണസമിതികളിലേക്ക് തിരഞ്ഞെടുത്തത്. ഇതിൽ 133 പേർ ജില്ലാ പഞ്ചായത്ത് അംഗങ്ങളും 24 പേർ മുനിസിപ്പൽ കൗൺസിലർമാരും 11 പേർ കോർപ്പറേഷൻ കൗൺസിലർമാരുമാണ്. 84 പേർ വനിതകളും 28 പേർ പട്ടികജാതി/പട്ടികവർഗ്ഗക്കാരുമാണ്.

## ജില്ലാ ആസൂത്രണ സമിതിയുടെ (DPC) ചുമതലകൾ

1. ഓരോ ജില്ലകളിലെയും വിവിധ തലത്തിലെ (ഗ്രാമ/ നഗര) പ്രാദേശിക സർക്കാരുകൾ തയ്യാറാക്കുന്ന പദ്ധതികളിൽ ഏകോപനം സാധ്യമാക്കുകയും ജില്ലക്ക് ആകമാനം ഒരു വികസനപദ്ധതി തയ്യാറാക്കുക എന്നതും ജില്ലാ ആസൂത്രണസമിതികളുടെ ഭരണഘടനാപരമായ ചുമതലയാണ്. ജില്ലാ പദ്ധതിയുടെ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും സർക്കാർ നിർദേശ പ്രകാരം സമയാസമയങ്ങളിൽ ചെയ്യേണ്ടതും സമിതിയുടെ ചുമതലയാണ്.
2. പ്രാദേശിക സർക്കാരുകളുടെ വാർഷികപദ്ധതികൾ, പദ്ധതികളിൽ ഉണ്ടാകുന്ന ഭേദഗതികൾ എന്നിവയ്ക്ക് അംഗീകാരം നൽകുന്നതും ആസൂത്രണസമിതികളാണ്. ആസൂത്രണസമിതി അംഗീകാരം ലഭ്യമായ പദ്ധതികൾ മാത്രമേ പ്രാദേശികസർക്കാരുകൾക്ക് നിർവ്വഹണം നടത്താൻ സാധിക്കൂ. ആസൂത്രണസമിതിയുടെ നടപടിക്രമം സമിതി സെക്രട്ടറിയായ ജില്ലാ കളക്ടർ ആണ് പ്രാദേശികസർക്കാരുകൾക്ക് നൽകുന്നത്.
3. പ്രാദേശിക സർക്കാരുകളും ,സംസ്ഥാന സർക്കാരും ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണപരവും ധനകാര്യവും ആയ നേട്ടങ്ങൾ വിലയിരുത്തുന്നതും വിശകലനം ചെയ്യുന്നതും ആസൂത്രണ സമിതികളാണ്.
4. ജില്ലയുടെ പ്രത്യേകമായ സാഹചര്യത്തിൽ അടിസ്ഥാനസൗകര്യ വികസനം, ഉൾപ്പെടെയുള്ള ഏതൊരു വിഷയത്തിലും സർക്കാരിന്റെ പ്രത്യേകശ്രദ്ധ ആവശ്യമെങ്കിൽ അക്കാര്യം ആസൂത്രണസമിതി അംഗീകാരത്തോടെ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരാൻ ആസൂത്രണസമിതികൾക്ക് കഴിയും.
5. ജില്ലയിലെ വികസന അജണ്ടകൾക്ക് മുൻഗണന നിശ്ചയിക്കാനും പ്രത്യേക പരിഗണന നൽകേണ്ട മേഖലകൾ കണ്ടെത്തി ജില്ലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പ്രാദേശിക സർക്കാരുകൾക്കും വിവിധ വികസന വകുപ്പുകൾക്കും മാർഗ്ഗനിർദ്ദേശം നൽകുവാനും ആസൂത്രണ സമിതികൾക്ക് അധികാരമുണ്ട്.
6. നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ലഭ്യമായ അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും 'നഗര മാസ്റ്റർ

പ്ലാനുകൾക്ക് " രൂപം നൽകുന്നതിന് ആവശ്യമായ പിന്തുണ നൽകേണ്ടതും പ്ലാനുകൾ അംഗീകരിച്ച് സംസ്ഥാന സർക്കാരിന് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതികളാണ്.

## ജില്ലാ ആസൂത്രണസമിതികൾ മുൻകൂട്ടി കാണേണ്ട വസ്തുതകൾ

സംസ്ഥാന സർക്കാർ വരുമാനത്തിന്റെ 35% ൽ അധികം തുക പ്രാദേശിക സർക്കാരുകൾക്കാണ് വകയിരുത്തുന്നത്. എന്നാൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന പദ്ധതികളിൽ വേണ്ടത്ര വികസന കാഴ്ചപ്പാട് ഉണ്ടോ എന്ന് പരിശോധിക്കാതെ പദ്ധതികൾക്ക് ആസൂത്രണസമിതികൾ അംഗികാരം നൽകുന്നു എന്ന് ചില കോണിൽ നിന്നും വിമർശനങ്ങൾ ഉയരുമ്പോഴും കഴിഞ്ഞ കാൽനൂറ്റാണ്ട് കാലത്തെ നമ്മുടെ വികസന ചരിത്രം പരിശോധിച്ചാൽ പ്രാദേശികവികസനത്തിലൂടെ തന്നെയാണ് സംസ്ഥാനത്ത് സമഗ്രവികസനം സാധ്യമായതെന്നും അതിന്റെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നത് പ്രാദേശിക സർക്കാരുകൾ തന്നെയാണെന്നും അടിവരയിട്ട് പറയാം. മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിന്റെയും ജനങ്ങളുടെയും ആവശ്യത്തിനനുസരിച്ച് വികസനവും പരിവർത്തനവും സാധ്യമാക്കുവാൻ പ്രാദേശിക സർക്കാരുകൾക്ക് സാധിച്ചിട്ടുണ്ടെങ്കിൽ, ജില്ലാ ആസൂത്രണസമിതികളുടെ നേതൃത്വപരമായ പങ്ക് കാണാതെ പോകരുത്. കാൽ നൂറ്റാണ്ടിന്റെ കരുത്തുമായി ജനകീയാസൂത്രണം ഇന്ന് രണ്ടാം ഘട്ടത്തിലേക്ക് എത്തി നില്ക്കുമ്പോൾ വികേന്ദ്രീകൃത ജനാധിപത്യ ഭരണനിർവ്വഹണത്തിലെ അടയാളപ്പെടുത്തലുകളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നിലനിർത്താനുള്ള ഇടപെടലുകൾ ഇനിയും ഓരോ ജില്ലാ ആസൂത്രണ സമിതികളും നടത്തേണ്ടതായിട്ടുണ്ട്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കാൻ ആവശ്യമായ എല്ലാ പിന്തുണാ സംവിധാനങ്ങളും ഇതിനായി അവർക്ക് നൽകേണ്ടതായിട്ടുണ്ട്. വികസനപ്രശ്നങ്ങളെ വിശാലമായ കാഴ്ചപ്പാടിൽ നോക്കിക്കാണാനുള്ള ആർജ്ജവം ജില്ലാ ആസൂത്രണസമിതിക്ക് ഉണ്ടാകേണ്ടതായിട്ടുമുണ്ട്. ആസൂത്രണ സമിതികളുടെ ശ്രദ്ധയിൽ വരേണ്ട ചില വിഷയങ്ങൾ താഴെ ക്രോഡീകരിക്കുന്നു.

**1. ജില്ലാ പദ്ധതികളും (District Plan)**

**സംയോജിത വികസന സാധ്യതകളും**

DPC കളുടെ നേതൃത്വത്തിൽ ജില്ലകളുടെ സമഗ്രവികസനത്തിന് ഒരു സംയോജിത സമീപനം കൈകൊള്ളുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും 2018-ൽ തന്നെ ജില്ലാ പദ്ധതികൾക്ക് (District Plan) രൂപം നൽകിയിട്ടുണ്ട്. പ്രാദേശികവും, ധനപരവും വകുപ്പ് തലത്തിലുമുള്ള വികസനസാധ്യതകളും ബഹുതല ആസൂത്രണ സാധ്യതകളും സമന്വയിപ്പിച്ച് കൊണ്ടുള്ള സമഗ്രമായ ഒരു വികസനകാഴ്ചപ്പാടാണ് ജില്ലാപദ്ധതികൾ മുന്നോട്ട് വയ്ക്കുന്നത്. ജില്ലാ പദ്ധതി മുന്നോട്ട് വയ്ക്കുന്ന വിവിധ തലത്തിലുള്ള പ്രാദേശികസർക്കാരുകളുടെയും വകുപ്പുകളുടെയും വിവിധപദ്ധതികളുടെ സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസനസാധ്യതകൾ നിർവ്വഹണ യോഗ്യമാക്കുന്നതിനുമുള്ള നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടത് ജില്ലാ ആസൂത്രണസമിതികളാണ്.

**2. ജില്ലാ റിസോഴ്സ് സെന്ററുകൾ (District Resources Centre) ശക്തിപ്പെടുത്തൽ**

കാലാകാലങ്ങളായി ഭൂരിഭാഗം പ്രാദേശികസർക്കാരുകളും ഏറ്റെടുക്കുന്നത് വലിയ ഭൗതിക നേട്ടമില്ലാത്ത ചെറിയ ചെറിയ പദ്ധതികളാണെന്ന് കാണാവുന്നതാണ്. ജില്ലക്ക് മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിതസാധ്യതകളുള്ള വലിയ പദ്ധതികൾ കണ്ടെത്തി അത്തരം പദ്ധതികൾക്ക് രൂപം നൽകുന്നതിനും ആവശ്യമെങ്കിൽ പഠനത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനാവശ്യമായ പിന്തുണാ സംവിധാനം ജില്ലാ ആസൂത്രണ സമിതികൾക്കും പ്രാദേശികസർക്കാരുകൾക്കും നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കാൻ 2019 ൽ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സെന്ററുകളുടെ സാധ്യതകൾ ആസൂത്രണസമിതികൾ കണ്ടെത്തേണ്ടതായിട്ടുണ്ട്.

കാൽ നൂറ്റാണ്ടിന്റെ
കരുത്തുമായി
ജനകീയാസൂത്രണം
ഇന്ന് രണ്ടാം ഘട്ടത്തിലേക്ക്
എത്തി നില്ക്കുമ്പോൾ വികേന്ദ്രീകൃത
ജനാധിപത്യ ഭരണനിർവ്വഹണ
ത്തിലെ അടയാളപ്പെടുത്തലുകളും
നേട്ടങ്ങളും സുസ്ഥിരമായും
സ്ഥായിയായും നിലനിർത്താനുള്ള
ഇടപെടലുകൾ ഇനിയും ഓരോ
ജില്ലാ ആസൂത്രണ സമിതികളും
നടത്തേണ്ടതായിട്ടുണ്ട്.

**3. 14-ാം പദ്ധതി (2022- 27) മുന്നൊരുക്കം**

നടപ്പ് സാമ്പത്തിക വർഷം (2021-22) തന്നെ 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. ഇതിനായി ജില്ലയിലെ പ്രത്യേകമായ സാഹചര്യങ്ങളും സാധ്യതകളും മുന്നിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകൾ ആസൂത്രണസമിതികളുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. മുൻകാല ന്യൂനതകൾ പരിഹരിച്ച് കൊണ്ട് സമയബന്ധിതമായും കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതല സ്പർശിയായും പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്നതിനുള്ള ചില ചുവടുവെയ്പുകളും അതിനായി ചില ഗൃഹപാഠങ്ങളും ജില്ലാ ആസൂത്രണസമിതികൾ നടത്തേണ്ടതായിട്ടുണ്ട്.

**4. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

പുതുതായി ചുമതലയേൽക്കുന്ന ജില്ലാ ആസൂത്രണസമിതികളുടെ മുമ്പിൽ വരുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് ജില്ലയിലെ കൊവിഡ് പ്രതിരോധ അതിജീവന പ്രവർത്തനങ്ങൾക്ക് ജില്ലാ തലത്തിലും പ്രാദേശികസർക്കാർ തലത്തിലും ഏകോപനം സാധ്യമാക്കുക എന്നത് തന്നെയാണ്. പല രാജ്യങ്ങളും കൊവിഡ് മഹാമാരിയെ നേരിടുന്നതിൽ പല തന്ത്രങ്ങളും പരീക്ഷിച്ചെങ്കിലും ഒരു പരിധിവരെയെങ്കിലും വിജയം കണ്ടത് കേരളം പ്രാദേശികമായി നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളാണ്. അതിനാൽ തന്നെ നൂതനമായ ആശയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായിരിക്കുന്നു. വിശാലമായ കാഴ്ചപ്പാടോട് കൂടി വേണം ആസൂത്രണസമിതികൾ കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് രൂപം നൽകേണ്ടത്.

**5. ദുരന്തനിവരണ പദ്ധതി (Disaster Management Plan) നിർവ്വഹണം**

സംസ്ഥാനത്തെ എല്ലാ ഗ്രാമ-നഗര പ്രാദേശികസർക്കാരുകളും ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ദുരന്തനിവാരണ പദ്ധതികൾ 2019-ൽ തയ്യാറാക്കിയിട്ടുണ്ട്. കൊവിഡിന്റെ പശ്ചാത്തലത്തിൽ ഈ ദുരന്തനിവാരണ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. മാത്രവുമല്ല പ്രാദേശിക ദുരന്തസാധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്തനിവാരണ പദ്ധതിനിർദ്ദേശങ്ങൾ പ്രാദേശികസർക്കാരുകൾ അവരുടെ വാർഷിക പദ്ധതികളുടെ ഭാഗമാക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതും അനിവാര്യമാണ്. ഇക്കാര്യത്തിൽ ജില്ലാആസൂത്രണ സമിതികളുടെ നേതൃത്വപരമായ ഇടപെടലുകൾ അനിവാര്യമാണ്.

**6. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം**

പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-22 ൽ 1795 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 1203 കോടി രൂപയും മുനിസിപ്പാലിറ്റികൾക്കും, പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള 6 മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മലപ്പുറം നഗരസഭയ്ക്കും 592 കോടി രൂപയുമാണ് അനുവദിച്ചത്. ധനകാര്യ കമ്മീഷൻ തുകയുടെ 60% a) കുടിവെള്ള ജലസംരക്ഷണം b) ശുചിത്വ ഖരമാലിന്യം എന്നീ രണ്ട് മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാന്റായി (Tied Grant) മാത്രമേ വിനിയോഗിക്കാവൂ എന്ന് കേന്ദ്ര ധനകാര്യകമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾക്കും 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള മലപ്പുറം നഗരസഭയ്ക്കും ലഭിക്കുന്ന തുക പ്രസ്തുത കോർപ്പറേഷനുകൾക്കും മലപ്പുറം നഗരസഭയ്ക്കും നഗരസഞ്ചയങ്ങളുടെ ഭാഗമായ വിവിധ പ്രാദേശിക സർക്കാരുകൾക്കും വിനിയോഗിക്കാം.

കേന്ദ്ര ധനകാര്യകമ്മീഷൻ വിഹിത വിനിയോഗം ഫലപ്രദമായി മോണിറ്റർ ചെയ്തില്ലെങ്കിൽ തുടർവർഷങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തദ്ദേശസ്ഥാപനങ്ങൾക്ക് കിട്ടാതെ വന്നെന്നിരിക്കും. എല്ലാ ജില്ലാ ആസൂത്രണസമിതികളുടെയും ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകം ഉണ്ടാകേണ്ടതായിട്ടുണ്ട്.

●●●

**സംസ്ഥാനത്തെ എല്ലാ ഗ്രാമ-നഗര പ്രാദേശികസർക്കാരുകളും ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ദുരന്തനിവാരണ പദ്ധതികൾ 2019-ൽ തയ്യാറാക്കിയിട്ടുണ്ട്. കൊവിഡിന്റെ പശ്ചാത്തലത്തിൽ ഈ ദുരന്തനിവാരണ പദ്ധതികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലാആസൂത്രണ സമിതികളുടെ നേതൃത്വപരമായ ഇടപെടലുകൾ അനിവാര്യമാണ്.**

●●●

**7. പ്രത്യേക പദ്ധതികളുടെ നിർവ്വഹണം**

സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 10% പട്ടികജാതി/വർഗ്ഗവിഭാഗത്തിന്റെ ഉന്നമനത്തിനും തദ്ദേശസ്ഥാപനങ്ങൾ അവരുടെ പദ്ധതിവിഹിതത്തിന്റെ 10% വനിതാ വികസനത്തിനും 5% ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ വിഭാഗത്തിനും 5% വൃദ്ധർക്കും പാലിയേറ്റീവ് കെയറിനുമുള്ള പദ്ധതികൾക്ക് നിർബ്ബന്ധമായും വകയിരുത്താറുണ്ടെങ്കിലും ഈ മേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലാവരവും ഫലപ്രാപ്തിയും ആസൂത്രണ സമിതികൾ വിശകലന വിധേയമാക്കേണ്ടത് തന്നെയാണ്. കൂടാതെ തുകയുടെ പൂർണ്ണമായ വിനിയോഗം ഉറപ്പാക്കേണ്ടതുമാണ്.

**8. ശ്രദ്ധിക്കേണ്ട മറ്റ് മേഖലകൾ**

- സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക ഉൽപാദന വർദ്ധനവും ഉൽപന്നങ്ങളുടെ വിപണന സാധ്യതകളും ഉറപ്പാക്കുക.
- പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായുള്ള തൊഴിലവസരസൃഷ്ടി (ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം), ജനകീയ ഹോട്ടൽ, ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ, ശുചിത്വ കേരളം, ദുരന്തമാനേജ്മെന്റ് പ്ലാനുകൾ, വയോക്ലബുകൾ, ജൈവപച്ചക്കറി കൃഷി, തോടുകളുടെ ശുചീകരണം, ഫലവൃക്ഷത്തൈ നട്ട് പരിപാലിക്കൽ, പട്ടികജാതി/വർഗ്ഗക്ഷേമം, പാലിയേറ്റീവ് പരിചരണം, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്നിവ പ്രാദേശിക സർക്കാരുകളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക.
- ഗ്രാമ/നഗര തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതിയും എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള കുടിവെള്ളം ലഭ്യമാക്കാനുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണവും ഉറപ്പാക്കുക.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും ഉറപ്പാക്കുക.
- തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതും ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങൾ, റോഡുകൾ, എന്നിവയുടെ പരിപാലനം സാധ്യമാക്കുക.
- മിഷൻ അന്ത്യോദയസർവ്വേ – 2020-ൽ കണ്ടെത്തിയ വികസനവിടവുകൾക്ക് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുക.
- വിവിധ വികസനമിഷനുകളുടെയും കേന്ദ്ര-സംസ്ഥാനപദ്ധതികളുടെയും സംയോജനം ജില്ലാതലത്തിൽ സാധ്യമാക്കുക.

പല രാജ്യങ്ങളും സ്വീകരിച്ചതിൽ നിന്നും ഏറെക്കുറെ വ്യത്യസ്തമായ കേരളത്തിന്റെ വികേന്ദ്രീകൃത ജനകീയ വികസന തന്ത്രം ഒരു പക്ഷേ പൊതുഭരണരംഗത്ത് കേരളം നടത്തിയിട്ടുള്ള ഏറ്റവും വലിയ സ്ഥാപനപരമായ ഇടപെടലായിട്ടാണ് എല്ലാ കോണുകളിൽ നിന്നും വിലയിരുത്തപ്പെടുന്നത്. മാറുന്ന കാലഘട്ടത്തിനും സാഹചര്യങ്ങൾക്കും അനുസരിച്ച് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ട തലത്തിലേക്ക് നമ്മുടെ പ്രാദേശികസർക്കാരുകളെ കൈപിടിച്ച് ഉയർത്തുന്നതിൽ ജില്ലാ ആസൂത്രണസമിതികൾക്ക് വലിയ പങ്ക് വഹിക്കാനാവും അതിനായി ഒരു വികസന കാഴ്ചപ്പാടിന് ജില്ലാ ആസൂത്രണസമിതികൾ രൂപം നൽകേണ്ടതായിട്ടുണ്ട്. □

*ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.*




# നമുക്കുവേണം ക്ഷേമകേരളം ആനന്ദഗ്രാമങ്ങളും

■ ഡോ. വി. സുഭാഷ് ചന്ദ്രബോസ്

ജനകീയാസൂത്രണപരിപാടി ആരംഭിച്ചിട്ട് ഇരുപത്തിയഞ്ചാണ്ട് പിന്നിട്ടു. ഈ വർഷം അതിന്റെ ആഘോഷം കൂടി നടക്കുകയാണ്. ഭരണഘടനയുടെ 72,73 ഭേദഗതി പ്രകാരം തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസനത്തിൽ പ്രധാനസ്ഥാനമാണുള്ളത്. രാജ്യത്തിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പഞ്ചായത്തീരാജ് നഗരപാലിക സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നാണ് അറിയപ്പെടുന്നത്. പ്രാദേശിക സർക്കാരുകൾ എന്ന നിലയിലേക്ക് സംസ്ഥാനത്തെ പഞ്ചായത്തുകൾ മാറുമ്പോൾ രാജ്യത്ത് പലയിടങ്ങളിലും ഇപ്പോഴും പഞ്ചായത്തീരാജ് സ്ഥാപനങ്ങളെന്നനിലയിൽത്തന്നെ തുടരുന്നു. കേരളത്തിൽ പ്ലാൻ വിഹിതത്തിന്റെ 30 മുതൽ 40 ശതമാനം വരെ തുക പ്രാദേശിക സർക്കാരുകളാണ് കൈകാര്യം ചെയ്യുന്നത്. വിപുലമായ ഉദ്യോഗസ്ഥ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. ജനകീയാസൂത്രണം ആരംഭിച്ചത് 1996-ൽ ആണെങ്കിലും 1990-കളിൽ നടന്ന സമ്പൂർണ്ണ സാക്ഷരത യജ്ഞത്തെത്തുടർന്ന് പഞ്ചായത്തുകളിലെ വിഭവനിർണ്ണയത്തിനായി പഞ്ചായത്തുതല വിഭവ ഭൂപടനിർമ്മാണ പരിപാടിയും സംസ്ഥാനത്ത് ആരംഭിച്ചിരുന്നു. ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഗ്രാമസഭകൾ, തദ്ദേശസ്വയംഭരണ സമിതികൾ എന്നിവയ്ക്ക് നിർണ്ണായകസ്ഥാനമുണ്ടായി.

ഒരു പദ്ധതിക്കായി 100രൂപ ബജറ്റിൽ വകയിരുത്തിയാൽ പലതട്ട് കഴിഞ്ഞ് പത്തുരൂപയ്ക്കുള്ള പ്രയോജനം പോലും ജനങ്ങൾക്കു ലഭിക്കുന്നില്ല എന്നൊരു നിരീക്ഷണം തന്നെ ആ കാലയളവിലുണ്ടായിരുന്നു. എന്നാൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പണം ലഭിച്ചതുമുതൽ കാര്യങ്ങളിൽ വലിയ മാറ്റമുണ്ടായി. പല പഞ്ചായത്തുകളിലും മാതൃകാപരമായ പ്രവർത്തനങ്ങൾ നടന്നു. നീർത്തടാധിഷ്ഠിത വികസനം, സ്ഥലപരാസൂത്രണം, വിഭവാധിഷ്ഠിത ആസൂത്രണം, നീർത്തടവികസന പ്ലാൻ, പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണം എന്നിവയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രാദേശിക തലങ്ങളിലേക്കും വ്യാപിച്ചു. കാർഷിക, ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലൊക്കെ വ്യത്യസ്ത പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ജനകീയപങ്കാളിത്തത്തോടെയുള്ള പദ്ധതികളും ഏറെ പ്രശംസനീയമായിരുന്നു.

ഉല്പാദനമേഖലയിൽ പുതിയ വളർച്ചയുണ്ടാക്കുകയെന്നത് ജനകീയാസൂത്രണത്തിന്റെ മുഖ്യ അജണ്ടയായിരുന്നു. കൂടുതൽ ഉത്തരവാദിത്തമുള്ള സേവനങ്ങൾ, സുതാര്യത, ജനപങ്കാളിത്ത പ്രാദേശിക പദ്ധതികൾ അതാത് തലങ്ങളിൽ തന്നെയുള്ള രൂപീകരണം എന്നിവയും പ്രധാന ലക്ഷ്യങ്ങളായിരുന്നു.

## മാറിയ കേരളം

ഇനി കേരളത്തെ രണ്ട് കാലഘട്ടമായി കാണേണ്ടിവരും. 2016-നു മുൻപുള്ളതും ശേഷമുള്ളതും എന്ന നിലയിൽ. ഭൂമദ്ധ്യരേഖയ്ക്കു സമീപത്തായിരുന്നിട്ടുകൂടി പടിഞ്ഞാറ് അറബിക്കടലും കിഴക്ക് പശ്ചിമഘട്ട

മലനിരകളും ഉള്ളതിനാൽ ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ ലഭിച്ചു. പ്രകൃതിയുടെ സ്വന്തം നാടായിത്തന്നെ കേരളം മാറിയിരുന്നു. നല്ല മഴ, ഫലഭൂയിഷ്ഠമായ മണ്ണ്, പ്രകൃതിഘടകങ്ങൾ എന്നിവയെല്ലാം വളരെ തനതും അനുകൂലവുമായിരുന്നു. സമ്പൂർണ്ണ സാക്ഷരത, മാനവ വികസന സൂചിക എന്നിവയിലും കേരളം മാതൃകയായി മാറി. എന്നാൽ 2016 മുതൽ ചിത്രം മാറിത്തുടങ്ങി. ആ വർഷത്തിനു മുൻപുള്ള 142 വർഷങ്ങളുടെ ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ച നാം 2016-ൽ നേരിട്ടു. കൃത്രിമമഴ പെയ്യിക്കുന്നതിനെക്കുറിച്ച് പോലും സർക്കാർ തലത്തിൽ ആലോചനയുണ്ടായി. മഴയുടെ നാട്ടിലാണ് വരൾച്ചയെന്നത് ഗൗരവമായി കാണണം. 2017-ൽ ഓഖി, 2018-19 വർഷങ്ങളിൽ പ്രളയം, ഉരുൾപൊട്ടൽ, നിപ്പ തുടങ്ങിയവയെല്ലാം നാം അനുഭവിച്ചു. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം നമ്മുടെ കണക്കുകൂട്ടലുകളുടെ താളം തെറ്റിച്ചു. വിപുലമായ ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ രംഗത്തിറങ്ങി നിരവധി പ്രതിരോധ, ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. കുനിന്മേൽ കുരു എന്ന പോലെ 2020-ൽ വന്ന കൊവിഡ് എന്ന ആഗോള മഹാമാരി നമ്മെയും ബാധിച്ചു. വികസനപ്രവർത്തനങ്ങളോടൊപ്പം ജനങ്ങളുടെ ദുരിതം മാറ്റുവാൻ വലിയ ശ്രമങ്ങൾ തന്നെ വേണ്ടിവരുന്നു.

ഈ കാലയളവിൽത്തന്നെ ആഗോള താപനവും തുടർന്നുണ്ടായ കാലാവസ്ഥാവ്യതിയാനവും രൂക്ഷമായി. കടലിന്റെ ചൂട് ക്രമാതീതമായി വർദ്ധിക്കുന്നു. മഴയുടെ ദിനങ്ങളിലും കാലയളവുകളിലും മാറ്റമുണ്ടാകുന്നു. വേനൽമഴയിൽ കുറവുണ്ടായപ്പോൾ വരൾച്ച, ജലക്ഷാമം, തുലാവർഷ, കാലവർഷങ്ങളിൽ ക്രമരഹിതമായ വ്യതിയാനവും തുടർന്ന് പ്രളയവുമെന്നതായി സ്ഥിതി. മഴയുടെ സ്ഥലകാലലഭ്യതയിൽ വലിയ ഏറ്റക്കുറച്ചിലുണ്ടായി. കുറഞ്ഞ കാലയളവിൽ ചെറിയ സ്ഥലത്ത് വലിയ മഴയെന്ന നിലയിൽ മഴയുടെ രീതികൾ മാറി. മഴക്കാല ദുരിതങ്ങൾ വർദ്ധിച്ചു. മഴ മാറിയാൽ വരൾച്ച. കാലത്തിന്റെയും കാലാവസ്ഥയുടെയും താളംതെറ്റി. മഹാമാരി കൂടിയായപ്പോൾ പല നിയന്ത്രണങ്ങളും വേണ്ടിവന്നു. ജനങ്ങളുടെ സഞ്ചാരവും സ്വതന്ത്രമായ വ്യാപാര വാണിജ്യ സംവിധാനവും ഒരുപാട് വെല്ലുവിളികളെ നേരിടേണ്ടിവരുന്നു.

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അരി, ഗോതമ്പ്, പാൽ, പച്ചക്കറി, മുട്ട, പഞ്ചസാര തുടങ്ങി നിരവധി ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ മറ്റിടങ്ങളിൽനിന്നും വരുന്നുണ്ടായിരുന്നു. പ്രാദേശികതലത്തിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ഇനിയും സ്വയംപര്യാപ്തത ആയിട്ടില്ല. ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ നാമിനിയും വളരെയേറെ മുന്നോട്ട് പോകേണ്ടതുണ്ട്. കൊവിഡ് വന്നതുമുതൽ കൂടുതൽ ശ്രദ്ധ ആരോഗ്യകാര്യങ്ങളിലേക്കു മാറുകയുണ്ടായി. ജനങ്ങൾക്ക് ഭക്ഷണവും മരുന്നുമൊക്കെ എത്തിക്കുന്നതിനായി വലിയ പ്രയത്നങ്ങൾതന്നെ നടക്കുന്നുണ്ട്.

കേരളത്തിലെ തീരപ്രദേശങ്ങളും മലനാട് മേഖലകളും നിരവധി പ്രകൃതിദുരന്തങ്ങളുടെ ഭീഷണിയിലാണ്. കൊവിഡ് വന്നതുമുതൽ ആഗോളതലത്തിൽത്തന്നെ വിദ്യാഭ്യാസരീതികൾ മാറുന്നു. ഓൺലൈൻ പഠന സംവിധാനങ്ങൾ വ്യാപകമാവുകയാണ്. എല്ലാവർക്കും ഭക്ഷണവും തൊഴിലും വരുമാനവും ഉറപ്പാക്കുകയെന്നത് ഒരു ഭഗീരഥപ്രയത്നം തന്നെയാണ്. മറ്റു സംസ്ഥാനങ്ങളെ ഇനി അധികകാലം ആശ്രയിച്ച് മുന്നോട്ട് പോകാനാവില്ല. ദുരന്ത പ്രതിരോധ പരിപാലനമേഖലകളിൽ പുതിയ കാഴ്ചപ്പാടും കർമ്മപരിപാടികളും അനിവാര്യമായി മാറുന്നു.

## ഇനി വേണ്ടത് ക്ഷേമകേരളം

ജനങ്ങളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വരുമാന വർദ്ധന

**ജനങ്ങളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, വരുമാന വർദ്ധന പരിപാടികൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കു മുൻതൂക്കം നൽകിയുള്ള ക്ഷേമകേരളപദ്ധതികളാണ് ഇനിയും പ്രാദേശിക തലങ്ങളിൽ രൂപപ്പെടുത്തേണ്ടത്. പരിസ്ഥിതിയെ പരിഗണിക്കാതെ ഇനി മുന്നോട്ട് പോകാനാവില്ല. പുതിയ പ്രകൃതിസൗഹൃദ നിർമ്മാണരീതികൾ വ്യാപകമാക്കേണ്ടതുണ്ട്.**

പരിപാടികൾ, രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നിവയ്ക്കു മുൻതൂക്കം നൽകിയുള്ള ക്ഷേമകേരളപദ്ധതികളാണ് ഇനിയും പ്രാദേശികതലങ്ങളിൽ രൂപപ്പെടുത്തേണ്ടത്. പരിസ്ഥിതിയെ പരിഗണിക്കാതെ ഇനി മുന്നോട്ട് പോകാനാവില്ല. പുതിയ പ്രകൃതി സൗഹൃദ നിർമ്മാണരീതികൾ വ്യാപകമാക്കേണ്ടതുണ്ട്. പുതിയൊരു ക്ഷേമകേരളവികസന നയവും സമീപനവും കർമ്മപരിപാടികളുമാണ് ഇനിയുമുണ്ടാകേണ്ടത്. അന്യസംസ്ഥാന തൊഴിലാളികളെ ഇനിയും കൂടുതൽ ആശ്രയിക്കാനാവില്ല. ഒരു കാലഘട്ടത്തിൽ തമിഴ്നാട്ടിൽ നിന്നായിരുന്നു ധാരാളമായി തൊഴിലാളികൾ വന്നിരുന്നത്. പിന്നീട് അത് കുറഞ്ഞുവരികയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള വരവായി മാറുകയും ചെയ്തു. എന്നാൽ കൊവിഡാനന്തര കാലഘട്ടത്തിൽ അതിനും വലിയ മാറ്റമുണ്ടാകാനാണ് സാധ്യത.നമ്മുടെ തൊഴിൽസേനയെ നാം തന്നെ വികസിപ്പിക്കേണ്ടിവരുന്നതാണ്

വിദ്യാഭ്യാസമേഖലയിൽ ഓൺലൈൻ പഠനരീതി കൂടുതൽ വിപുലമാക്കേണ്ടിവരും. ലോകത്താകെ ഡിജിറ്റൽ, വിദൂര യൂണിവേഴ്സിറ്റികൾ വ്യാപകമാവുകയാണ്. ലോകത്തിലെ ഏതു യൂണിവേഴ്സിറ്റിയുടെ ബിരുദവും പഠനവും സ്വന്തം വീടുകളിലിരുന്നു ചെയ്യാവുന്ന സോഫ്റ്റ്‌വെയറുകളും പഠന ബോധന സമ്പ്രദായങ്ങളും കരിക്കുലവുമൊക്കെ ദ്രുതഗതിയിൽ വികസിക്കുകയാണ്. ഡോക്ടർ അറ്റ് ഹോം എന്ന നിലയിൽ ഡോക്ടർമാർ ഉൾപ്പെടെ വീടുകളിലെത്തി ചികിൽസ നല്കുന്ന രീതി വ്യാപകമാകുന്ന കാലമാണ് വരാനിരിക്കുന്നത്. സേവനങ്ങളെല്ലാം വിരൽത്തുമ്പിൽ വീടുകളിൽ ലഭ്യമാക്കുന്നതെങ്ങനെയെന്ന അന്വേഷണത്തിലാണ് ലോകം. ഇപ്പോൾത്തന്നെ പല ശ്രമങ്ങളും വിജയിച്ചിട്ടുണ്ട്. ഫ്രിഡ്ജിൽ വച്ചിരിക്കുന്ന വസ്തുക്കൾ കുറയുന്നതിനനുസരിച്ച് ഓട്ടോമാറ്റിക് ആയി സൂപ്പർമാർക്കറ്റിലെ കംപ്യൂട്ടറിൽ വിവരം നൽകി വീടുകളിൽ സാധനങ്ങളെത്തുന്ന നിലയിൽ ലോകം വളർന്നു. വായുവിൽ നിന്നും വെള്ളം സൃഷ്ടിക്കുന്നു. കടൽവെള്ളം വ്യാപകമായി ശുദ്ധീകരിച്ച് ഉപയോഗിക്കുന്നു. സോളാർ, കാറ്റ്, തിരമാല, മാലിന്യങ്ങൾ എന്നിവയിൽനിന്നും വൈദ്യുതി കൂടുതലായി ഉൽപാദിപ്പിക്കപ്പെടുന്നു. പുതിയ കാർഷിക, ജലസേചന സമ്പ്രദായങ്ങൾ രൂപപ്പെടുന്നു. പ്രളയം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിച്ച് പ്രകൃതിയെയും പരിസ്ഥിതിയെയും കൂടുതൽ സംരക്ഷിക്കാനുള്ള സംവിധാനങ്ങളും പ്രധാനമാണ്. ഡിജിറ്റൽ

ഡിവൈഡിന്റെ [Digital divide] യുഗത്തിലാണ് നാം ജീവിക്കുന്നത്. ഡിജിറ്റൽ സാക്ഷരത വളരെ പ്രധാനമാണ്. കറൻസിരഹിതമായി വ്യവസ്ഥ മാറിയാലും അത്ഭുതപ്പെടാനില്ല. ഇപ്പോൾത്തന്നെ യോനോയും ഗൂഗിൾപേയും ഫോൺപേയും ഓൺലൈൻ ബാങ്കിംഗുമൊക്കെ കൂടുതലായി പ്രചാരത്തിൽ വരികയാണ്. പെട്രോൾയുഗം കഴിയുന്നു. പുതിയ ഇന്ധനത്തിലുള്ള ഗവേഷണത്തിലാണ് ലോകം. വെള്ളത്തിൽനിന്ന് ഹൈഡ്രജൻ വേർതിരിച്ചെടുത്ത് ഇന്ധനമായി ഉപയോഗിക്കുന്ന രീതി ഇലക്ട്രിക് വാഹനങ്ങൾ എന്നിവയും വികസിച്ചുവരുന്നു. ഇവിടെ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ഉടനടി വരുമെന്ന രീതിയിലല്ല പറഞ്ഞത്. മാറുന്ന ലോകവും സാഹചര്യവും അറിയണമെന്നുമാത്രം. പശ്ചാത്തലസേവന വികസനങ്ങൾക്കപരിയായി ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കമുള്ള ഒരു വികസനനയമായിരിക്കും കേരളത്തിന് കൂടുതൽ അനുയോജ്യം. ഉല്പാദനം, തൊഴിൽ, വരുമാനം എന്നീ മേഖലകളിൽ വലിയ പ്രവർത്തനങ്ങളാണ് പ്രാദേശിക തലങ്ങളിൽ ഇനിയുമുണ്ടാകേണ്ടത്. അങ്ങനെയുള്ള പ്രാദേശികസർക്കാരു കളുടെ ഫെഡറൽ സംവിധാനമാവുന്ന ക്ഷേമകേരളമാണ് നമുക്കിനിയും വിഭാവനം ചെയ്യേണ്ടത്.

## ആനന്ദഗ്രാമങ്ങൾ കാലത്തിന്റെ അനിവാര്യത

ജനങ്ങൾക്കു കൂടുതൽ സന്തോഷവും ആത്മവിശ്വാസവും ഉറപ്പാക്കിയുള്ള ആനന്ദഗ്രാമങ്ങളാണ് രൂപപ്പെടുത്തേണ്ടത്. മുൻകാലങ്ങളിൽ ഒരു വാർഡ് മെമ്പറിന്റെ ചിന്തകൾ പരിമിതമായിരുന്നു. തന്നെ ജയിപ്പിച്ച വാർഡിലെ റോഡുകൾ ടാർ ചെയ്യുക, പുതിയ ചില റോഡുകൾ, പാലങ്ങൾ, കുറെ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുക പിന്നെ പെൻഷൻ പോലുള്ള സാമൂഹ്യ സുരക്ഷാപദ്ധതികൾ എല്ലാവരിലും എത്തിക്കുക. ഇങ്ങനെ അഞ്ചുവർഷം പോകുന്ന രീതിയുടെ കാലംമാറി. ഒരുപാടി അധികാരം, സംവിധാനങ്ങൾ, ഭരണഘടനാപരമായതും കേന്ദ്ര സർക്കാരുകൾ നൽകുന്നതുമായ ഉത്തരവാദിത്തങ്ങൾ തുടങ്ങി വികസനചക്രവാളം വളരെ വലുതാണ്.

പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുവാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു കഴിയും. ജനപങ്കാളിത്തം പോരാ, ജനങ്ങളുടെ നേതൃത്വം തന്നെ വേണം. (From peoples participation to people's Leadership) ഇതൊരു സമീപനമാറ്റമായി കൊണ്ടുവരണം. പുതിയ രീതികളും കാഴ്ചപ്പാടുകളും ആവശ്യമാണ്.

## പഞ്ചായത്തിനൊരു വികസന ദർശനരേഖ

ഓരോ പ്രദേശത്തെയും ചെറുതും വലുതുമായ നീർത്തടങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ പ്രകൃതിവിഭവങ്ങളുടെ സാധ്യതയും പ്രശ്നങ്ങളും വിലയിരുത്തപ്പെടണം. മാനവവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തണം. വിപുലമായ വിവരശേഖരണം നടത്തി പഞ്ചായത്തുതല വിവരവ്യവസ്ഥ (Panchayat Level Information System) രൂപപ്പെടുത്തണം. പ്രാദേശിക ദുരന്ത സാധ്യത മേഖലകൾ, സൂക്ഷ്മകാലാ വസ്ഥാമാറ്റം, മഴയുടെ ലഭ്യത എന്നിവയെല്ലാം അറിയേണ്ടതുണ്ട്. പുതിയൊരു വികസനനയം പ്രാദേശികതലത്തിൽ ഉണ്ടാകണം. ഉൽപ്പാദനമേഖലയിൽ വിപുലമായ പദ്ധതികൾ ഉണ്ടാകണം. കാർഷിക ഭക്ഷ്യ ഉൽപാദനം വർദ്ധിപ്പിച്ചേ കഴിയൂ. മൂല്യവർദ്ധിത വസ്തുക്കളുടെ ഉൽപാദനം, ഭക്ഷ്യസംസ്കരണ സംവിധാനങ്ങൾ എന്നിവ വിപുലപ്പെടുത്തണം. വിനോദ, കായിക, വ്യായാമ സംവിധാനങ്ങൾ കൂടുതലായി ഉണ്ടാകണം. ഏതൊരു പ്രദേശമെടുത്താലും കുറച്ചു പേരിലെങ്കിലും നല്ല സമ്പത്തുണ്ട്. ധാരാളം പ്രവാസികളുണ്ടാകാം. ഇവരുടെ കൈയിലുള്ള തുക പ്രാദേശികതലത്തിൽ ഉൽപാദന ചെറുകിട വ്യവസായ മേഖലകളിലേക്കു കൊണ്ടുവരണം. കൂടുതൽ സാമ്പത്തിക പ്രവർത്തനങ്ങൾ (economic activity) നടക്കണം. ആഗോളടൂറിസം സാധ്യതകൾ കുറയുകയാണ്. ആയിടത്ത് ഉത്തരവാദിത്ത പ്രകൃതിദത്ത പ്രാദേശിക ടൂറിസസാധ്യത കൾ വികസിപ്പിക്കണം.

വിദ്യാഭ്യാസ സംവിധാനങ്ങൾ വിപുലപ്പെടുത്തണം. ജനകീയ ആരോഗ്യ, രോഗപ്രതിരോധ വിദ്യാഭ്യാസമാവശ്യമാണ്. ഓരോ വകുപ്പും സ്ഥാപനവും അവരവരുടെ പദ്ധതികകളുണ്ടാക്കി സംയോജിപ്പിച്ച് വാർഷികപദ്ധതികളാക്കുന്ന രീതിക്കു പകരം മേഖലകൾ, വിഷയങ്ങൾ, വികസനസാധ്യതകൾ എന്നിവയ്ക്കനുസരിച്ച് ഒരു ഡോക്കുമെന്റ് ഉണ്ടാക്കുക. അതൊരു സംയുക്തപദ്ധതിയായിരിക്കണം. സംയോജിതസംഘടനാ സംവിധാനങ്ങൾ വേണ്ടിവരും. അതനുസരിച്ച് ഓരോ വിഭാഗത്തിന്റെയും ഉത്തരവാദിത്തങ്ങളും കാലയളവും നിശ്ചയിക്കുകയും വേണം. ഉദാഹരണമായി കൃഷി, മൃഗസംരക്ഷണം, മണ്ണ്, ജലജൈവസംരക്ഷണം, ജലസേചനം, ചെറുകിടവ്യവസായം, മൂല്യവർദ്ധിതവസ്തുക്കളുടെ ഉല്പാദനം ഇവയ്ക്ക് ഒറ്റരേഖയുണ്ടാകണം. അതിൽ ഓരോരുത്തരുടെയും നിർവഹണപങ്ക് പറയണം. സംയുക്ത നിർവ്വഹണ, മോണിറ്ററിംഗ്, തുടർപരിപാലന സംവിധാനങ്ങൾ ആവശ്യമാണ്. ഇതൊക്കെ നടക്കുമോ, പ്രായോഗികമാണോ, എന്നൊക്കെ തോന്നാം. പക്ഷേ അങ്ങനെയൊരു ചിന്തയ്ക്ക് ഇനി സ്ഥാനമില്ല. പ്രശ്നങ്ങൾ സങ്കീർണ്ണമാണ്. പരിഹാരം ലളിതമാക്കിയേ പറ്റുകയുള്ളൂ. കഴിയുമോ എന്നതല്ല. കഴിയണം എന്നതാകണം ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും മനോഭാവം. കാലത്തിനനുസരിച്ച് മാറുമ്പോഴാണ് ശാസ്ത്രീയ ആസൂത്രണമാകുന്നത്. കാര്യങ്ങൾ ചെയ്തുതീർക്കുന്നതല്ല ആസൂത്രണം. അതിനു നിരവധി ക്രമങ്ങളും രീതികളുമുണ്ട്. ഇനി അതിന്റെ കാലമാണ് മുന്നിലുള്ളത്

ജലം, പരിസ്ഥിതി, കൃഷി, ജലസേചനം, ആരോഗ്യം, ഊർജ്ജം, വിദ്യാഭ്യാസം, സ്ത്രീവികസനം, വയോജനസംരക്ഷണം, ശിശുസംരക്ഷണം തുടങ്ങിയ വിവിധ മേഖലകളിൽ നയങ്ങളും പരിപാടികളും ആവശ്യമാണ്. ഓരോ പഞ്ചായത്തും ജനങ്ങൾക്കു സന്തോഷം പരമാവധി ഉറപ്പാക്കുന്നതിലുള്ള ഒരു ആനന്ദ സൂചിക (Happiness Index) തയ്യാറാക്കണം. അതിനനുസരിച്ചുള്ള നയവും ദർശന രേഖകളും രൂപപ്പെടുത്തണം. വിവരശേഖരണം, പഠനങ്ങൾ, പ്രോജക്ടുകൾ എന്നിവ പ്രധാനമാണ്.

എന്തായാലും കൊവിഡ് എപ്പോൾ പൂർണ്ണമായും മാറുമെന്ന് നമുക്കറിയില്ല. ഇനിയും പല പ്രതിസന്ധികളും വരാം. ഇവയെയെല്ലാം പ്രതിരോധിക്കുവാനും ജനങ്ങൾക്കു കൂടുതൽ സുരക്ഷ നൽകുവാൻ കഴിയുന്നതും പ്രാദേശികതലങ്ങളിലാണ്. ഇവിടെയാണ് ഗ്രാമസ്വരാജിന്റെയും സ്വാശ്രയഗ്രമാങ്ങളുടെയും സുസ്ഥിര വികസനത്തിന്റെയുമൊക്കെ പ്രസക്തി. ഓരോ ഗ്രാമത്തിനും ആവശ്യമായ എല്ലാം സൃഷ്ടിക്കുവാനാവില്ലെങ്കിലും പരമാവധി ശ്രമങ്ങൾ നടക്കണം. വിവിധ പ്രദേശങ്ങൾ വ്യത്യസ്ത കാര്യങ്ങളിൽ സ്വയം പര്യാപ്തമാവട്ടെ. അവയുടെ ശൃംഖല രൂപപ്പെട്ടാൽപ്പിന്നെ ആനന്ദഗ്രാമങ്ങളും ക്ഷേമസംസ്ഥാനവും സൃഷ്ടിക്കാനാവും. അത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. പ്രാദേശികവികസന ത്തിൽനിന്നും പ്രാദേശിക സർക്കാരിലേക്കുള്ള മാറ്റം ശാസ്ത്രീയ വികേന്ദ്രീകൃത... 

(തുടരും)



# സാമൂഹ്യവികസനവും ശാക്തീകരണവും

## പ്രതിസന്ധികളും വെല്ലുവിളികളും അവസരങ്ങളാക്കി കുടുംബശ്രീ- 2

■ ആശ എസ്. പണിക്കർ

സമൂഹത്തിലെ ഏറ്റവും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കൂടി അവർ അർഹിക്കുന്ന സാമൂഹ്യനീതിയും സുരക്ഷയും ഉറപ്പാക്കുകയെന്ന ദൗത്യം അഭിമാനകരമായ രീതിയിൽ നിർവഹിക്കുന്ന പ്രസ്ഥാനമാണ് കുടുംബശ്രീ. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന 'അഗതിരഹിത കേരളം' ഈ സർക്കാരിന്റെ അഭിമാന പദ്ധതിയാണ്. സമൂഹത്തിൽ ആരും ആശ്രയിക്കാനില്ലാത്തവരും അതീവദരിദ്രരുമായവരെ കണ്ടെത്തി അവർക്ക് പ്രത്യേക കരുതൽ കൊടുത്ത് സംരക്ഷിക്കുന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഈ പദ്ധതി വഴി നടപ്പാക്കുന്നത്. സമൂഹത്തിലെ പാവപ്പെട്ട ജനവിഭാഗം നേരിടേണ്ടി വരുന്ന ദാരിദ്ര്യത്തിൽ നിന്നും അവരെ മോചിപ്പിക്കുക എന്നതു കൂടി ലക്ഷ്യമിട്ടാണ് ദാരിദ്ര്യനിർമ്മാർജ്ജനത്തിനൊപ്പം സാമൂഹ്യസുരക്ഷയും ഉറപ്പ വരുത്തുന്ന അഗതിരഹിത കേരളം പദ്ധതി നടപ്പാക്കി വരുന്നത്. ജനാധിപത്യ സംരക്ഷണത്തിന് ഈ സർക്കാർ നൽകുന്ന പ്രാധാന്യവും പരിഗണനയും അതിന്റെ എല്ലാ അന്ത:സത്തയോടും കൂടി ഉൾക്കൊണ്ടുകൊണ്ടാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ. ഇതോടൊപ്പം ലോകത്തിനു തന്നെ മാതൃകയായി മാറുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും കുടുംബശ്രീ വിജയകരമായി നടപ്പാക്കി വരുന്നു.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരും നിരാലംബരുമായ ആളുകളുടെ സാമൂഹ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും അവർക്ക് അർഹമായ ആനുകൂല്യങ്ങൾ നേടിക്കൊടുത്തു കൊണ്ട് അവരെ സമൂഹ



ത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്ന തിനുമായി കുടുംബശ്രീ വിവിധ പദ്ധതിക ളാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. കൃത്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തു ന്നതിലൂടെയും സമയബന്ധിതമായി നടപ്പാ ക്കുന്നതു വഴിയും പദ്ധതിക്ക് ഏറെ നേട്ട ങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

## അഗതിരഹിത കേരളം പദ്ധതി

അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട 1,56,647 ഗുണഭോക്തൃ കുടുംബ ങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങളുടെ പിന്തുണ യോടുകൂടി വിവിധ സേവനങ്ങൾ ലഭ്യമാക്കി യതിലൂടെ സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തു ന്ന പ്രവർത്തനങ്ങളാണ് കുടുംബശ്രീ ഏറ്റെ ടുത്ത് നടപ്പാക്കുന്നത്. നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനും അവർ ക്കാവശ്യമായ അടിസ്ഥാന, അതിജീവന, ഉപജീവന സേവനങ്ങൾ ലഭ്യമാക്കുന്നതിനു മായി കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച നടപ്പാ ക്കുന്ന കേരള സർക്കാരിന്റെ അഗതിരഹിത കേരളം പദ്ധതിയിൽ നിലവിൽ 1,56,647 കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 1,032 പൊതുപദ്ധതികളും 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളും അംഗീകാരം നേടി പ്രവർ ത്തനം ആരംഭിച്ചു. 1,46,917 കുടുംബങ്ങളെ പൊതുപദ്ധതികളിലും 9,730 ഗുണഭോക്തൃ കുടുംബങ്ങളെ പട്ടികവർഗ്ഗ പ്രത്യേക പദ്ധ തികളിലും ഗുണഭോക്താ ക്കളായി ഉൾപ്പെ ടുത്തി ഇവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കി വരികയാണ് ഇപ്പോൾ.

## തദ്ദേശ സ്ഥാപനങ്ങൾക്ക് ചലഞ്ച് ഫണ്ട്

അഗതിരഹിത കേരളം ജനറൽ പദ്ധ തികളുടെ ആകെ പദ്ധതി ചെലവിന്റെ 40 ശതമാനം, അല്ലെങ്കിൽ 40 ലക്ഷം രൂപ ഏതാണോ കുറവ് ഈയിനത്തിൽ കുടുംബശ്രീ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന തുക യാണ് ചലഞ്ച് ഫണ്ട്. പട്ടികവർഗ്ഗ പ്രത്യേക അഗതിരഹിത കേരളം പദ്ധതിയിൽ ആകെ പദ്ധതി ചെലവിന്റെ 40 ശതമാനം അല്ലെ ങ്കിൽ 50 ലക്ഷം രൂപ ഏതാണോ കുറവ് അതാണ് ചലഞ്ച് ഫണ്ടായി നൽകുക. പദ്ധ തിയുടെ ഫലപ്രദമായ നടത്തിപ്പിന് കുടുംബശ്രീ തദ്ദേശ സ്ഥാപനങ്ങൾക്ക് 1,032 പൊതുപദ്ധതികളുടെയും 170 പട്ടികവർഗ്ഗ പ്രത്യേക പദ്ധതികളുടെയും ഒന്നാം ഗഡു ചലഞ്ച് ഫണ്ടായി 17.66 കോടി രൂപ നൽകി. ആദ്യഗഡു 80 ശതമാനം പൂർത്തിയാക്കിയ 509 തദ്ദേശ സ്ഥാപനങ്ങൾക്ക് രണ്ടാം ഗഡു ചലഞ്ച് ഫണ്ടായി 56 കോടി രൂപയും വിതരണം ചെയ്തു.

## ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി 342 ബഡ്സ് സ്ഥാപനങ്ങൾ

പതിനെട്ടു വയസിനു താഴെ പ്രായമുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടിക ളുടെയും പതിനെട്ടു വയസിനു മുകളിൽ പ്രാ യമുള്ളവരുടെയും വിദ്യാഭ്യാസത്തിനും പകൽപരിപാലത്തിനും ജീവനോപാധി പരിശീലനത്തിനും വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് കുടുംബശ്രീ ബഡ്സ് സ്ഥാപന ങ്ങൾ നടപ്പാക്കുന്നുണ്ട്. നിലവിൽ സംസ്ഥാ നത്ത് 177 ബഡ്സ് സ്കൂളുകളും 165 ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. 9,545 പരിശീലനാർത്ഥികൾക്ക് വിദ്യാഭ്യാസം, പകൽപരിപാലനം തൊഴിൽ പരിശീലനം എന്നിവ ലഭ്യമാക്കുന്നു. ഇതു കൂടാതെ ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും 18 വയസിനു മുകളിൽ പ്രായമുള്ളവരുടെയും യാത്രാ ക്ലേശം പരി ഹരിക്കുന്നതിനു വേണ്ടി 28 ബഡ്സ് സ്കൂളു കൾക്ക് വാഹനം വാങ്ങുന്നതിനായി 15 ലക്ഷം രൂപ വീതം 4.2 കോടി രൂപ അനുവ ദിച്ചു നൽകി. 2020-21 വർഷം നാല് ബഡ്സ് സ്കൂളുകൾ വാഹനം വാങ്ങി.

## കൊവിഡ് കാലത്ത് ബഡ്സ് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരിശീലനം

കൊവിഡ് കാലത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയപ്പോൾ ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ പഠനം മുടങ്ങി പോകാ

## അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് പദ്ധതി

പി.എം.എ.വൈ. പദ്ധതിയുടെ ഭാഗമായി ഭൂരഹിത ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കുന്നതിനായി ലൈഫ് മിഷനുമായി സംയോജിച്ച്, ഗവൺമെന്റ് /നഗരസ ഭകൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന അഫോർഡബിൾ ഹൗസിംഗ് ഇൻ പാർട്ണർഷിപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതുവരെ ഭൂരഹിതർക്ക് 774 പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കാൻ അനുമതി ലഭ്യമാ യിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 286 യൂണിറ്റുകൾ നിർമ്മിക്കാൻ അനുമതി ലഭ്യമാക്കുകയും ഇതിൽ 200 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു.



തിരിക്കാൻ കുടുംബശ്രീയുടെ നേതൃത്വത്തിൽ ഇവർക്കായി ഓൺലൈൻ ക്ലാസുകൾ ആവിഷ്കരിച്ച് നടപ്പാക്കി. അദ്ധ്യാപകർ വാട്സാപ്പ് ഗ്രൂപ്പുകൾ വഴിയും സമൂഹമാധ്യമങ്ങൾ വഴിയും റെക്കോർഡ് ചെയ്ത വീഡിയോകളുടെ സഹായത്തോടെ ഓൺലൈൻ ക്ലാസുകൾ നൽകിയതോടെ ബഡ്സ് വിദ്യാർത്ഥികളുടെ പഠനം സജീവമാക്കി നിലനിർത്താൻ സാധിച്ചു. 2,788 കുട്ടികൾക്കാണ് ഓൺലൈൻ ക്ലാസിന്റെ പ്രയോജനം ലഭിച്ചത്. ഇതു കൂടാതെ ബഡ്സ് സ്ഥാപ നങ്ങളിലെ കുട്ടികൾക്ക് കൊവിഡ് കാലത്തും വിവിധ തെറാപ്പികളുടെ സേവനം ലഭ്യമാക്കി. സ്ഥിരമായി തെറാപ്പി ആവശ്യമുള്ള കുട്ടികൾക്ക് കൊവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ കീഴിൽ കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കോമ്പോസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺ വിത്ത് ഡിസബിലിറ്റീസ് സ്ഥാപനം പ്രാഥമിക പഠനം എന്ന നിലയ്ക്ക് തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ രണ്ട് ബഡ്സ് സ്ഥാപനങ്ങളിൽ 'തണൽ' എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ കുട്ടിയുടെയും ആരോഗ്യസ്ഥിതി പഠിച്ച ശേഷമാണ് വിവിധ തെറാപ്പികൾ ലഭ്യമാക്കുന്നത്. നിലവിൽ ആറ് ജില്ലകളിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. 450 കുട്ടികൾ പരിശീലനത്തിൽ തുടർച്ചയായി പങ്കെടുക്കുന്നു. ഇതോടൊപ്പം പ്രത്യേക ഉപജീവന പദ്ധതിയുടെ ഭാഗമായി ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഉപജീവനമാർഗ്ഗമൊരുക്കുന്നതു ലക്ഷ്യമിട്ട് 162 ബഡ്സ് സ്ഥാപനങ്ങളിൽ വിവിധ തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കുന്നതിനും സർക്കാരിന്റെ പ്രത്യേക ഉപജീവന പദ്ധതി പ്രകാരം ബഡ്സ് സ്ഥാപനങ്ങൾക്ക് നാല് കോടി രൂപ അനുവദിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## പി.എം.എ.വൈ (നഗരം)- ലൈഫ് 1,02,229 ഭവനങ്ങളുടെ നിർമ്മാണത്തിന് അനുമതി

2022 ൽ 'എല്ലാവർക്കും ഭവനം' നൽകുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരും നഗര-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ്. 2016 മുതൽ ഇതുവരെ ബി.എൽ.സി (എൻ)-വ്യക്തിഗത ഭവനനിർമ്മാണ ഘടകത്തിൽ ഉൾപ്പെടുത്തി 1,02,229 ഭവനങ്ങളുടെ നിർമ്മാണത്തിന് അനുമതി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് 10,465 വീടുകൾ നിർമ്മിക്കാനുള്ള അനുമതി ലഭ്യമാക്കി. 19,689 വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചു.

## പി.എം.എ.വൈ. (നഗരം) - ലൈഫ് ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം

പി.എം.എ.വൈ. നഗരം പദ്ധതിയുടെ ഘടകമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിന്റെ (സി.എൽ.എസ്.എസ്.) ഭാഗമായി, വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ ലഭിക്കുന്ന വായ്പയ്ക്ക്, പരമാവധി 6.5% വരെ പലിശ സബ്സിഡി നൽകി വരുന്നുണ്ട്. പദ്ധതി പ്രകാരം നാളിതുവരെ സംസ്ഥാനത്ത് 23,253 പേർക്കാണ് വായ്പ നൽകിയത്. 2020-21 സാമ്പത്തിക വർഷം മാത്രം വായ്പ ലഭ്യമായത് 3625 ഗുണഭോക്താക്കൾക്കാണ്. വായ്പാ മേളകൾ, ഹോർഡിംഗുകളുടെ പ്രദർശനം, ലഘുലേഖകളുടെ വിതരണം, സോഷ്യൽ മീഡിയയിലൂടെ അവബോധം എന്നിവ ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനായി സ്വീകരിച്ചു.

## പി.എം.എ.വൈ. (നഗരം) ലൈഫ് ഭവനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ

പി.എം.എ.വൈ. (നഗരം) ലൈഫ് പദ്ധതിയിലൂടെ നിർമ്മിച്ച 63,449 ഭവനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീ, സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് കോ-ഇൻഷുറൻസ് വ്യവസ്ഥയിൽ ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. പദ്ധതിയുടെ ആദ്യ മൂന്ന് വർഷത്തെ പ്രീമിയമായ 349 രൂപ ഒരുമിച്ച് സർക്കാരാണ് അടയ്ക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ 63,449 ഗുണഭോക്താക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിന് സാധിച്ചു. ഈ പദ്ധതി പ്രകാരം പി.എം.എ.വൈ (നഗരം) ലൈഫ് പദ്ധതിയിലെ ഓരോ വീടുകൾക്കും ആദ്യ മൂന്ന് വർഷക്കാലം 4 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. മൂന്ന് വർഷങ്ങൾക്ക് ശേഷം ഇൻഷുറൻസ് പരിരക്ഷ തുടരാനായി ഗുണഭോക്താവിന് നേരിട്ട് പ്രീമിയം അടയ്ക്കാനുള്ള സൗകര്യവുമുണ്ട്.

## പി.എം.എ.വൈ. (നഗരം)- ലൈഫ് ഗുണഭോക്തൃകുടുംബങ്ങളിൽ തൊഴിൽ പരിശീലനം

പി.എം.എ.വൈ. (നഗരം)-ലൈഫ് ഗുണഭോക്തൃ കുടുംബങ്ങളിൽ തൊഴിൽ പരിശീലനം ആവശ്യമുള്ള വ്യക്തികളെ കണ്ടെത്തുകയും അവർക്ക് ദേശീയ നഗര ഉപജീവന ദൗത്യത്തിൽ (എൻ.യു.എൽ.എം.) ഉൾപ്പെടുത്തി തൊഴിൽ പരിശീലനം നൽകി മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭ്യമാക്കിവരുന്നു. ഇതിന്റെ ഭാഗമായി തൊഴിൽ പരിശീലനം ആവശ്യമുള്ള ഗുണഭോക്താക്കളുടെ ഡാറ്റാബേസ് ഗൃഹസന്ദർശനത്തിലൂടെ തയ്യാറാക്കി, എൻ.യു.എൽ.എമ്മിന്റെ എംപ്ലോയ്മെന്റ് സ്കിൽ



ട്രെയിനിംഗ് ആൻഡ് പ്ലേസ്മെന്റ് (ഇ.എസ്.ടി. & പി.) ഘടകത്തിന് കീഴിൽ, 2020 - 21 സാമ്പത്തിക വർഷത്തിൽ 90 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുകയും ചെയ്തു. ഇതു കൂടാതെ എൻ.യു.എൽ.എം. പദ്ധതിയുടെ കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ നഗരത്തിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പുതിയ ഷെൽട്ടറുകളുടെ പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചു. ഒപ്പം നിലവിലുള്ള രണ്ട് ഷെൽട്ടറുകളുടെ പുനരുദ്ധാരണവും പൂർത്തീകരിച്ചിട്ടുണ്ട്. 281 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചു.

### തെരുവു കച്ചവടക്കാർക്കുള്ള സഹായ പദ്ധതി

എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായി തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതി വഴി കൊവിഡ് മൂലം കഷ്ടതയനുഭവിച്ച 11,851 തെരുവു കച്ചവടക്കാർക്ക് വായ്പാ സഹായം ലഭ്യമാക്കുന്നതിനും കുടുംബശ്രീക്ക് സാധിച്ചു. നിലവിൽ പദ്ധതിയുടെ കീഴിൽ നഗരത്തിലെ തെരുവുകച്ചവടക്കാർക്കുള്ള സഹായപദ്ധതിയിൽ 19 നഗരസഭകളിൽ തിരഞ്ഞെടുത്ത തെരുവ് കച്ചവട സമിതികൾ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ പി.എം. സ്വാനിധി സ്കീമിൽ 11,851 അപേക്ഷകൾ സമർപ്പിക്കുകയും ഇതിൽ 8,149 വായ്പ അനുവദിക്കുകയും ചെയ്തു.

### തനിച്ച് യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി ഷീ ലോഡ്ജ്

പഠനം, ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പും, കുടുംബശ്രീയും നഗരസഭകളിൽ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ഷീ-ലോഡ്ജുകൾ. 2020-21 സാമ്പത്തിക വർഷത്തിൽ നിലമ്പൂർ, ഏറ്റുമാനൂർ നഗരസഭകളിൽ രണ്ട് ഷീ-ലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു. ഇതിലൂടെ 10 കുടുംബശ്രീ അംഗങ്ങൾക്ക് ഉപജീവന മാർഗ്ഗം ലഭ്യമാക്കാൻ സാധിച്ചു

### ആദിവാസി മേഖലയിലെ സാമൂഹ്യ ശാക്തീകരണം

പട്ടികവർഗ്ഗ ഊരുകളുടെ സമഗ്ര വികസനത്തിനായി ഓരോ ഊരിന്റെയും ആവശ്യകതകൾ അയൽക്കൂട്ടങ്ങളിൽ നിന്നു തന്നെ അറിയുകയും പിന്നീട് പഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിച്ചുകൊണ്ട് സമഗ്ര വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കുന്ന ക്യാമ്പെയ്ൻ സംഘടിപ്പിക്കുകയും ചെയ്തു. നിലവിൽ 2015 ഊരുകൾ തങ്ങളുടെ വികസന പദ്ധതി തദ്ദേശ സ്ഥാപനങ്ങൾക്ക് സമർപ്പിച്ചു. അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനുമായി ആരംഭിച്ച 110 ബ്രിഡ്ജ് കോഴ്സ് സെന്ററുകൾ വഴി കുട്ടികൾക്ക് മികച്ച രീതിയിൽ പഠനം സാദ്ധ്യമാകുന്നു. ഇതിലൂടെ 2525 കുട്ടികൾക്ക് വിദ്യാഭ്യാസ പിന്തുണയും ലഭിക്കുന്നു.

### സർക്കാർ വകുപ്പുകളിൽ ജോലി നേടാൻ യുവതീയുവാക്കൾക്ക് പരിശീലനം

പട്ടികവർഗ്ഗ മേഖലയിലെ യുവതീയുവാക്കൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി, 750 പേർക്ക് ആറുമാസത്തെ തൊഴിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി വഴി 2020-21 വർഷത്തിൽ 874 പേർക്ക് പരിശീലനം നൽകി. ആദിവാസി മേഖലയിലെ യുവാക്കളുടെ കലാ കായിക ബൗദ്ധിക മുന്നേറ്റവും തൊഴിൽ നൈപുണ്യ വികസനവും ലക്ഷ്യമിട്ടു രൂപീകരിച്ച യൂത്ത് ഇന്റർവെൻഷൻ പ്രോഗ്രാം വഴി 2020-21 വർഷത്തിൽ 102 യൂത്ത് ക്ലബ്ബുകൾ ആരംഭിക്കുകയും ഇതുവഴി 3570 യുവാക്കൾക്ക് കലാ കായിക രംഗത്ത് മികവ് നേടാൻ അവസരം ലഭ്യമാക്കുകയും ചെയ്തു. കൂടാതെ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന-തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയിൽ 127 പേർ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ആദിവാസി മേഖലയിലെ യുവാക്കളുടെ കലാ കായിക ബൗദ്ധിക മുന്നേറ്റത്തിനായി 102 യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും 127 പേർക്ക് സൗജന്യ തൊഴിൽ നൈപുണ്യ പരിശീലനത്തിന് അവസരം ലഭ്യമാക്കുകയും ചെയ്തു.

### പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി

ആലപ്പുഴ നിയോജക മണ്ഡലത്തിലും മലമ്പുഴയിലും പലയിടങ്ങളിലായി ചിതറി കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ട് തയ്യാറാക്കിയ സൂക്ഷ്മതല പദ്ധതി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതിയുടെ ഭാഗമായി ആലപ്പുഴയിൽ 165 ഉം മലമ്പുഴയിൽ 74 ഉം

കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം എന്നിവ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങളും വിവിധ ഉപജീവന മാർഗ്ഗവും ലഭ്യമാക്കി. ആലപ്പുഴയിൽ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. മലമ്പുഴയിൽ നടന്നു വരുന്നു.

### അട്ടപ്പാടി ആദിവാസി മേഖലയിൽ സമൂഹ അടുക്കള

അട്ടപ്പാടിയിലെ ആദിവാസികൾക്ക് പോഷകാഹാരം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സാമൂഹ്യ നീതി-പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ചു കൊണ്ട് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതിയാണിത്. ആദിവാസി അയൽക്കൂട്ടങ്ങളിലെ സ്ത്രീകൾ സാമൂഹ്യ അടുക്കളകൾ വഴി തയ്യാറാക്കി വിതരണം ചെയ്യുന്ന ഭക്ഷണം അട്ടപ്പാടിയിൽ പ്രതിദിനം 10,000 ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്നു. വയനാട് ജില്ലയിലെ നൂൽപ്പുഴ, തിരുനെല്ലി, തവിഞ്ഞാൽ എന്നീ പഞ്ചായത്തുകളിൽ ഈ മാതൃകാ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### സ്ത്രീശാക്തീകരണം

സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ മികവു കൊണ്ട് ലോകശ്രദ്ധ നേടിയ പ്രസ്ഥാനമാണ് കുടുംബശ്രീ. അതിക്രമങ്ങൾ നേരിടേണ്ടിവരുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ നിയമസഹായവും പിന്തുണയും ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കുടുംബശ്രീയുടെ പിന്തുണാ സംവിധാനമാണ് 'സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്'. സംസ്ഥാനത്ത് ലീഗൽ സർവ്വീസ് അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് സ്നേഹിതയുടെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലും ലീഗൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. അഭിഭാഷകരുടെ സൗജന്യ സേവനവും ഉറപ്പുവരുത്തുന്നു. 2020-21ൽ 7,377 കേസുകൾ രജിസ്റ്റർ ചെയ്യുകയും 496 പേർക്ക് താൽക്കാലിക അഭയം ലഭ്യമാക്കുകയും ചെയ്തു. വിവിധ ജില്ലാ ജയിലുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളും ആരംഭിച്ചു. ഇതു കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിങ് സേവനങ്ങളും മാനസിക പിന്തുണയും ലഭ്യമാക്കുന്നതിനായി കുടുംബശ്രീ മുഖേന 'സ്നേഹിത@സ്കൂൾ' പദ്ധതിയും സജീവമാണ്. നിലവിൽ 14 ജില്ലകളിലായി 140 സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി



വിദ്യാർത്ഥികൾക്കു വേണ്ടി അവബോധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

### സ്നേഹിത കോളിങ്ങ് ബെൽ പദ്ധതി

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും മുതിർന്ന പൗരൻമാരെയും കണ്ടെത്തി ആവശ്യമായ പിന്തുണ നൽകുന്ന സ്നേഹിത കോളിംഗ് ബെൽ പദ്ധതി വഴി കൊവിഡ് ലോക്ക്ഡൗൺ കാലത്ത് ഒറ്റപ്പെട്ടു പോയ നിരവധി പേർക്ക് മാനസിക പിന്തുണ നൽകാൻ സാധിച്ചു. സ്നേഹിത കോളിങ്ങ് ബെൽ പദ്ധതിയിൽ ഉൾപ്പെട്ട 12,407 പിന്തുണാ സ്വീകർത്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമായത്. അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾ, കുട്ടികൾ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കാവശ്യമായ കൗൺസിലിങ്ങും മാനസിക പിന്തുണയും ലഭ്യമാക്കുന്നതിനുള്ള കുടുംബശ്രീയുടെ സംവിധാനമായ കമ്മ്യൂണിറ്റി കൗൺസിലിങ്ങ് വഴി 1,14,774 പേർക്ക് പിന്തുണയും ലഭ്യമാക്കി.

### 678 തദ്ദേശസ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ ജെൻഡർ റിസോഴ്സ് സെന്ററുകൾ

സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള കുടുംബശ്രീയുടെ സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ. 2020-21 വർഷം സംസ്ഥാനത്ത് വിവിധ തദ്ദേശസ്ഥാപനങ്ങളിലായി 71 സെന്ററുകളാണ് പ്രവർത്തനം ആരംഭിച്ചത്. നിലവിൽ 14 ജില്ലകളിലായി തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ ആകെ 678 ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു.കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ജെൻഡർ റിസോഴ്സ്

## ബിൽഗേറ്റ്സ് ആൻഡ് മിലിന്ദ ഫൗണ്ടേഷനുമായി ചേർന്ന് ഒറീസയിൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ

കുടുംബശ്രീയുടെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ വിവിധ സംസ്ഥാനങ്ങളും പ്രസ്ഥാനങ്ങളുമെല്ലാം മുന്നോട്ടു വരുന്നുണ്ട്. കുടുംബശ്രീയും ബിൽഗേറ്റ്സ് ആൻഡ് മിലിന്ദ ഫൗണ്ടേഷനും പ്രോജക്ട് കൺസേൺ ഇന്റർനാഷണലുമായി സഹകരിച്ച് ഒറീസ സ്റ്റേറ്റ് ലൈവ്ലിഹുഡ് മിഷന്റെ കീഴിൽ കുടുംബശ്രീ മാതൃകയിൽ നടപ്പാക്കുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർക്ക് പ്രാപ്തി വർദ്ധനവിനുള്ള പ്രത്യേക പരിശീലനവും നൽകി.



സെന്ററുകളുടെ പ്രവർത്തനം വിപുലമാക്കുക, ഇതിന്റെ കേരള മാതൃക സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ട് സമർപ്പിച്ച 140 മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് എൻ.ആർ.എൽ.എമ്മിന്റെ അനുമതിയും ലഭിച്ചു. പദ്ധതിക്കായി 14.10 കോടി രൂപയാണ് അനുവദിച്ചത്. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ അയൽക്കൂട്ടതലം വരെ എത്തിക്കാൻ തിരഞ്ഞെടുത്തവർക്ക് സാങ്കേതിക സാക്ഷരതാ പരിശീലനവും ലഭ്യമാക്കി.

## സ്ത്രീസുരക്ഷയ്ക്ക് വിജിലന്റ് ഗ്രൂപ്പുകൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ തടയുന്നതിനും പ്രതിരോധിക്കുന്നതിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി വാർഡുതലത്തിൽ പ്രവർത്തിക്കുന്ന 5 മുതൽ 10 വരെ അംഗങ്ങൾ ഉൾപ്പെടുന്ന സമിതിയാണ് വിജിലന്റ് ഗ്രൂപ്പുകൾ. നിലവിൽ സംസ്ഥാനത്തൊട്ടാകെ 19,120 വാർഡുകളിലായി 19,120 വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചു. 2021 ജനുവരി 25 വിജിലന്റ് ദിനമായി ആഘോഷിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് പോസ്റ്റർ ക്യാമ്പെയ്നും സംഘടിപ്പിച്ചു.

## രംഗശ്രീ തിയേറ്റർ ഗ്രൂപ്പുകൾ

കലാരംഗത്ത് സ്ത്രീസാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും ജനോപകാരപ്രദമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുമുള്ള കുടുംബശ്രീ സംവിധാനമാണ് രംഗശ്രീ തിയേറ്റർ ഗ്രൂപ്പുകൾ. ഇതു വഴി വിവിധ വകുപ്പുകൾക്കായി ബോധവൽക്കരണ ക്യാമ്പെയ്നുകളും സംഘടിപ്പിക്കുന്നു. സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾക്കു വേണ്ടി ക്യാമ്പെയ്നുകൾ, നവകേരള ലോട്ടറി പ്രചാരണം, തിരഞ്ഞെടുപ്പ് അവബോധ പ്രചാരണം, ദേശീയ ആരോഗ്യ മിഷൻ, ഹരിത കേരളം മിഷൻ, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയവയുമായി സംയോജിച്ച് വിവിധ പരിപാടികൾ എന്നിവ നടത്തിയതിലൂടെ രംഗശ്രീ അംഗങ്ങൾക്ക് വരുമാനവും ലഭ്യമാക്കുന്നതിന് സാധിച്ചു.

## ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതി

മനുഷ്യക്കടത്തിനിരയാകുന്ന സ്ത്രീകളെയും അതിന് സാദ്ധ്യതയുള്ളവരെയും കണ്ടെത്തി അവരെ അതിൽ നിന്നും സംരക്ഷിക്കുന്നതിനാവശ്യമായ വിവിധ പിന്തുണകൾ ലഭ്യമാക്കുന്ന ആന്റിഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതി, സ്ത്രീശാക്തീകരണ രംഗത്ത് കുടുംബശ്രീ നടപ്പാക്കുന്ന മികച്ച പദ്ധതികളിലൊന്നാണ്. ദേവികുളം (ഇടുക്കി), മാനന്തവാടി (വയനാട്), ചിറ്റൂർ (പാലക്കാട്) എന്നീ ബ്ലോക്കുകളിൽ പദ്ധതി നടപ്പാക്കുന്നു. ഇവിടെ പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ 575 പേർക്ക് ഉപജീവന പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കി. കൂടാതെ വൾണറബിലിറ്റി ഫണ്ട് ഇനത്തിൽ സാമ്പത്തിക സഹായവും നൽകി.

സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക എന്ന ലക്ഷ്യത്തോടെ ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയിൽ സ്ത്രീകൾക്കായി 30 ശതമാനം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 35,653 വനിതകൾക്ക് വിവിധ തൊഴിൽ മേഖലയിൽ പരിശീലനം ആരംഭിച്ചു. 30,437 വനിതകളുടെ പരിശീലനം പൂർത്തിയാക്കുന്നതിനും 23,354 പേർക്ക് ജോലി ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ മികവുറ്റ പ്രവർത്തനങ്ങൾ നടപ്പാക്കി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും നാടിന്റെ വികസനത്തിനും ശാക്തീകരണത്തിനും മാതൃകയാവുകയാണ് ഈ സ്ത്രീ കൂട്ടായ്മ.

*ലേഖിക കുടുംബശ്രീ സംസ്ഥാന മിഷനിൽ പബ്ലിക് റിലേഷൻസ് എഡിറ്റോറിയൽ അസിസ്റ്റന്റാണ്*

## എൻ.യു.എൽ.എം. പദ്ധതി നിർവ്വഹണത്തിന് കുടുംബശ്രീക്ക് സ്പാർക്ക് അവാർഡ്

കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ദേശീയ നഗര ഉപജീവന പദ്ധതി നിർവ്വഹണത്തിനായി ദേശീയ തലത്തിൽ ഏർപ്പെടുത്തിയ സിസ്റ്റമാറ്റിക് പ്രോഗ്രസ്സിവ് അനലിറ്റിക്കൽ റിയൽ ടൈം റാങ്കിങ്ങിൽ (SPARK) 2019 -20 സാമ്പത്തിക വർഷം കേരളത്തിന് മൂന്നാം സ്ഥാനം ലഭിച്ചു. ആറ് കോടി രൂപയാണ് അവാർഡ് തുകയായി ലഭിച്ചത്. ഈ തുകയോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിഹിതമായ നാല് കോടി രൂപയും ലഭിച്ചു. സംസ്ഥാനത്ത് പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.




# തദ്ദേശസ്വയംഭരണ ലൈബ്രറികൾ തീർത്ത വായന പക്ഷാചരണ മാതൃക

■ ബിനോയ് മാത്യു

"Bad Libraries build collections
Good Libraries build services
Great libraries build communities"

ലോക പ്രശസ്ത ഗ്രന്ഥശാല പ്രവർത്തകനും അമേരിക്കയിലെ സർവ്വകലാശാലാ അധ്യാപകനുമായ ഡേവിഡ് ലാങ്കെസിന്റേതാണ് വാക്കുകൾ. ശേഖരം വർദ്ധിപ്പിക്കുക മാത്രം ചെയ്യുന്ന ഗ്രന്ഥാലയങ്ങൾ ഒരു കാര്യവുമില്ലാത്തവയാണെന്നും, നല്ല ലൈബ്രറികൾ സേവനങ്ങൾ ചെയ്യുമെന്നും, മഹത്തായ ലൈബ്രറികൾ സമൂഹത്തെ നിർമ്മിക്കുമെന്നുമാണ് സാരം. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപന ലൈബ്രറികൾ സമൂഹത്തെ നിർമ്മിക്കുന്ന ഗ്രന്ഥശാലകൾ തന്നെയെന്ന് തെളിയിക്കുന്നവയായിരുന്നു അവയുടെ വായന പക്ഷാചരണ കാലത്തെ പ്രവർത്തനങ്ങൾ.

### തദ്ദേശഭരണ ലൈബ്രറികളുടെ വായന പക്ഷാചരണം സംസ്ഥാനതല ഉദ്ഘാടനം

2021 ജൂൺ 19ന് വായന ദിനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.വി. ഗോവിന്ദൻ മാസ്റ്റർ ഗ്രാമ പഞ്ചായത്ത് - നഗരസഭാ ലൈബ്രറികളുടെ നേതൃത്വത്തിൽ നടത്തുന്ന വായന പക്ഷാചരണ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിച്ചു. കേരള ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരനായിരുന്ന പി.എൻ. പണിക്കരുടെ ഓർമ്മദിനമായ ജൂൺ 19 മുതൽ ആധുനിക ഗ്രന്ഥശാലാ സംഘത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഐ.വി. ദാസിന്റെ ജന്മദിനമായ ജൂലൈ 7 വരെയുള്ള കാലയളവാണ് കേരളത്തിൽ വായന പക്ഷാചരണമായി ആചരിക്കുന്നത്. കിലയുടെ നേതൃത്വത്തിൽ ഓൺലൈനായി നടന്ന സംസ്ഥാനതല ഉദ്ഘാടന പരിപാടി ഏറെ പ്രസക്തമായ ഒന്നായിരുന്നു. ആദ്യമായാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ ലൈബ്രറികൾ ഇത്ര വിപുലമായി വായന പക്ഷാചരണം സംഘടിപ്പിക്കുന്നതും അതിന് ഈ വിധത്തിൽ ഒരു ഉദ്ഘാടന പരിപാടി ഉണ്ടാകുന്നതും. കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ അധ്യക്ഷത വഹിച്ച ഓൺലൈൻ സംഗമത്തിൽ പ്രശസ്ത എഴ

ത്തുകാരി ഡോ. കെ. ശാരദക്കുട്ടിയാണ് മുഖ്യപ്രഭാഷണം നടത്തിയത്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ പ്രസിഡന്റ് ഡോ. കെ.വി. കുഞ്ഞികൃഷ്ണനും ഉദ്ഘാടന ചടങ്ങിൽ പങ്കാളിയായി.

ഒരു കാലത്ത് ഏറെ സജീവമായിരുന്ന ഗ്രാമ പഞ്ചായത്ത് - മുനിസിപ്പൽ ലൈബ്രറികൾക്ക് ഉണർത്തുപാട്ടായി മാറി വായന പക്ഷാചരണവും അതിന്റെ ഉദ്ഘാടന ചടങ്ങും. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ സാംസ്കാരിക-വൈജ്ഞാനിക മുന്നേറ്റത്തിന്റെ പ്രധാന ഇടമായി മാറേണ്ട വയാണ് ലൈബ്രറികളെന്ന് ഉദ്ഘാടന പ്രഭാഷണത്തിൽ എം.വി. ഗോവിന്ദൻ മാസ്റ്റർ എടുത്തുപറഞ്ഞു. പഞ്ചായത്ത് മുനിസിപ്പൽ ലൈബ്രറികൾക്ക്, പ്രത്യേകിച്ച് കൊവിഡ് കാലഘട്ടത്തിൽ ജനകീയമായി എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാകും എന്ന കർമ്മ പരിപാടിയും ഉദ്ഘാടന ചടങ്ങിൽ അവതരിപ്പിച്ചു. ഒപ്പം തദ്ദേശഭരണ ലൈബ്രറികൾ നടത്താൻ പോകുന്ന പ്രവർത്തനങ്ങളും പരിപാടികളും സംബന്ധിച്ച വീഡിയോയും പ്രദർശിപ്പിച്ചു.

## കൊവിഡ് കാലവും സാംസ്കാരിക പ്രവർത്തനങ്ങളും വിജ്ഞാന സമൂഹവും

എഴുത്തുകാരിയും ബ്രിട്ടീഷ് കൊളംബിയയിലെ ഗ്രന്ഥശാല പ്രവർത്തകയുമായ എലനർക്രംബ്ൾ ഹ്യൂം ഒരിക്കൽ പറഞ്ഞു. 'സാമ്പത്തിക തകർച്ചയുടെ കാലത്ത് ഗ്രന്ഥശാലകളുടെ എണ്ണം വെട്ടിച്ചുരുക്കുന്നതും, പ്ലേഗ് കാലത്ത് ആശുപത്രികളുടെ എണ്ണം കുറയ്ക്കുന്നതും ഒരു പോലെയാണ്. കൊവിഡിന്റെ ഭീതിതമായ അവസ്ഥയും സാമ്പത്തികമായ അരക്ഷിതാവസ്ഥയും ഒരു പോലെ ലോകം നേരിടുന്ന കാലമാണിത്. എലനറുടെ വാചകത്തിന് ഈ പുതിയ സാഹചര്യത്തിൽ പ്രസക്തി വർദ്ധിക്കുന്നു. മനുഷ്യ മനസ്സുകളുടെ ഭാരം കുറയ്ക്കാനും അവർക്ക് ആത്മവിശ്വാസവും പ്രത്യാശയും നൽകാനും കഴിയുന്ന പ്രധാന ഇടങ്ങളാണ് ഗ്രന്ഥശാലകൾ. സാംസ്കാരികവും വൈജ്ഞാനികവുമായ ഇടപെടലുകളിലൂടെ സമൂഹത്തെ നിർമ്മിക്കുന്ന മഹത്തായ പ്രവർത്തനങ്ങളിലേക്കാണ് തദ്ദേശഭരണ ലൈബ്രറികളും ചുവടുവയ്ക്കുന്നത്. കൊവിഡ് കാലത്ത് ജനങ്ങളെ ലൈബ്രറിയുമായി ബന്ധിപ്പിക്കാൻ സാമൂഹിക മാധ്യമങ്ങളും കോൺഫറൻസിംഗ് ആപ്പുകളുമായിരുന്നു പ്രധാന വഴികൾ. അവ ഏറ്റവും നന്നായി ഉപയോഗിക്കപ്പെട്ടു ഈ വായന പക്ഷാചരണ കാലത്ത്.

ഗ്രാമപഞ്ചായത്തുകൾക്ക് കീഴിൽ ഫുൾടൈം, ഫുൾടൈം കണ്ടിജൻറ്, പാർട്ട് ടൈം, ദിവസ വേതന അടിസ്ഥാനത്തിൽ എഴുന്നൂറിലധികം ലൈബ്രേറിയന്മാരുണ്ട്. കേരളത്തിലെ പകുതിയോളം നഗരസഭകളിലും ലൈബ്രേറിയന്മാരുണ്ട്. വിപുലമായ ഒരു മനുഷ്യ വിഭവശേഷി ലൈബ്രറി മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ട് എന്ന് സാരം. ഈ ലൈബ്രറികളും ഗ്രന്ഥശാല സംഘത്തിന്റെ എണ്ണായിരത്തിലധികം വരുന്ന ലൈബ്രറികളും കൈകോർത്ത് പ്രവർത്തിച്ചാൽ വിസ്മയകരമായ മാറ്റങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കാനാകും. വിജ്ഞാന സമൂഹമായി സംസ്ഥാനത്തെ പരിവർത്തിപ്പിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന്, ഓരോ ഗ്രാമ – നഗര പ്രദേശത്തും നിലമൊരുക്കാൻ അപാരമായ സാധ്യതയുള്ളവയാണ് തദ്ദേശഭരണ ഗ്രന്ഥശാലകൾ. അങ്ങനെ ശോഭിക്കാൻ അവയ്ക്കാവുമെന്ന് തെളിയിക്കുന്നതായിരുന്നു വായന പക്ഷാചരണ കാലത്ത് ഗ്രാമപഞ്ചായത്ത്, നഗരസഭാ ലൈബ്രറികൾ നടത്തിയ പ്രവർത്തനങ്ങൾ.

## പുതിയ കാലം–പുതു വായന

സാമൂഹ്യ മാധ്യമങ്ങളെ ഉപയോഗിച്ച്

**വിജ്ഞാന സമൂഹമായി സംസ്ഥാനത്തെ പരിവർത്തിപ്പിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് ഓരോ ഗ്രാമ-നഗര പ്രദേശത്തും നിലമൊരുക്കാൻ അപാരമായ സാധ്യതയുള്ളവയാണ് തദ്ദേശഭരണ ഗ്രന്ഥശാലകൾ. അങ്ങനെ ശോഭിക്കാൻ അവയ്ക്കാവുമെന്ന് തെളിയിക്കുന്നതായിരുന്നു വായന പക്ഷാചരണ കാലത്ത് ഗ്രാമപഞ്ചായത്ത്, നഗരസഭാ ലൈബ്രറികൾ നടത്തിയ പ്രവർത്തനങ്ങൾ.**

ഗ്രന്ഥശാലകളുടെ വായന പക്ഷാചരണ പ്രവർത്തനങ്ങൾ മൂന്ന് രീതികളിലാണ് സംഘടിപ്പിച്ചത്.

- തദ്ദേശഭരണ ലൈബ്രറികൾ പഞ്ചായത്ത് നഗരസഭാ പ്രദേശത്ത് ജനകീയമായി നടത്തിയ പ്രവർത്തനങ്ങളും പരിപാടികളും.
- തദ്ദേശഭരണ ലൈബ്രറികൾ പരസ്പരം കൈകോർത്തും മറ്റ് സ്ഥാപനങ്ങളും സംഘടനകളുമായും ചേർന്നും ജനകീയമായി നടത്തിയ പരിപാടികളും പ്രവർത്തനങ്ങളും.
- ലൈബ്രറികളെയും ലൈബ്രറി പ്രവർത്തകരെയും ശാക്തീകരിക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ.

ഗ്രാമപഞ്ചായത്തുകളിലെ 69 മുഴുവൻ സമയ ലൈബ്രേറിയന്മാർ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ മാത്രം ഈ കാലയളവിൽ സംഘടിപ്പിച്ചത് അഞ്ഞൂറിലധികം പരിപാടികളാണ്. പ്രദേശത്തെ സ്കൂളുകൾ ക്ലബ്ബുകൾ, മറ്റ് ഗ്രന്ഥശാലകൾ, തദ്ദേശഭരണ ഘടക സ്ഥാപനങ്ങൾ, കുടുംബശ്രീ തുടങ്ങിയവയുമായി ചേർന്നുള്ള മികച്ച പ്രവർത്തന മാതൃകയായി മാറി മിക്ക വായന പക്ഷാചരണ പരിപാടികളും. കൊവിഡ് സൃഷ്ടിച്ച ദുരിതവും ഒറ്റപ്പെടലുകളും മാനസിക സമ്മർദ്ദവും അതിജീവിക്കുന്നതിന് ജനങ്ങൾക്ക് വഴിയൊരുക്കുന്നതിനും ഈ ഇടപെടലുകൾക്ക് കഴിഞ്ഞു. വിവിധ സ്ഥലങ്ങളിൽ സ്കൂളുകളുമായി ചേർന്ന് കുട്ടികൾക്ക് വേണ്ടി ക്ലാസ്സുകളും, വെബിനാറുകളും, മത്സരങ്ങളും സംഘടിപ്പിച്ചത് മുതൽ സംസ്ഥാനത്തിന് പുറത്തുള്ള ലൈബ്രറികളുമായി ചേർന്ന് ആശയ വിനിമയ പ്രവർത്തനങ്ങൾ വരെ നടത്തുന്നതിന് സാധിച്ചു. തൊഴിൽ പരിശീലനങ്ങളും, മത്സരപ്പരീക്ഷാ പരിശീലനങ്ങളും, കൊവിഡ് – ആരോഗ്യ ബോധവത്കരണവും, കൗൺസിലിംഗ് ക്ലാസ്സുകളുമൊക്കെ പരിപാടികളിൽ ഇടം പിടിച്ചു. സാഹിത്യ സാസ്കാരിക പരിപാടികൾ കൊണ്ട് സമ്പന്നമായിരുന്നു വായന പക്ഷാചരണ കാലയളവിലെ ഓരോ ദിനവും.

## മാറുകയാണ് തദ്ദേശ സ്വയംഭരണ ലൈബ്രറികൾ

ആധുനിക സൗകര്യങ്ങളോടെ പുനഃസംഘടിപ്പിക്കപ്പെട്ട് കഴിഞ്ഞു, പല തദ്ദേശ ഭരണ ലൈബ്രറികളും. 'പൊതുജനങ്ങളുടെ സർവ്വകലാശാലകൾ', എന്ന് പബ്ലിക് ലൈബ്രറികളെ പറയാറുണ്ട്. കാഴ്ചപ്പാടുകളു



ള്ള പ്രാദേശിക ഭരണ സമിതികളും, മികച്ച ലൈബ്രേറിയന്മാരും, ലൈബ്രറി കമ്മിറ്റികളും, വായനയേയും അറിവിനെയും സ്നേഹിക്കുന്ന മനുഷ്യരും ഒത്തുചേർന്നുള്ള പ്രവർത്തന ഫലമായി പല സ്ഥലത്തും മികച്ച ലൈബ്രറി മാതൃകകൾ ഉരുത്തിരിഞ്ഞ് വരുന്നു എന്നത് പ്രതീക്ഷകൾ നൽകുന്നു. അക്കാദമിക് ലൈബ്രറി അസോസിയേഷൻ മികച്ച ലൈബ്രേറിയന്മാർക്കായി ഏർപ്പെടുത്തിയ അവാർഡ് കഴിഞ്ഞ മൂന്ന് വർഷങ്ങളിലും തേടിയെത്തിയത് ഗ്രാമപഞ്ചായത്ത് ലൈബ്രേറിയന്മാരെയാണെന്നത് വകുപ്പിന് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. കൊവിഡ് കാലത്തെ വ്യത്യസ്ത പ്രവർത്തനങ്ങൾ വഴി ലൈബ്രറികളുടെ ആഗോള സംഘടനയായ ഇഫ്ല (ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ലൈബ്രറി അസ്സോസിയേഷൻസ് ആൻറ് ഇൻസ്റ്റിറ്റ്യൂഷൻസ്)യുടെ ലോക റിപ്പോർട്ടിൽ ഇടം നേടാനും നമ്മുടെ ഗ്രാമപഞ്ചായത്ത് ലൈബ്രറികൾക്കായിട്ടുണ്ട്.

**പ്രാദേശിക സർക്കാരുകൾക്ക് കീഴിൽ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനും സാമൂഹ്യ തിന്മകളെയും വർഗ്ഗീയതയേയും പ്രതിരോധിക്കുന്നതിനും, സാഹിത്യ സാംസ്കാരിക മേഖലയെ ഊർജ്ജസ്വലമാക്കുന്നതിനുമുള്ള ഒരു സുസ്ഥിര ലൈബ്രറി വികസന മാതൃകയ്ക്ക് കൂടിയാണ് വായന പക്ഷാചരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് നഗരസഭാ ഗ്രന്ഥശാലകൾ തുടക്കമിട്ടിട്ടുള്ളത്.**

ലോക വിജ്ഞാനത്തിലേക്കുള്ള പ്രാദേശിക കവാടങ്ങളാണ് പൊതു ലൈബ്രറികൾ എന്ന് യുനെസ്കോ അതിന്റെ പബ്ലിക് ലൈബ്രറി മാനിഫെസ്റ്റോയിൽ (1994) പറയുന്നു. എല്ലാ മനുഷ്യരെയും അത് ചേർത്ത് പിടിക്കുന്നു. പ്രാദേശിക സർക്കാരുകൾക്ക് കീഴിൽ വിജ്ഞാന സമൂഹത്തെ വാർത്തെടുക്കുന്നതിനും, സാമൂഹ്യ തിന്മകളെയും വർഗ്ഗീയതയേയും പ്രതിരോധി ക്കുന്നതിനും, സാഹിത്യ സാംസ്കാരിക മേഖലയെ ഊർജ്ജസ്വലമാക്കുന്നതിനുമുള്ള ഒരു സുസ്ഥിര ലൈബ്രറി വികസന മാതൃകയ്ക്ക് കൂടിയാണ് വായന പക്ഷാചരണ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് നഗര സഭാ ഗ്രന്ഥശാലകൾ തുടക്കമിട്ടിട്ടുള്ളത്.

□

*ലേഖകൻ വളപട്ടണം ഗ്രാമപഞ്ചായത്ത് സെലക്ഷൻ ഗ്രേഡ് ലൈബ്രേറിയനാണ്.*

# വാർത്തകൾ വിശേഷങ്ങൾ

## പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് പ്രസിദ്ധീകരിച്ചു

കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് വരിക്കാരായ ജീവനക്കാരുടെ 2020-21 സാമ്പത്തിക വർഷത്തെ ക്രെഡിറ്റ് കാർഡ് പ്രസിദ്ധീകരിച്ചു. www.lsgkerala.gov.in/kpepf, https://dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ക്രെഡിറ്റ് കാർഡ് പരിശോധനയ്ക്ക് ലഭ്യമാണ്.

## ലൈബ്രറികളിൽ പൊതുശൗചാലയ നിർമ്മാണം നിർവഹണ കാലാവധി നീട്ടി

സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ്ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതുശൗചാലയം നിർമ്മിക്കുന്നതിനുള്ള പദ്ധതിനിർവ്വഹണ കാലാവധി നീട്ടി ഉത്തരവായി.

ജി. ഒ. (ആർ.ടി.) നം. 1177/2021/എൽ.എസ്.ജി.ഡി. തീയതി: 18.06.2021

## എസ് .ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം- മാർഗ്ഗനിർദ്ദേശങ്ങൾ

കൊവിഡ് വ്യാപനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിനായി ആരംഭിച്ച ഓൺലൈൻ പഠന രീതിയിൽ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികൾനേരിടുന്ന ഉപകരണ ലഭ്യതക്കുറവ്, സാങ്കേതിക തടസ്സങ്ങൾ തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സ.ഉ.(സാധാ) നം. 1197/2021/ത.സ്വ.ഭ.വ. തീയതി: 23.06.2021

## കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി-സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണ പെർമിറ്റ്

ലോ റിസ്ക്ക് ഗണത്തിലുള്ള 300 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള ഗാർഹിക കെട്ടിടങ്ങൾ, 100 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങൾ, 200 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായകെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയ്ക്ക് സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പെർമിറ്റ് നൽകുന്ന തരത്തിൽ 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വകുപ്പുകൾ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചു.

ജി.ഒ. (എം.എസ്.) നം.120/2021/എൽ.എസ്.ജി.ഡി. തീയതി 28.06.2021 നമ്പർ വിജ്ഞാപനം.

## ഹരിതകർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട്

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹരിതകർമ്മ സേനകളുടെ പ്രവർത്തനത്തിന് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

ജി. ഒ. (ആർ.ടി.) നം. 1250/2021/എൽ.എസ്.ജി.ഡി. തീയതി: 02.07.2021

## ലൈസൻസ് ആഗസ്റ്റ് 31 വരെ പുതുക്കാം

കൊവിഡ് സാഹചര്യത്തിൽ 2021-22 വർഷത്തേക്കും മുൻവർഷങ്ങളിലെയും വിവിധ വ്യാപാര-വ്യവസായ ലൈസൻസുകൾ പുതുക്കാൻ കഴിയാതിരുന്നവർക്ക് ആഗസ്റ്റ് 31 വരെ ലൈസൻസ് പുതുക്കാൻ അവസരം നൽകി ഉത്തരവായി.

സ.ഉ.(സാധാ) നം.1253/2021/ത.സ്വ.ഭ.വ. തീയതി : 03.07.2021

## രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള കാലാവധി നീട്ടി

2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആർക്കിടെക്ട്, എഞ്ചിനീയർ, ടൗൺ പ്ലാനേഴ്സ് എന്നിവരുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള കാലാവധി ജൂലൈ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായി.

സ.ഉ. (സാധാ) നം. 1254/2021/ത.സ്വ.ഭ.വ. തീയതി : 03.07.2021

## ഹരിതകർമ്മ സേനാംഗങ്ങൾക്ക് തുടരാം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മാലിന്യ സമാഹരണ,സംസ്കരണ പ്രവർത്തനങ്ങളിൽ നിലവിൽ ഏർപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനാംഗങ്ങളെ അവർ സ്വമേധയാ താൽപര്യപ്പെടാത്തപക്ഷം പ്രസ്തുത പ്രവർത്തനങ്ങളിൽ നിന്നും മാറ്റരുതെന്ന് നിർദ്ദേശം നൽകി ഉത്തരവായി.

സ.ഉ.(സാധാ)നം.1292/2021/ത.സ്വ.ഭ.വ. തീയതി : 08.07.2021

## ജനപ്രതിനിധികൾക്ക് ഡ്യൂട്ടി സർട്ടിഫിക്കറ്റ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരിപാടികളിൽ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി പങ്കെടുക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ആവശ്യമെങ്കിൽ ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

സർക്കുലർ നം. ഇ.എം. 2/294/2018-ത.സ്വ.ഭ.വ. തീയതി : 02.07.2021

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.**



# തീരദേശ സംരക്ഷണത്തിൽ പ്രാദേശിക സർക്കാരുകളുടെ പങ്ക്

■ **ഡോ. ജോമോൻ മാത്യു**

**ലോകത്തെ തീരദേശം 70 ശതമാനത്തോളം കാലാവസ്ഥാ വ്യതിയാനം, മനുഷ്യന്റെ അതിരുകവിഞ്ഞ വികസനപ്രവർത്തനങ്ങൾ എന്നിവമൂലം അപകടമുനമ്പിലാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഏറ്റവും പുതിയ ഉപഗ്രഹനിരീക്ഷണ പഠനമനുസരിച്ച് പശ്ചിമബംഗാൾ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവുമധികം കടൽതീരശോഷണം കേരളത്തിലാണ്.**

കേരളത്തിന്റെ തീരദേശം ആശങ്കയുടെ മുനമ്പിലാണിന്ന്. മുമ്പൊക്കെ അപൂർവ്വമായി മാത്രം കേട്ടിരുന്ന ചുഴലിക്കാറ്റുകളുടെ പേരുകൾക്ക് സമീപകാലത്ത് ഇടവേളകൾ കുറഞ്ഞു തുടങ്ങി. അതിനാൽ തന്നെ അപരിചിതമായ പുത്തൻ പേരുകൾ തീരദേശത്ത് പരിചിതമായും മാറി. ഏറ്റവുമൊടുവിലെത്തിയ ടൗട്ടേ തീരം വിട്ടുപോയി. ഇനി പുതിയ പേരിൽ മറ്റൊന്ന് വരാം. ആശങ്കകളും ദുരിതങ്ങളും വീശിയടിക്കുന്ന തീരങ്ങളിലിരുന്ന് ഓരോ കാലാവസ്ഥാ മുന്നറിയിപ്പിനായും ഭയപ്പാടോടെ കാതോർക്കുകയാണ് കേരളത്തിന്റെ തീരദേശം. ഇനിയുമുണങ്ങാത്ത കണ്ണുനീർ അവശേഷിപ്പിച്ച 2017-ലെ ഓഖി അടക്കമുള്ള ചുഴലിക്കാറ്റുകൾ... കരയും കിടപ്പാടവും കാർന്നുതിന്ന് കയറിവരുന്ന കടൽ..... കൃത്യമായ ഇടവേളയിലും ഇടവേളകൾ തെറ്റിയും തുറക്കപ്പെടുന്ന തീരദേശ ദുരിതാശ്വാസ ക്യാമ്പുകൾ.... വറുതിയുമായി പറിച്ചുനടപ്പെടുന്ന നാളുകൾ.... ഇതെല്ലാം ചേരുന്ന ആവാസ വ്യവസ്ഥയുടെ പേരായി മാറിക്കഴിഞ്ഞു, കേരളത്തിന്റെ 590 കി.മി. നീളമുള്ള തീരദേശം. തീരദേശപരിപാലനത്തിനായുള്ള കരട് മാനേജ്മെന്റ് പ്ലാൻ ചർച്ചകൾക്കൊടുവിൽ പുതിയ പദ്ധതികളുമായെത്തും. പ്രതിജ്ഞാബദ്ധതയോടെ പുതിയ സർക്കാർ തീരദേശത്തിന് പ്രമുഖ പരിഗണന നൽകുമ്പോൾ, സമഗ്രമായൊരു 'തീരദേശ മിഷനെ'ക്കുറിച്ചുകൂടി ചിന്തിക്കാമെന്ന് തോന്നുന്നു.

ഇവിടെ ഊന്നൽ കൊടുക്കേണ്ട വസ്തുത തീരസംരക്ഷണത്തിന്റെ ചുമതല ആർക്കായിരിക്കണം എന്നതാണ്. തീരങ്ങൾ കടലെടുക്കുകയും തീരവാസം ദുഃസഹമാവുകയും ചെയ്യുന്നതിന്റെ ദൃക്സാക്ഷികൾ പ്രാദേശിക ഭരണകൂടം തന്നെയാണ്. തീരദേശത്തെ



നിർമ്മാണവും കൈയേറ്റവും കടലാക്രമണവേളകളിലെ പുനരധിവാസവും എല്ലാം പ്രാദേശിക സർക്കാരുകളുടെ കൺമുന്നിലാണ് നടക്കുന്നത് എന്നതിനാൽത്തന്നെ കേരളത്തിലെ തീരദേശ സംരക്ഷണത്തിന്റെ ചുക്കാൻ പിടിക്കാൻ പ്രാദേശിക സർക്കാരുകൾക്കേ ക്രിയാത്മകമായി കഴിയൂ.

## ആശങ്കയുടെ തീരങ്ങൾ

തീരദേശം, അതെവിടെയായാലും ആശങ്കയുടെ തിരമാലകൾ വീശിയടിക്കുന്നവതന്നെ. ലോകത്തെ തീരദേശം 70 ശതമാനത്തോളം കാലാവസ്ഥാ വ്യതിയാനം, മനുഷ്യന്റെ അതിരുകവിഞ്ഞ വികസനപ്രവർത്തനങ്ങൾ എന്നിവമൂലം അപകടമുനമ്പിലാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഏറ്റവും പുതിയ ഉപഗ്രഹ നിരീക്ഷണ പഠനമനുസരിച്ച് (Shoreline Change Rate -SCR) പശ്ചിമബംഗാൾ കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവുമധികം കടൽ തീരശോഷണം കേരളത്തിലാണ് - 65% (Prakash Mohanty et.al, INCOIS & R.K.Nayak, NRSC). ഇത്തരം തീരശോഷണ ഭീഷണിക്കൊപ്പമാണ് ഇടയ്ക്കിടെയുണ്ടാകുന്ന ചുഴലിക്കാറ്റ് ഭീഷണിയും കടൽക്ഷോഭവും. ചെല്ലാനവും പൂന്തുറയും ശംഖുംമുഖവുമെല്ലാം ചില ഉദാഹരണങ്ങൾ മാത്രമാണിവിടെ. ഇത്തരം ഭീഷണിക്കിടയിൽ 10 ലക്ഷത്തോളം വരുന്ന, ഉയർന്ന ജനസാന്ദ്രതയിൽ ജീവിക്കുന്ന, മത്സ്യബന്ധനത്തെ ആശ്രയിച്ച് കഴിയുന്ന തീരദേശജനത ശുദ്ധജല ദൗർലഭ്യം, പുനരധിവാസപ്രശ്നങ്ങൾ തുടങ്ങിയ വെല്ലുവിളികളെയും അതിജീവിക്കേണ്ടതായി വരുന്നുണ്ട്. സമുദ്രനിരപ്പ് ഉയരുന്നതും ഭൂഗർഭജലത്തിലേക്ക് കടൽവെള്ളം കയറുന്നതും ഭൂഗർഭജലത്തിന്റെ ഗുണനിലവാരം വഷളാക്കുന്നുവെന്ന് എറണാകുളം ജില്ലയിൽ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു (Centre for Studies of Regional Development, JNU). ഇതിനെല്ലാം പുറമേ, കേന്ദ്രസർക്കാർ 2018 ൽ കൊണ്ടുവന്ന കോസ്റ്റൽ റഗുലേഷൻ സോൺ (CRZ) പ്രകാരമുള്ള 50 മീറ്റർ No Developoment Zone (NDZ) പരിധിയോടും അത് സൃഷ്ടിച്ചേക്കാവുന്ന വെല്ലുവിളികളോടും തീരദേശമേഖല പൊരുതേണ്ടതായുണ്ട്.

## സമഗ്രമായൊരു തീരദേശ മിഷനിലേക്ക്

തീരദേശത്തെ ആശങ്ക എക്കാലവും ഭരണകൂടങ്ങളെ അലോസരപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ തീരസംരക്ഷണപദ്ധതികൾ 1890 കളിൽ തന്നെ തുടങ്ങിയിരുന്നതായാണ് ഒഡീഷയിലെ ചിലക്പൂരിൽ നിന്നുള്ള ചരിത്രം രേഖപ്പെടുത്തുന്നത്. നിരവധി പുതിയ പദ്ധതികൾ കേരളതീരത്തും സർക്കാർ നടപ്പാക്കിവരുന്നുണ്ട്. സമീപകാലത്തെ എടുത്തുപറയേണ്ട ചിലതാണ് 2019 ജൂലൈയിൽ കുടുംബശ്രീയുടെ ഭാഗമായി തുടക്കമായ 'തീരശ്രീ' പദ്ധതി. ഒപ്പം 50 മീറ്റർ പരിധിയിലുള്ള പതിനെട്ടായിരത്തിലധികം തീരദേശ കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ ലക്ഷ്യമിട്ട് 2019 ഡിസംബറിൽ തുടങ്ങിവെച്ച 'പുനർഗേഹം പദ്ധതി'യും മറ്റൊരു വിപ്ലവകരമായ മുന്നേറ്റമാണ്.

ഇത്തരം തീരദേശപദ്ധതികൾ നിലവിലുള്ളപ്പോൾ തന്നെ കാലാവസ്ഥാവ്യതിയാനത്തിന്റെ വേഗമേറുന്ന വെല്ലുവിളികൾ വിജയകരമായ പല ലോകമാതൃകകളെക്കുറിച്ചും നമ്മെ മാറിച്ചിന്തിപ്പിക്കണം. ഉദാഹരണത്തിന്, കേരളത്തോട് ഏറെ സാമ്യമുള്ള നെതർലാന്റ്സ് നടപ്പാക്കിയ കണ്ടൽക്കാട് പ്രതിരോധം-'ബിൽഡിംഗ് വിത്ത് നേച്ചർ', 1990 കളിൽ പോർച്ചുഗൽ പരീക്ഷിച്ചുതുടങ്ങിയ 'സോഫ്റ്റ് പ്രൊട്ടക്ഷൻ' മാതൃക, ന്യൂസിലാന്റ് 2017 ൽ കൊണ്ടുവന്ന ഇന്റഗ്രേറ്റഡ് അപ്രോച്ച് (NZCA) എന്നിവയെല്ലാം പുതിയൊരു തീരദേശ ആക്ഷൻപ്ലാൻ രൂപപ്പെടുത്താൻ കേരളത്തിന് വഴികാട്ടികളാകും.

സമഗ്രമായൊരു തീരദേശസംരക്ഷണ പദ്ധതിയാണ് കേരളത്തിന് ആവശ്യം. അത് പരിസ്ഥിതി സൗഹൃദവും സംയോജിതവും ദീർഘകാലം നിലനിൽക്കുന്നതും ആകേണ്ടതുണ്ട്. അതിനായി ചില നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.

- തീരദേശത്തെ ചുരുങ്ങിയത് 100 മി. പരിധിയിലുള്ള മുഴുവൻ കുടുംബങ്ങളേയും പുനരധിവസിപ്പിക്കണം. സാധ്യമെങ്കിൽ തെക്ക് മുതൽ വടക്കുവരെയുള്ള അത്രയും പ്രദേശം സർക്കാർ ഏറ്റെടുത്ത് സംരക്ഷണ പരിധിയിലേക്ക് കൊണ്ടുവരാവുന്നതാണ്. അതുവഴി അത്രയും തീരപ്രദേശത്തെ അനധികൃത നിർമ്മാണങ്ങൾക്കും മറ്റും തടയിടാനും സാധിക്കും.
- സർക്കാർ ഏറ്റെടുക്കുന്ന തീരദേശമേഖലയിൽ കണ്ടൽവനങ്ങളും ബാംബൂവനങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണ്. കടൽക്ഷോഭത്തിൽ നിന്നുള്ള ഭീഷണിക്ക് കടൽഭിത്തിയും പ്രസ്തുത കവചവും ചേർന്ന് ശക്തമായൊരു സുരക്ഷ സാധ്യമാക്കാം. നിലവിൽ നമ്മുടെ കണ്ടൽക്കാടുകൾ കേവലം 1924 ഹെക്ടർ മാത്രമാണ് എന്ന് ഓർക്കുക.
- കടൽഭിത്തിക്കും കണ്ടൽ വനത്തിനുമപ്പുറം ചെറുകനാലുകൾ നിർമ്മിക്കാവുന്നതാണ്. ഇത് കടൽ വെള്ളം കയറുന്നതിൽ നിന്നും അധിക സുരക്ഷയൊരുക്കും.
- കേരളത്തിന്റെ ടൂറിസം രംഗത്ത് സമീപഭാവിയിൽ സൃഷ്ടിക്കാവുന്ന വൻസാധ്യതകൂടിയാകും ഇത്തരത്തിൽ രൂപകല്പനചെയ്യപ്പെടുന്ന തീരമേഖല എന്നോർക്കുക. കണ്ടൽപാർക്കുകൾ, തീരദേശ കനാൽ എന്നിവയ്ക്ക് ടൂറിസംരംഗത്തുനിന്നും വലിയൊരു വരുമാനം കണ്ടെത്താനും കഴിയും.
- കനാലുകളോട് ചേർന്ന് കേരളത്തിന്റെ തീരദേശത്തെയാകെ ബന്ധിപ്പിക്കുന്ന ശുദ്ധജലവിതരണ പൈപ്പ്ലൈൻ ശൃംഖല സ്ഥാപിക്കുവാനും തീരദേശത്തെ ജലസുരക്ഷയും ഗുണനിലവാരവും ഉറപ്പുവരുത്തുവാനും കഴിയും.



- തീരദേശത്തെ പ്രത്യേക സോണുകളായി തിരിച്ച് തീര-കണ്ടൽ-കനാൽ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന വോളന്റിയർ/സേനയെ രൂപപ്പെടുത്താം. അടിയന്തിര ഘട്ടങ്ങളിൽ തീര സംരക്ഷണ ചുമതലയും അവർക്ക് നിർവഹിക്കാൻ കഴിയും.
- പ്രത്യേക 'കോസ്റ്റൽ ഇക്കോണമി സോണുകൾ' ഓരോ മേഖലയിലും രൂപപ്പെടുത്തി സാമ്പത്തിക സുരക്ഷാ-വളർച്ചാ പദ്ധതികൾക്ക് രൂപം കൊടുക്കാവുന്നതാണ്. ചെറുകിട-കടിൽ സംരംഭങ്ങളുടെ ബൃഹത്തായ കമ്പോളസാധ്യതയും അതുവഴി വികസിപ്പിക്കാം.
- ട്രോളിംഗ് നിരോധനം, കാലവർഷം പോലുള്ള സമയങ്ങളിൽ മത്സ്യതൊഴിലാളികൾക്ക് പ്രതിദിന വരുമാനം ലഭ്യമാകും വിധം, വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന നിക്ഷേപ പദ്ധതികൾ വ്യാപിപ്പിക്കണം.
- തീരദേശസംരക്ഷണ വികസനം ലക്ഷ്യമാക്കി തദ്ദേശീയർ, ജനപ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ, വിദഗ്ധർ എന്നവരുൾപ്പെടുന്ന തീരദേശസംരക്ഷണ കൗൺസിലിന് പഞ്ചായത്ത് തലത്തിൽ രൂപംകൊടുക്കാം.

## പ്രാദേശിക സർക്കാരുകളുടെ പങ്ക്

മേൽസൂചിപ്പിച്ച തീരസംരക്ഷണ പരിപാടികളെല്ലാം ഏകോപിപ്പിക്കേണ്ട പങ്ക് തദ്ദേശ സർക്കാരുകൾക്കായിരിക്കണം. ആദ്യമായി ചെയ്യേണ്ടത്, തങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന, തീരദേശത്തെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയുക എന്നതാണ്.

ഇനിയഥവാ നിയന്ത്രണ പരിധിക്കുള്ളിലെ പുത്തൻ നിർമ്മാണങ്ങൾ നിയന്ത്രിക്കാനെങ്കിലും കഴിയും. പുനരധിവസിപ്പിക്കേണ്ടതും കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവരും ആയവരുടെ പട്ടിക തയ്യാറാക്കി വിവിധ സർക്കാർ പുനരധിവാസ പദ്ധതിയിലേക്ക് എളുപ്പത്തിൽ മാറ്റാൻ കഴിയും. 'തീരശ്രീ'യുടെ പ്രാദേശിക മാതൃകകൾ ഓരോ തദ്ദേശ സർക്കാരിനും തുടങ്ങാൻ കഴിയണം.

പുനരധിവാസഘട്ടം കഴിഞ്ഞാൽ തീര സംരക്ഷണ ചുമതലയും തദ്ദേശ സർക്കാരുകൾക്ക് ഏകോപിപ്പിക്കാൻ സാധിക്കണം. പഞ്ചായത്ത് തലത്തിൽ കണ്ടൽ-മുളവനങ്ങൾ നിർമ്മിക്കാനുള്ള സമിതിയും ഫണ്ടും രൂപീകരിക്കാം. ഇക്കാര്യത്തിൽ, പ്രാദേശികതലത്തിലുള്ള പരിസ്ഥിതി സംരക്ഷണ സമിതികളുണ്ടെങ്കിൽ- ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള- ഒരു സംയുക്ത യജ്ഞമാക്കിയും മാറ്റാം. ഓരോ പഞ്ചായത്ത് പരിധിയിലേയും തീരദേശപരിധിയിൽ വരുന്ന സംരക്ഷിത മേഖല കണ്ടെത്തി, പ്രശസ്ത എഴുത്തുകാരുടെ പേരുകൾ നൽകി 'ടൂറിസം സ്പോട്ട്' ആക്കിയും വികസിപ്പിക്കാൻ തദ്ദേശ സർക്കാരുകൾക്ക് സാധിക്കും- ഇത് വരുമാന സാധ്യത കൂടി തുറന്നിടും. ഇവയ്ക്കെല്ലാമൊപ്പം പ്രസ്തുത 'ടൂറിസം സ്പോട്ട്' ഏറ്റെടുത്ത് സംരക്ഷിക്കാൻ തൽപരരായ സംഘടനകളോ സ്ഥാപനങ്ങളോ മുന്നോട്ടുവരികയാണെങ്കിൽ അവർക്ക് നിയമ വിധേയമായി പ്രവർത്തിക്കാനുള്ള സാധ്യതകൂടി തുറന്നുകൊടുക്കണം. പ്രാദേശിക സർക്കാരുകളുടെ തീരദേശ ഇടപെടലുകളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ, മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പ്രാദേശിക സർക്കാരുകൾക്കായി 'തീര സംരക്ഷണ അവാർഡ്' കൂടി സംസ്ഥാനതലത്തിൽ ആലോചിക്കാവുന്നതാണ്.

ചുരുക്കത്തിൽ ഭാവനാപൂർവ്വം സമീപിക്കേണ്ട ഒരു മേഖലയാണ് നമ്മുടെ തീരദേശം എന്നതിൽ തർക്കമില്ല. ആശങ്കകളുടെ തിരമാലകളിൽ പ്രതീക്ഷകളറ്റ്, വറുതിയിലേക്ക് കൂടുമാറുന്ന തീരദേശജനത വരുംനാളുകളിൽ കേരളത്തിന്റെ ഓർമ്മകളായി മാറട്ടെ. അതിനായി തീരദേശലോകം എക്കാലവും മാതൃകയാക്കിയേക്കാവുന്ന ഒരു 'തീരദേശ മിഷൻ ' ഇവിടെ യാഥാർത്ഥ്യമാകണം. അതിന്റെ ചുക്കാൻ പിടിക്കുന്നവിധം പ്രാദേശിക സർക്കാരുകൾ തങ്ങളുടെ മുൻഗണനകളിലും ഫണ്ട് വിനിയോഗത്തിലും വിഭവശേഷി വിനിയോഗത്തിലും കാലോചിതമായ മാറ്റം വരുത്തേണ്ടതായുണ്ട്. തീരദേശത്തേക്ക് ഇറങ്ങിച്ചെല്ലുന്ന പ്രാദേശിക സർക്കാരുകൾക്ക് ചടുലവും ക്രിയാത്മകവുമായ തീരദേശ വികസന മാതൃകകൾ വരും നാളുകളിൽ സൃഷ്ടിക്കാൻ കഴിയട്ടെ. □

*ലേഖകൻ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.*

# മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ് ഭാഷ സംസ്കാരമാണ്

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ


*ഇസബെല്ലാ രാജ്ഞി*

'ഇന്നലെകളെ അറിയാത്ത ജനത വേരറ്റ മരമാണ്'- ഇതൊരു ഐറിഷ് പഴമൊഴിയാണ്. ചരിത്രബോധമില്ലാത്തവർക്ക് നിലനില്പില്ല എന്നു ചുരുക്കം. ചരിത്രബോധം തന്നെ സംസ്കാരബോധം. ഈ സംസ്കാരബോധം എവിടെനിന്നാണ കിട്ടുക? ഒരു ചെടിയായാലും മരമായാലും വളർന്നുപടരാൻ എത്ര വിസ്തൃതമായ ആകാശമുണ്ടായാലും വളവും വെള്ളവും ലഭിക്കാൻ ഇത്തിരി മണ്ണു വേണം. മനുഷ്യന് ആ മണ്ണാണ്, വളമാണ്, വെള്ളമാണ് ഭാഷയും സംസ്കാരവും. ഇന്നലെകളെ അറിഞ്ഞവരാണ് അറിവുള്ളവൻ, സംസ്കാരമുള്ളവൻ.

ഒരു സംഭവം പറയാം. പതിനൊന്നാം ശതകത്തിൽ സ്പെയിനിൽ ഇസബെല്ലാ രാജ്ഞി അധികാരത്തിലേറുന്ന സമയം. അവിടത്തെ ബിഷപ്പ് രാജ്ഞിക്കു പാരിതോഷികമായി സ്പാനിഷ് ഭാഷയുടെ ഒരു വ്യാകരണഗ്രന്ഥം സമർപ്പിച്ചു. ഭരിക്കാൻ തുടങ്ങുന്ന തനിക്കെന്തിനാണ് ഈ വ്യാകരണഗ്രന്ഥം എന്നു രാജ്ഞി ചോദിച്ചപ്പോൾ 'ഭാഷ സാമ്രാജ്യം സൃഷ്ടിക്കും' എന്ന് ബിഷപ്പ് മറുപടി നൽകി. രാജ്ഞി ഒരു ആചാര്യന്റെ സഹായത്തോടുകൂടി ഗ്രന്ഥം പഠിക്കാൻ തുടങ്ങി. പദങ്ങളുടെ പഠനം അവരെ ജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളിലേക്കും ദേശചരിത്രത്തിലേക്കും പാരമ്പര്യത്തിലേക്കും സംസ്കാരത്തനിമയിലേക്കും നയിച്ചു. ജനങ്ങൾക്കിണങ്ങിയ ഒരു ഭരണം നിർവഹിക്കാൻ

ഇസബെല്ലാ രാജ്ഞിക്ക സാധിച്ചു. എന്നുമാത്രമല്ല, സ്പെയിനിന്റെ ചരിത്രത്തിലെ സുവർണ്ണകാലമായി ഇസബെല്ലയുടെ ഭരണകാലം അറിയപ്പെടുകയും ചെയ്തു. ഭാഷാപദങ്ങളുടെ പഠനമാണ് ഈ നേട്ടത്തിന് അവരെ അർഹരാക്കിയത്.

ഡബ്ല്യൂ.ബി. യീറ്റ്സിന്റെയും ലേഡി ഗ്രിഗറിയുടെയും മറ്റും നേതൃത്വത്തിൽ കെൽറ്റിക് ഭാഷകളുടെയും ഗെയ്ലിക് സംസ്കൃതിയുടെയും വീണ്ടെടുപ്പാണ് അയർലണ്ടിന്റെ സ്വാതന്ത്ര്യസമരത്തിന് ആക്കം കൂട്ടിയത്. ഗാന്ധിജിയുടെ ആശയാദർശങ്ങളും രാജാറാം മോഹൻ റോയിയുടെയും മറ്റും നേതൃത്വത്തിലുള്ള ഭാരതീയ ഭാഷാപോഷണ യത്നങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ത്വരിപ്പിച്ചു.

കരണ്ടകം, കൊരണ്ടി, ചിമ്മിനി, റാന്തൽ, ടംബ്ലർ തുടങ്ങിയ പദങ്ങൾ നോക്കൂ. ഓരോന്നും ഓരോ സംസ്കാരഘടകമാണ്. ആ പദങ്ങൾ നിത്യവ്യവഹാരത്തിൽനിന്നും പോകുന്നതോടെ (ആ വസ്തുക്കൾ നിത്യജീവിതത്തിൽ ഉപയോഗത്തിലില്ലാതാകുന്നതോടെ) അതുമായി ബന്ധപ്പെട്ട സംസ്കാരവും വിനഷ്ടമാകുന്നു. ഇങ്ങനെ എത്രയോ ആയിരം പദങ്ങൾ അല്ലെങ്കിൽ വസ്തുക്കൾ നമുക്ക നഷ്ടപ്പെട്ടു. മ്യൂസിയത്തിലെങ്കിലും അവ കാണാനും പഠിക്കാനുമുള്ള അവസരമുണ്ടാക്കിയില്ലെങ്കിൽ ഇങ്ങനെയൊരു സംസ്കാരം നമുക്കുണ്ടായിരുന്നു എന്ന് വരുംതലമുറകൾ മനസ്സിലാക്കാതെ പോകും.

ഭാഷ കാലത്തിലൂടെയൊഴുകുന്ന ഒരു നദിയാണ്. നദിയിൽ കൈവഴികളിലൂടെ വെള്ളം വരികയും കൈവഴികളിലൂടെ പോവുകയും ചെയ്യുന്നതുപോലെ ഭാഷയിൽ (ഭാഷകളിൽ) അന്യഭാഷകളിൽനിന്ന് പദങ്ങൾ വന്നുചേരുകയും മറ്റുഭാഷകളിലേക്ക് പദങ്ങൾ പോവുകയും ചെയ്യുന്നു. ഇത് സ്വാഭാവികമായി നടക്കുന്ന കാര്യമാണ്. വാണിജ്യ വ്യാപാര ബന്ധങ്ങളും യാത്രകളും മറ്റും ഈ വരവുപോക്ക് ത്വരിപ്പിക്കുന്നു. ഭാഷാസങ്കരവും ഭാഷാമലിനീകരണവും ഭാഷാപോഷണവും ഇതുമൂലം നടക്കുന്നു. ഇതിനിടയിലും സ്വത്വം നിലനിർത്തിക്കൊണ്ട് വളരുക എന്നതാണ് ഭാഷയുടെയും, വളർത്തുക എന്നതാണ് ഭാഷാസ്നേഹികളുടെയും വെല്ലുവിളി. എങ്ങനെയാണ് ഭാഷയെ വളർത്തുക? നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിജ്ഞാനത്തിന്റെ വിനിമയത്തിന് ഭാഷയെ സജ്ജമാക്കുക എന്നതാണത്.



*ഡബ്ല്യൂ.ബി. യീറ്റ്സ്*

'ഭാഷാസാങ്കേതികത' എന്ന സംജ്ഞ കൊണ്ട് അർത്ഥമാക്കുന്നത് ആ പോഷണത്തിന്റെ ഒരു ഭാഗമാണ്. പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ, വാക്യഘടനകൾ തുടങ്ങിയവ കണ്ടെത്തുക എന്നതും ഇതിന്റെ ഭാഗം തന്നെ. അന്യഭാഷാപദങ്ങളുടെ സാന്നിദ്ധ്യം ഭാഷയുടെ വളർച്ചയുടെ ലക്ഷണമായി കാണണം. വിജ്ഞാനവിനിമയവിപ്ലവത്തിന്റെ കാലത്ത് ഭാഷാപുരോഗതി രാജ്യപുരോഗതിക്കനിവാര്യമാണെന്നു ചുരുക്കം.



*ലേഡി ഗ്രിഗറി*

ഭാഷ വളരുന്നത് അത് സംസാരിക്കുന്നവരുടെ നാവുകളിലാണ് എന്ന് പറയാറുണ്ട്. ശരിയാണ്, ഒരു ഭാഷാസംസ്ഥാനത്തുതന്നെ വിവിധ ദേശങ്ങളിൽ വിവിധ ഭാഷകൾ കാണുന്നു. ദേശ്യഭേദങ്ങൾ എല്ലാംതന്നെ അത് സംസാരിക്കുന്ന ജനങ്ങൾക്കു പ്രിയപ്പെട്ടതാണ്. കാലം, ദേശം, തൊഴിൽ, കുലം, ആചാരം, തുടങ്ങി വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭാഷക്ക് ഭാഷാഭേദങ്ങൾ ഉണ്ടാകുന്നു. ഈ ഭാഷാഭേദങ്ങളെല്ലാം ഭാഷാസ്നേഹികൾക്കും ഭാഷാപോഷകർക്കും ഭാഷാഗവേഷകർക്കും പ്രിയപ്പെട്ട താണ്. കൃഷിക്കാരുടേയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ഗോത്രവർഗ്ഗജനതയുടെയും ഭാഷകളിൽ ഉള്ള ഭേദം ശ്രദ്ധിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടുതന്നെ കൃഷിവകുപ്പിലും, ഫിഷറീസ് വകുപ്പിലും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളിലും അവരുടേതായ സാങ്കേതിക പദങ്ങൾ ഉണ്ടാകും. ഓരോ വകുപ്പിനും സാങ്കേതിക പദകോശം ഉണ്ടാക്കുന്നതിന്റെ അടിസ്ഥാനം ഇതാണ്.

ഭാഷ ഏത് രംഗത്താണോ ഉപയോഗിക്കുന്നത്, ആ രംഗവുമായി ബന്ധപ്പെട്ട് ഭാഷയ്ക്ക് പേരു വരുക സ്വാഭാവികം. അങ്ങനെ സാഹിത്യഭാഷ, ഭരണഭാഷ, കോടതിഭാഷ, മാദ്ധ്യമഭാഷ, റേഡിയോ ഭാഷ, എന്നിങ്ങനെ പല ഭാഷകൾ ഉണ്ടാകുന്നു. ഇവയ്ക്കെല്ലാം ചെറിയ വ്യത്യാസങ്ങൾ ഉണ്ട്. ഇതുകൊണ്ടുതന്നെ മലയാളം അറിയാവുന്നവർ പോലും ഓരോ രംഗത്തും ഭാഷ ഉപയോഗിക്കുന്നതിന് പ്രത്യേകം പരിശീലനം നേടേണ്ടിയിരിക്കുന്നു. മാതൃഭാഷയല്ലേ എങ്ങനെ ഉപയോഗിച്ചാലെന്താ എന്ന ചിന്ത ഗൗരവമായി ഭാഷ കൈകാര്യം ചെയ്യുന്നവർക്കു നന്നല്ല. 'ആറു മലയാളിക്കു നൂറു മലയാളം' എന്ന ചൊല്ലുണ്ടായതിന്റെ പൊരുൾ ഇപ്പോൾ വ്യക്തമായിരിക്കുമല്ലോ. ഈ നൂറുമലയാളത്തിനും നൂറു സംസ്കാരം എന്നുകൂടി അറിഞ്ഞാലും. ഒരു ഗോത്രവർഗ്ഗസമൂഹത്തെ ആധുനികരാക്കാൻ വേണ്ടി അച്ചടിഭാഷ പഠിപ്പിക്കുകയും നഗരത്തിലേക്കു പറിച്ചുനടുകയും ചെയ്യുമ്പോൾ ഒരു സംസ്കാരം ഇല്ലാതാകുന്നു. അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തണം, പക്ഷേ ഭാഷയും സംസ്കാരവും സംരക്ഷിക്കപ്പെടണം.

(തുടരും)

**ഊരും പേരും – 12**



*ചരിത്രപ്രസിദ്ധമായ അമ്മച്ചിപ്ലാവ് ഒരു മുൻകാല ചിത്രം*
*നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമിക്ഷേത്രം*

# നെയ്യാറ്റിൻകര

■ **ഡോ. വിളക്കുടി രാജേന്ദ്രൻ**

തിരുവനന്തപുരം ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവും. നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം പ്രസിദ്ധം. ഈ ക്ഷേത്രമതിൽക്കകത്തുള്ള അമ്മച്ചിപ്ലാവിന് ചരിത്രപ്രാധാന്യം. തിരുവനന്തപുരത്തുനിന്നും 20 കിലോമീറ്റർ കിഴക്കാണ് സ്ഥാനം.

നെയ്യാറ്റിൻകരയിലുള്ള സ്ഥലം നെയ്യാറ്റിൻകരയാവുക സ്വാഭാവികം. ഈ പേരിന്റെ ഉത്ഭവത്തെപ്പറ്റി പല ഐതിഹ്യങ്ങളുമുണ്ട്. സഹ്യാദ്രിയിലെ അഗസ്ത്യകൂടത്തിൽ നിന്ന് ഉത്ഭവിച്ച് നെയ്യാറ്റിൻകര താലൂക്കിലൂടെ ഒഴുകി പൂവാറിന് സമീപത്തുവച്ച് സമുദ്രത്തിൽ ചേരുന്ന നദിയാണ് നെയ്യാർ. നീളം 56 കിലോമീറ്റർ.

അഗസ്ത്യകൂടത്തിൽ യാഗവേദിയിലായിരുന്ന അഗസ്ത്യമുനിയെ സന്ദർശിക്കാനായി വില്വമംഗലം സ്വാമിയാർ എത്തി. നെയ്യ് നിറച്ച കുംഭങ്ങൾ അവിടെ കുന്നുകൂടിക്കിടന്നിരുന്നു. അതിൽനിന്ന് വാർന്നൊഴുകിയ നെയ്യ് നെയ്യാറായി പ്രവഹിച്ചു. വെണ്ണ ചെറു ഉരുളകളാക്കി അഗസ്ത്യമുനി ഹോമകുണ്ഡത്തിലിടുന്നതും ഉണ്ണിക്കണ്ണൻ രണ്ടുകൈകൊണ്ടും ഈ ഉരുളകൾ സ്വീകരിക്കുന്നതും സ്വാമിയാർ കണ്ടു. അന്നരാത്രി വില്വമംഗലത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട കൃഷ്ണൻ തെക്കുദേശത്ത് ഒരു ഭക്ത നെയ്യാറിൽനിന്ന് കിട്ടിയ കൃഷ്ണശില വച്ചു പൂജിക്കുന്നുണ്ടെന്നും ആറ്റിൻകരയിൽ അതു പ്രതിഷ്ഠിക്കണമെന്നും ആവശ്യപ്പെട്ടു. ആ കൃഷ്ണശില സ്ഥാപിച്ച സ്ഥലമാണത്രെ നെയ്യാറ്റിൻകര.

കൃഷ്ണഭക്ത കൃഷ്ണശില പൂജിച്ചിരുന്ന കാലം. നാട്ടിൽ കടുത്ത വരൾച്ചയായി. അഭിഷേകത്തിന് ജലമോ നെയ്യോ ലഭിക്കാതെ വന്നു. വൃദ്ധയായ ആ ഭക്ത ഉള്ളുരുകി പ്രാർത്ഥിച്ചപ്പോൾ ആറ്റിലൂടെ യഥേഷ്ടം വെള്ളമൊഴുകിത്തുടങ്ങി. നെയ്യും ലഭിച്ചു. ഇതാണ് മറ്റൊരു ഐതിഹ്യം. ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ പൂജയ്ക്ക് മുൻപ് ബ്രഹ്മമുഹൂർത്തത്തിൽ പൂജാരി കുളിക്കാൻ ഇറങ്ങുമ്പോൾ കണ്ണന് ചാർത്താനാവശ്യമായ നെയ്യ് നദിയിലൂടെ ഒഴുകി എത്തിയിരുന്നുവെന്നും അതുകൊണ്ടാണ് നെയ്യാർ എന്ന പേരു വന്നതെന്നും കഥയുണ്ട്. ഭാഗവതത്തിൽ സൂചിപ്പിക്കുന്ന ഘൃതമാലാനദി നെയ്യാറാണെന്ന് വിശ്വസിക്കപ്പെടുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവ് ശത്രുക്കളിൽ നിന്ന് രക്ഷപ്പെട്ടത് ശ്രീകൃഷ്ണസ്വാമി ക്ഷേത്രമതിൽക്കകത്തെ അമ്മച്ചിപ്ലാവിലെ പൊത്തിൽ അഭയംതേടിയതുകൊണ്ടാണ്. ഒരു അജ്ഞാത ബാലനാണ് രാജാവിന് ഈ രക്ഷാമാർഗ്ഗം ഉപദേശിച്ചത്. സാക്ഷാൽ ഉണ്ണികൃഷ്ണനായിരുന്നു അതെന്ന് പ്രശ്നവിധിയിലൂടെ മനസ്സിലാക്കിയ മാർത്താണ്ഡവർമ്മ 1755-ൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം സ്ഥാപിച്ചു.

പ്രാചീനരേഖകളിൽ തെങ്ങുനാട് എന്നാണ് പരാമർശം (തെങ്ങുകളാൽ സമൃദ്ധമായ നാട്). തെക്കൻ നാട് എന്ന അർത്ഥത്തിൽ തെന്നാട് (തെങ്കനാട്) എന്ന് പറഞ്ഞിരുന്നു. അതു ക്രമേണ തെങ്ങുനാടായി. കാലാന്തരത്തിൽ തെങ്ങുനാട് അപ്രത്യക്ഷമാവുകയും നെയ്യാറ്റിൻകര നാട്ടുപേരാവുകയും ചെയ്തു.

ദേശീയ സ്വാതന്ത്ര്യ സമരകാലത്ത് 1938 ആഗസ്റ്റ് 31-ന് നെയ്യാറ്റിൻകരയിൽ നടന്ന വെടിവയ്പിൽ ഏഴുപേർ രക്തസാക്ഷികളാവുകയും അനേകം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെയും രാജാ കേശവദാസന്റെയും ജന്മസ്ഥലമാണ് നെയ്യാറ്റിൻകര.

□





# പാവം "ചുമടുതാങ്ങി"

■ മുരളീധരൻ തഴക്കര

ചുമടുതാങ്ങിയും വഴിയമ്പലങ്ങളും വഴിക്കിണറുകളും ആൽത്തറകളും മറ്റും പോയ കാല കേരളത്തിന്റെ നന്മനിറഞ്ഞ നേർക്കാഴ്ചകളായിരുന്നു. മാത്രമല്ല ഇവയൊക്കെയും ഉപയോഗങ്ങളേറെയുള്ള ആവശ്യാധിഷ്ഠിത സംവിധാനങ്ങളുമായിരുന്നു. കേരളവും അമേരിക്കയും തമ്മിലുള്ള ദൂരം വളരെ കുറയുകയും, ചന്ദ്രനിലും ചൊവ്വയിലും ഫ്ളാറ്റ് സമുച്ചയങ്ങൾ പണിയാനുള്ള സാദ്ധ്യത ആരായുകയും ചെയ്യുന്ന ഈ പുതിയ കാലത്ത് നാലുംകൂടുന്ന കവലയിൽ ഒരു 'ചുമടുതാങ്ങി'യുണ്ടായിരുന്നുവെന്ന് പുതിയ തലമുറയിലെ കുട്ടികളോടു പറഞ്ഞാൽ ഒരു അമ്മൂമ്മക്കഥയാണെന്നേ അവർക്ക് തോന്നുകയുള്ളൂ! നമ്മുടെ ദൈനംദിന ജീവിതം സൂപ്പർസോണിക്ക് വേഗതയിൽ പാഞ്ഞുപോകുന്ന ഈ കാലത്ത് നാലും കൂടിയ കവലയും, ചുമടിറക്കിവെയ്ക്കാനുള്ള ചുമടുതാങ്ങിയും, ഒന്നിളവേൽക്കാനുള്ള മനസ്സും സർവ്വോപരി ഇതിനെല്ലാമുള്ള സമയവും എവിടെ? എങ്കിലും ഇന്നും മനസ്സിൽ ബാക്കി നിൽക്കുന്ന ചില 'ചുമടുതാങ്ങി'ചിന്തകൾ വായനക്കാരുമായി പങ്കുവെയ്ക്കട്ടെ.

'പാവം ചുമടുതാങ്ങി' യെന്ന് നമ്മൾ സംസാരമദ്ധ്യേ പലപ്പോഴും പ്രയോഗിക്കാറുണ്ട്. എല്ലാ ഭാരങ്ങളും സ്വയം ഏറ്റെടുക്കുന്ന ആവശ്യത്തിലധികം ഉത്തരവാദിത്തങ്ങൾ ചുമലിലേറ്റുന്നവരെക്കുറിച്ചാണ് ഇപ്രകാരം പറയുന്നത്. എന്ത് ഭാരം വേണമെങ്കിലും പരസഹായം കൂടാതെ ഇറക്കിവെയ്ക്കാവുന്ന ചുമടുതാങ്ങി പോയകാല ജീവിതത്തിന്റെ പരിച്ഛേദമാണ്. പ്രത്യേകിച്ച് കൃഷി മുഖ്യജീവനോപാധിയായിരുന്ന കാലഘട്ടത്തിന്റെ തിരുശേഷിപ്പായി ഇന്നും വളരെ അപൂർവ്വമായെങ്കിലും ചുമടുതാങ്ങികൾ അങ്ങിങ്ങായി കാണാവുന്നതാണ്. ഗതാഗതസംവിധാനങ്ങൾ നന്നേ പരിമിതമായിരുന്ന അക്കാലത്ത് യാത്രകളേറെയും കാൽനടയായിതന്നെയായിരുന്നു. തന്നെയുമല്ല ആവശ്യമായ സാധനങ്ങളെന്തായിരുന്നാലും- അത് വിത്താകട്ടെ വളമാകട്ടെ വിളവെടുത്ത പച്ചക്കറികളാകട്ടെ നെല്ലും നാളീ കേരവും തുടങ്ങി എന്തായിരുന്നാലും അതൊ ക്കെയും തലച്ചുമടായി കൊണ്ടുപോകുക എന്നതായിരുന്നു സാർവ്വത്രികമായ ഒരു രീതി.

ചില സമ്പന്ന തറവാടുകളിൽ മാത്രം യാത്രയ്ക്കായി വില്ലുവണ്ടിയും ചരക്കുകൾ കൊണ്ടുപോകുന്നതിനായി കാളവണ്ടിയും ഉന്തുവണ്ടി അഥവാ കൈവണ്ടിയും ഉണ്ടാകുമായിരുന്നു. കൃഷിയാവശ്യത്തിനുള്ള വിത്തും വളവും വിളവെടുത്തുകിട്ടുന്ന കാർഷികോൽപന്നങ്ങളും മറ്റും അരക്കുട്ടയിലും മുപ്പരക്കുട്ടയിലുമാക്കി തലയിലേറ്റി ചുമന്നുകൊണ്ടുപോകുക എന്നതു മാത്രമായിരുന്നു കരണീയം. ഇങ്ങനെ ഭാരവും തലയിലേറ്റി മൈലുകളോളം സഞ്ചരിക്കുമ്പോൾ വല്ലാതെ ശാരീരിക ക്ഷീണമുണ്ടാകുക സ്വാഭാവികം. ഇതാ ഇവിടെയാണ് ചുമടുതാങ്ങി അത്താണിയായി മാറുന്നത്. ക്ഷീണാവസ്ഥയിൽ തലയിലെ ഭാരം ഒന്നിറക്കിവെയ്ക്കാനുള്ള

## ...എന്ന് വായനക്കാർ

### സ്ത്രീസുരക്ഷ പ്രധാനം

ജെന്റർ ഗ്യാപ്പ് ഇൻഡക്സിൽ ഇന്ത്യ ലോകരാജ്യങ്ങൾക്കിടയിൽ 140-ാം സ്ഥാനത്ത് നിൽക്കുമ്പോൾ നമ്മുടെ സംസ്ഥാനം ലിംഗസമത്വത്തിൽ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. അപ്രകാരമുള്ള മുന്നേറ്റത്തിന്റെ മികച്ച ഉദാഹരണമാണ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൊണ്ടുവന്ന 50% സ്ത്രീ സംവരണം. നീതിആയോഗിന്റെ കണക്കനുസരിച്ച് ലിംഗസമത്വത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനം കൈവരിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ഈ നേട്ടത്തിനിടയിലും നമ്മുടെ സംസ്ഥാനത്തും സ്ത്രീപീഡനങ്ങളും സ്ത്രീധനപീഡനങ്ങളും സ്ത്രീധനത്തിന്റെ പേരിലുള്ള മരണങ്ങളും ഉണ്ടാകുന്നുവെന്നത് ശ്രദ്ധിക്കേണ്ട കാര്യമാണ്. അധികാരവികേന്ദ്രീകരണത്തിലും പ്രാദേശിക അധികാര പങ്കാളിത്തത്തിലും സ്ത്രീക്ക് നൽകിയ തുല്യതയിലും മാതൃകയായി മാറിയ കേരളം സ്ത്രീസുരക്ഷയിലും സ്ത്രീശാക്തീകരണത്തിലും കൂടി മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകേണ്ടതുണ്ട്. സ്ത്രീക്ക് സ്വത്വവും സ്വതന്ത്രമായ നിലനിൽപ്പുണ്ടാവണം. ഈ പുതിയ കാലത്തുപോലും സ്ത്രീധനത്തിന്റെ പേരിൽ പെൺകുട്ടികൾ ആത്മഹത്യയിലേക്ക് നയിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാഴ്ച നമ്മൾ കാണുന്നു. പ്രതിസ്ഥാനത്ത് വിദ്യാഭ്യാസമുള്ള യുവാക്കളാണ് എന്നതും പ്രത്യേകം ശ്രദ്ധിക്കണം. ഈ വ്യവസ്ഥിതി മാറണം. 'ജെന്റർ ഗ്യാപ്പ് ഇൻഡക്സ് അന്തരം വളരുന്ന ഇന്ത്യ' എന്ന പഞ്ചായത്ത് രാജ് മാസികയുടെ ഏപ്രിൽ ലക്കത്തിലെ ലേഖനം ശ്രദ്ധേയമായി. ഇത്തരത്തിലുള്ള ലേഖനങ്ങൾ വരും ലക്കങ്ങളിലും ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം.

**ദീപ,**
**തിരുവനന്തപുരം**

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ലളിതമായ സംവിധാനമായിരുന്നു ചുമടുതാങ്ങി. യാത്രാക്ഷീണത്താൽ ഒന്നിളവേൽക്കാൻ ആഗ്രഹിക്കുന്ന വഴിയാത്രക്കാർക്കായി ചുമടുതാങ്ങിയുടെ സമീപത്തായിത്തന്നെ കളിത്തട്ടുകളുമുണ്ടാകുമായിരുന്നു. ഇപ്പോൾ നഗരമദ്ധ്യത്തിലുള്ള കെ.ടി.ഡി.സി മോട്ടൽ ആരാമുകളുടെ പ്രാക്തനരൂപമാണ് യഥാർത്ഥത്തിൽ പഴയ കളിത്തട്ടുകൾ-വഴിയോര വിശ്രമകേന്ദ്രങ്ങൾ.

സിമന്റോ, കമ്പിയോ, മെറ്റലോ കോൺക്രീറ്റോ ഇല്ലാതെ നിർമ്മിച്ചിരുന്ന ചുമടുതാങ്ങി പ്രായോഗിക സാങ്കേതികവിദ്യയുടെ ഉത്തമ സാക്ഷ്യമാണ്. വളരെ ചെലവു കുറഞ്ഞ അനായാസേന തയ്യാറാക്കാവുന്ന ലഘുവായ സംവിധാനം. സാമാന്യം ഘനമുള്ള ദീർഘചതുരാകൃതിയിലുള്ള രണ്ട് കരിങ്കൽ ശിലാപാളികൾ ലംബമായി നാലുനാലരയടി പൊക്കത്തിൽ മണ്ണിൽ ബലമായി ഉറപ്പിക്കുന്നു. അതിന്മേൽ അൽപ്പം വീതികൂടിയ മറ്റൊരു കരിങ്കൽ ശിലാപാളി തിരശ്ചീനമായി കിടത്തിവെയ്ക്കുന്നു. ഇത്രയുമായാൽ ചുമടുതാങ്ങി റെഡി! തലയിലേറ്റി ചുമന്നുകൊണ്ടുവരുന്ന എന്ത് സാധനവും പരസഹായം കൂടാതെ ചുമടുതാങ്ങിമേൽ ഇറക്കിവെയ്ക്കാം, ക്ഷീണം മാറുമ്പോൾ സ്വന്തമായിതന്നെ ചുമട് തലയിലേറ്റി വീണ്ടും യാത്ര തുടരുകയും ചെയ്യാം. ചില പ്രദേശങ്ങളിൽ പ്രധാന കുടുംബങ്ങളുടെ നാമധേയത്തിൽ ഇങ്ങനെ ചുമടുതാങ്ങികൾ സ്ഥാപിച്ചിരുന്നു. ചുമടുതാങ്ങിയിൽ ഈ കുടുംബത്തിന്റെ പേരും കൊത്തിവെയ്ക്കുമായിരുന്നു.

ഇന്നിതൊക്കെയും പഴങ്കഥ മാത്രം! നിരത്തുകൾ വാഹനങ്ങളാൽ വീർപ്പുമുട്ടുന്ന ഈ കാലത്ത് കാൽനടയാത്ര നടത്തുന്നതിനെക്കുറിച്ച് ചിന്തിക്കുക തന്നെ സാധ്യമല്ല, ജീവിതാവശ്യത്തിനായി മൈലുകളോളം യാത്ര ചെയ്തിരുന്ന നാം ഇപ്പോൾ ആയുരാരോഗ്യത്തിനായിട്ട് മാത്രം നടക്കുന്നവരായിമാറിയിരിക്കുന്നു. അവശ്യനടപ്പിൽ നിന്ന് ആരോഗ്യനടപ്പിലേക്കു നാം പൂർണ്ണമായും മാറി കഴിഞ്ഞു. തലയിൽ ഭാരം പേറി നാലുചുവട് നടക്കുവാൻ ഇന്ന് ആരാണ് തയ്യാറാകുക? അങ്ങനെ ഒന്ന് സങ്കൽപ്പിക്കുക തന്നെ സാധ്യമല്ല, അതാണവസ്ഥ.



ഒരു മുറിയിൽ നിന്ന് തൊട്ടടുത്തമുറിയിലേക്ക് പോകുവാൻ ആട്ടോറിക്ഷ വിളിക്കുന്ന മനോഭാവത്തിലേക്ക് മലയാളി മാറിയിരിക്കുന്നു. മിക്കവാറും എല്ലാ വീട്ടിലും രണ്ടും മൂന്നും വാഹനങ്ങൾ എന്നത് കേരളത്തിന്റെ സാർവ്വത്രികരീതിയായി കഴിഞ്ഞു. നിരത്തു നിറഞ്ഞ് വാഹനങ്ങൾ പായുന്ന ഇക്കാലത്ത് ചുമടിറക്കി വെയ്ക്കാൻ നിരത്തുവക്കിൽ ചുമടുതാങ്ങി എന്തിന്? കരിങ്കല്ലിന്മേൽ കരിങ്കൽ പാളി കയറ്റി വെച്ചിരിക്കുന്നതു കണ്ട് ഒരുപക്ഷേ ഇപ്പോഴത്തെ കുട്ടികൾ ചോദിച്ചേക്കാം- നോക്കുകുത്തിപോലെ ഈ കല്ലിന്മേൽ കല്ല് എന്തിനാണാവോ? തലച്ചുമടുമായി നടന്നു നടന്ന് കിതച്ച് ക്ഷീണിച്ചവശരായി വന്ന എത്രയോപേർക്ക് അത്താണിയായ കരിങ്കല്ലാണ് ഇതെന്ന് പുതിയ തലമുറയിലെ കുഞ്ഞുങ്ങൾ അറിയുന്നുണ്ടോ? വഴിയോരത്ത് എവിടെയെങ്കിലും ഇന്നും യാത്രയ്ക്ക് മാർഗ്ഗതടസ്സമാകാതെ 'ചുമടുതാങ്ങികൾ' നിലനിൽക്കുന്നുവെങ്കിൽ അത് നാശോന്മുഖമാകാതെ സംരക്ഷിക്കാം! ഒരു കാലത്ത് ജീവിതത്തിന് അത്താണിയായിരുന്ന ഈ ആവശ്യാധിഷ്ഠിത സംവിധാനം ഒരു ഭൂതകാല നന്മയുടെ തിരുശേഷിപ്പായി അവശേഷിക്കട്ടെ- നിലനിൽക്കട്ടെ!




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |


# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) July 2021
Annual Subscription ₹120, Published on 20 July 2021

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by M.P.Ajithkumar, Director i/c, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P.Ajithkumar, Director i/c